


**എൽ.എഫ്.കെ.പി8/493/12** **തീയതി : 16.6.12**

# വൈക്കം

## നഗരസഭയുടെ
## ഓഡിറ്റ് റിപ്പോർട്ട്

# 2010-11

(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 298 (4)-ാം വകുപ്പ് 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ് , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

| | | |
|---|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | : | ശ്രീ. കെ.വി.അനിൽകുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

വൈക്കം നഗരസഭയുടെ 2010-11 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

നഗരസഭ 6.3.11 മുതൽ 28.2.12 വരെ വിവിധ ഇനങ്ങളിലായി രസീത് പ്രകാരം നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം |
|---|---|---|
| 1.3.12 മുതൽ 3.3.12 വരെ | | ശ്രീ. എസ്. ഷൈജു - ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീമതി ഡി. സുലത<br>ശ്രീ. സി.ആർ.രതീഷ്<br>ശ്രീ. പി.വി.സുമേഷ്<br>ശ്രീ.എം.ആർ.രേണുകുമാർ<br>ശ്രീ.എം.രഞ്ജിത്ത്<br>ശ്രീ. സി. ഉണ്ണികൃഷ്ണൻ |
| 16.4.12 മുതൽ 28.4.12 വരെ | 2010-11 വാർഷികം | ശ്രീ. വർഗീസ് ജോസഫ് - ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീ. മാത്യു ജേക്കബ്- ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ആർ.മായ<br>ശ്രീ. എം. രാജേഷ്- ഓഡിറ്റർമാർ |

## നിർവഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | : | 1. ശ്രീ. ഡി. രഞ്ജിത്ത്കുമാർ (1.4.10 മുതൽ 30.9.10 വരെ)<br>2. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി (1.10.10 മുതൽ 7.11.10 വരെ) ശ്രീ. എൻ. സന്തോഷ്കുമാർ, സെക്രട്ടറി, ശ്രീ. എ.എൻ. നാരായണൻ നമ്പൂതിരി, മുനിസിപ്പൽ എൻജിനിയർ, ശ്രീമതി ഷീല, (സി.ഡി.പി.ഒ.)<br>3. ശ്രീമതി ശ്രീലതാ ബാലചന്ദ്രൻ (8.11.10 മുതൽ 31.3.11 വരെ) |
| സെക്രട്ടറി | : | 1. ശ്രീ. എൻ. സന്തോഷ്കുമാർ (1.4.10 മുതൽ 22.12.10 വരെ)<br>2. ശ്രീമതി വി.ആർ. രത്നമയീദേവി (23.12.10 മുതൽ 31.3.11 വരെ) |

## റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ വിവരിക്കുന്ന ഭാഗങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

Local Fund Audit Department

**ഭാഗം 1:- പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും

**ഭാഗം 2:- വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീത് പരിശോധനയിലും ചെലവു കണക്കുകളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3:- ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ

**ഭാഗം 4:- ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

പഞ്ചായത്തിന്റെ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ, ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

## അനുബന്ധം

1. വാർഡ് സഭകളുടെ പ്രവർത്തനം
2. കന്നുകുട്ടി പരിപാലനം : ഗുണഭോക്താക്കൾ
3. അങ്കണവാടികളിലെ ഭൗതികസാഹചര്യങ്ങൾ
4. ബാലൻസ് ഷീറ്റ്
5. ഓഡിറ്റ് സാക്ഷ്യപത്രം

## പൊതുവിവരങ്ങൾ

| | |
|---|---|
| വിസ്തീർണം | 8.73 ച.കി.മീ. |
| ജനസംഖ്യ : പുരുഷൻമാർ | 10955 |
| സ്ത്രീകൾ | 11682 |
| ആകെ | 22637 |
| പട്ടികജാതി | 1732 |
| പട്ടികവർഗം | 25 |
| വാർഡുകൾ | 23 |
| തൊഴിൽമേഖല | സേവനമേഖല, കയർ, മത്സ്യബന്ധനം |
| പ്രധാന വ്യവസായസ്ഥാപനങ്ങൾ | ഇല്ല |
| നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ/നഗരസഭയുടെ ഉടമസ്ഥതയിലുള്ള പ്രധാന സ്ഥാപനങ്ങൾ | 1. വൈക്കം താലൂക്ക് ആശുപത്രി<br>2. വൈക്കം സത്യാഗ്രഹമെമ്മോറിയം<br>3. പിൽഗ്രിം സെന്റർ<br>4. റെസ്റ്റ്ഹൗസ് കം ഷോപ്പിങ് കോംപ്ലക്സ്<br>5. ബസ്സ്റ്റാൻഡ് ഷോപ്പിങ് കോംപ്ലക്സ്<br>6. ദളവാക്കുളം ബസ് ടെർമിനൽ<br>7. പ്രീ മെട്രിക്ക് ഹോസ്റ്റൽ |

Local Fund Audit Department

# ഭാഗം – 1

# പൊതുഅവലോകനം

Local Fund Audit Department

## 1.1) <u>ബജറ്റ്</u>

വൈക്കം നഗരസഭയുടെ 2010-11 വർഷത്തെ ബജറ്റ് 26.3.10 ന് കൂടിയ കൗൺസിൽ യോഗം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് 63271928 രൂപയും ആകെ ചെലവ് 62353235 രൂപയുമാണ്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 285 പ്രകാരം സർക്കാർ അതതുസമയം പുറപ്പെടുവിക്കുന്ന നിർദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി വികസനപദ്ധതി ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി **ജനുവരി 15 നു മുമ്പ്** ബന്ധപ്പെട്ട സ്റ്റാൻഡിങ് കമ്മിറ്റികൾക്ക് സമർപ്പിക്കേണ്ടതും വകുപ്പ് 286 പ്രകാരം സ്റ്റാൻഡിങ് കമ്മിറ്റികൾ സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും നൽകിയ എസ്റ്റിമേറ്റും നിർദേശങ്ങളും പരിഗണിച്ച് അവയുടെ നിർദേശം ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റികൾക്ക് സമർപ്പിച്ച് അതിന്റെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കേണ്ടതുമാണ്. വകുപ്പ് 287 പ്രകാരം ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ **മാർച്ച് ആദ്യവാരം കഴിയുന്നതിന് മുമ്പ്** കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്.

Local Fund Audit Department

എന്നാൽ വൈക്കം നഗരസഭയിൽ ഈ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ സയമക്ലിപ്തത പാലിച്ചിട്ടില്ല. സ്റ്റാൻഡിങ് കമ്മിറ്റികളുടെ മിനിറ്റ്സ് ബുക്കുകൾ പ്രകാരം സെക്രട്ടറി ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചതായോ സ്റ്റാൻഡിങ് കമ്മിറ്റികൾ നിർദേശങ്ങൾ ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റികൾക്ക് സമർപ്പിച്ചതായോ കാണുന്നില്ല. 26.3.10 ൽ ബജറ്റ് കൗൺസിൽ യോഗത്തിൽ പാസ്സാക്കിയതായി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. നിയമപ്രകാരമുള്ള നടപടിക്രമങ്ങളും സമയപരിധികളും പാലിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

പാസ്സാക്കിയ ബജറ്റിന്റെ പകർപ്പ് ഉടനെ ഓഡിറ്റർക്ക് നൽകണമെന്ന നിയമനിബന്ധന പാലിച്ചിട്ടില്ല. (വകുപ്പ് 289 കാണുക.)

ബജറ്റും വാർഷികപദ്ധതിയുമായി സംയോജിപ്പിക്കുന്നതിന്റെ ഭാഗമായി ബജറ്റ് ചർച്ചയുടെ ഭാഗമായി വാർഷികപദ്ധതി നിർദേശങ്ങളെ സംബന്ധിച്ചും സജീവമായ ചർച്ച നടത്തണമെന്ന നിർദേശം പാലിച്ചിട്ടില്ല. (തദ്ദേശസ്വയംഭരണവകുപ്പിന്റെ 3.1.11 ലെ സർക്കുലർ നമ്പർ 821/എഫ്.എം.3/11 കാണുക.)

## 1.2) <u>അനിവാര്യചുമതലകളും പൊതുചുമതലകളും നിറവേറ്റുന്നതിൽ പോരായ്മകൾ</u>

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 30 (പട്ടിക 1) പ്രകാരം നഗരസഭയുടെ അനിവാര്യ/ പൊതുചുമതലകൾ നിറവേറ്റുന്നതിൽ വന്ന പോരായ്മകളെ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെച്ചേർക്കുന്നു.

## 1.2.1) അനിവാര്യചുമതലകൾ

പരമ്പരാഗത കുടിവെള്ളസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുവേണ്ടി നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. പൊതുമാർക്കറ്റുകൾ സ്ഥാപിച്ച് പരിപാലിക്കാനോ മൃഗങ്ങളുടെ കശാപ്പ് നിയന്ത്രിക്കാനോ (സർക്കുലർ നമ്പർ 6899/ആർ.എ.3/തസ്വഭവ/21.4.09 പ്രകാരം) ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കാനോ വാഹനപ്പാർക്കിങ് സ്ഥാപനങ്ങൾ ഏർപ്പെടുത്താനോ യാത്രക്കാർക്കായി വെയ്റ്റിങ് ഷെഡുകൾ സ്ഥാപിക്കാനോ ശ്രമിച്ചിട്ടില്ല. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകാനോ അലഞ്ഞുനടക്കുന്ന നായ്ക്കളെ നശിപ്പിക്കാനോ കാര്യമായ ശ്രമങ്ങൾ ഉണ്ടായിട്ടില്ല. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് വേണ്ടിയുള്ള സുപ്രീംകോടതി നിർദേശങ്ങൾ (സർക്കുലർ നമ്പർ 21992/ആർ.സി.3/09/തസ്വഭവ/8.5.09) പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1.2.2) പൊതുചുമതലകൾ

സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും കാലാനുസൃതമാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓരോ മേഖലയെ സംബന്ധിച്ചും അനിവാര്യമായ പ്രോജക്ടുകൾ തയ്യാറാക്കാനുള്ള ശ്രമം നടന്നിട്ടില്ല. സ്വാശ്രയപ്രവർത്തകരെ കൂട്ടായ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനും വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്താനും സാമുദായിക ഐക്യം മെച്ചപ്പെടുത്താനും സഹകരണമേഖല വികസിപ്പിക്കാനും ശ്രദ്ധിച്ചിട്ടില്ല.

മദ്യപാനം, മയക്കുമരുന്ന്, സ്ത്രീധനം, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള പീഡനം , സാമ്പത്തിക കുറ്റങ്ങൾ എന്നിവയ്ക്കെതിരെയും മിതവ്യയം, പരിസ്ഥിതി സംരക്ഷണം, ദുർബലവിഭാഗങ്ങൾക്കിടയിലെ നിയമാവബോധം, പൗരധർമം എന്നിവയെ മുൻനിർത്തിയും പ്രചാരണപരിപാടികളും ബോധവത്കരണവും നടത്താൻ മുൻകൈയെടുത്തതായി കാണുന്നില്ല.

വികസനാവശ്യങ്ങൾക്ക് ഭൂമി സൗജന്യമായി ലഭ്യമാക്കുന്നതുൾപ്പെടെ പണമായോ വസ്തുക്കളായോ പ്രാദേശികമായി വിഭവസമാഹരണം നടത്തുന്നതിലും വിജയിക്കാനായിട്ടില്ല.

## 1.3) സ്റ്റാൻഡിങ് കമ്മിറ്റികളുടെ പ്രവർത്തനം

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 22 പ്രകാരം സ്റ്റാൻഡിങ് കമ്മിറ്റികൾ നിറവേറ്റേണ്ടതും ബന്ധപ്പെട്ട മിനിറ്റ്സ് ബുക്കുകൾ പ്രകാരം നിറവേറ്റാത്തതുമായ ചുമതലകളെ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

**1) ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റി**

ബജറ്റിൽ വകയിരുത്തിയ തുകയ്ക്ക് വിധേയമായിട്ടാണോ ചെലവ് നടത്തുന്നതെന്നും വിഭാവനം ചെയ്ത വരവ് ലഭിക്കുന്നുണ്ടോ എന്നും ആനുകാലികമായി

Local Fund Audit Department

നിരീക്ഷിക്കുന്നില്ല. അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യണമെന്ന നിയമവ്യവസ്ഥ പാലിക്കുന്നില്ല. (ഖണ്ഡിക 2.1 കൂടി കാണുക.)

**2) വികസനസ്റ്റാൻഡിങ് കമ്മിറ്റി**

വാർഷികപദ്ധതി യഥാസമയം തയ്യാറാക്കുന്നതിലും അംഗീകാരം വാങ്ങുന്നതിലും മോണിട്ടറിങ് നടത്തുന്നതിലും വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല. പദ്ധതിയിൽ വിഭാവനം ചെയ്ത വായ്പ സമാഹരിക്കുന്നതിന് ശ്രമിച്ചിട്ടില്ല. പദ്ധതി രൂപീകരണമാർഗരേഖയും സബ്സിഡി മാനദണ്ഡങ്ങളും കൃത്യമായി പാലിച്ചുകൊണ്ട് പദ്ധതി രൂപീകരിക്കാനും നിർവഹിക്കാനും ശ്രദ്ധിക്കേണ്ടതാണ്. (വിശദാംശങ്ങൾക്ക് ഭാഗം 3 ലെ പ്രസക്ത ഖണ്ഡികകൾ കാണുക.)

**3) ക്ഷേമകാര്യസ്റ്റാൻഡിങ് കമ്മിറ്റി**

സാമൂഹ്യസുരക്ഷാസഹായങ്ങളുടെ വിവരങ്ങൾ ജനങ്ങളെ അറിയിക്കാനും അപേക്ഷകൾ നിശ്ചിതസമയപരിധിക്കകം അന്വേഷിച്ച് തീർപ്പാക്കാനും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. (ഖണ്ഡിക 3.9 കാണുക.) പൊതുവിതരണസമ്പ്രദായം കുറ്റവിമുക്തമാക്കുന്നതിന്റെ ഭാഗമായി ന്യായവിലക്കടകളിൽ അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര തുടങ്ങിയവയുടെ വിതരണം ചെയർപേഴ്സൺ, സെക്രട്ടറി, ഒരു കൗൺസിലർ, എ.ഡി.എസ്. മെമ്പർ, ഷോപ്പ് ലൈസൻസി എന്നിവരടങ്ങുന്ന സമിതി എല്ലാ മാസവും പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകാൻ മുൻകൈയെടുക്കേണ്ടതാണ്. (ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പിന്റെ ജി.ഒ.(ആർ.ടി.) 286/08 /22.7.08 കാണുക.)

**4) ആരോഗ്യസ്റ്റാൻഡിങ് കമ്മിറ്റി**

കൈമാറിക്കിട്ടിയ ആരോഗ്യസ്ഥാപനങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്താനും (സർക്കുലർ നമ്പർ 22725/ഡി.ബി2/09/തസ്വഭവ/22.5.09 പ്രകാരം) ഖരമാലിന്യപരിപാലനം കുറ്റമറ്റതാക്കാനും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഇരുപത് സീറ്റുകളിൽ കൂടുതലുള്ള റെസ്റ്റോറന്റുകളിലും ഹോട്ടലുകളിലും ടോയ്‌ലറ്റ് നിർബന്ധമാക്കേണ്ടതും ഈ നിബന്ധന പാലിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രം ലൈസൻസുകൾ നൽകാൻ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. (സർക്കുലർ നമ്പർ 49683/ഡി.സി2/09/തസ്വഭവ/28.8.09 പ്രകാരം) ചപ്പുചവറില്ലാതെ പൊതുനിരത്തുകൾ പാലിക്കുന്നതിനുള്ള നിർദേശങ്ങൾ (സർക്കുലർ നമ്പർ 24072/ഡി.ഡി.11/09/തസ്വഭവ/30.6.09) നടപ്പാക്കേണ്ടതാണ്. നിരോധിച്ച പ്ലാസ്റ്റിക്കിന്റെ ഉപയോഗം തടയേണ്ടതാണ്.(സർക്കുലർ നമ്പർ 61873/ഡി.ഡി.11/തസ്വഭവ/24.10.09 പ്രകാരം)

**5) മരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി**

മരാമത്ത് പണികൾ 1997 ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത്) ചട്ടങ്ങൾ പ്രകാരം നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ആസ്തി രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കാൻ സത്വരനടപടികൾ കൈക്കൊള്ളേണ്ടതാണ്. അനധികൃത കെട്ടിടനിർമാണം തടയാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

Local Fund Audit Department

(ജി.ഒ.(എം.എസ്.)154/09/തസ്വഭവ/4.8.09,ജി.ഒ.(ആർ.ടി.)2229/09/തസ്വഭവ/27.8.09, സർക്കുലർ നമ്പർ 18901/ആർ.എ.3/09/തസ്വഭവ/8.7.09 തുടങ്ങിയവ പ്രകാരം)

**6) വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി**

കൈമാറിയ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്താനും വിദ്യാഭ്യാസനിലവാരം ഉയർത്താനും ഉചിതമായ നടപടികൾ സ്വീകരിക്കാൻ ശ്രമിക്കേണ്ടതാണ്.

**7) തീരുമാനങ്ങൾ കൗൺസിലിൽ വയ്ക്കുന്നില്ല**

സ്റ്റാൻഡിങ് കമ്മിറ്റി യോഗതീരുമാനങ്ങൾ സെക്രട്ടറി തൊട്ടടുത്ത കൗൺസിൽ യോഗത്തിൽ അവതരിപ്പിക്കണമെന്ന ചട്ടം പാലിക്കുന്നില്ല. (2000 ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാൻഡിങ് കമ്മിറ്റി) ചട്ടങ്ങളിലെ ചട്ടം 16(13) കാണുക.

## 1.4) <u>യോഗങ്ങൾ</u>

1995 ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗനടപടിക്രമം) ചട്ടങ്ങൾ പാലിക്കുന്നതിലെ പോരായ്മകൾ താഴെ പറയുന്നു.

i. അജണ്ടയിൽ ഉൾപ്പെടുത്തിയ ഏതു വിഷയത്തെ സംബന്ധിച്ചുമുള്ള അഭിപ്രായം ചെയർപേഴ്സണും സെക്രട്ടറിയും കുറിപ്പായി രേഖപ്പെടുത്തുകയോ അത്തരം കുറിപ്പുകൾ യോഗത്തിനുമുമ്പോ കൗൺസിൽ യോഗത്തിലോ നൽകുകയോ ചെയ്യുന്നില്ല. (ചട്ടം 6.3)

ii. ഒരു കൗൺസിൽ യോഗത്തിൽ പോലും പൊതുജനങ്ങൾക്കും പത്രലേഖകർക്കും സന്ദർശകരായി പ്രവേശനം നൽകിയതായി കാണുന്നില്ല. (ചട്ടം 9)

iii. യോഗത്തിന്റെ മിനിറ്റ്സ് നിശ്ചിതസമയപരിധിക്കകം തയ്യാറാക്കുന്നതായോ കോപ്പി കൗൺസിലർമാർക്ക് നൽകുന്നതായോ കാണുന്നില്ല. (ചട്ടം 14)

Local Fund Audit Department

## 1.5) <u>വാർഡ് സഭകളുടെ പ്രവർത്തനം</u>

2010-11 ൽ ചേർന്ന വാർഡ് സഭായോഗങ്ങളുടെ മിനിറ്റ്സ് ബുക്കുകളും അനുബന്ധരേഖകളും പരിശോധിച്ചതിൽനിന്ന് കണ്ടെത്തിയ നിയമ/ചട്ടലംഘനങ്ങളും സർക്കാർ നിർദേശങ്ങൾ പാലിക്കാതിരിക്കലും സംബന്ധിച്ച നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

I. മൂന്നു മാസത്തിലൊരിക്കൽ വാർഡ് സഭകൾ നിർബന്ധമായും ചേർന്ന് വികസന/ക്ഷേമപ്രവർത്തനങ്ങൾ വിലയിരുത്തുകയും വാർഡ് സഭകളിൽനിന്നുള്ള നിർദേശങ്ങൾ കൗൺസിൽ പരിഗിച്ച് പദ്ധതി പ്രവർത്തനം ചിട്ടപ്പെടുത്തുകയും ചെയ്യണമെന്ന് മുനിസിപ്പാലിറ്റി നിയമം അനുശാസിക്കുന്നുണ്ട്. (വകുപ്പ് 42 എ കാണുക) ഇങ്ങനെ മൂന്നു മാസത്തിലൊരിക്കൽ യോഗം ചേരുന്നതിൽ തുടർച്ചയായി രണ്ടു തവണ വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ട കൗൺസിലർക്ക് അയോഗ്യത വരുന്നതാണ്. (വകുപ്പ് 91 ഒ കാണുക.) ഈ നഗരസഭയിൽ മൂന്നു മാസത്തിലൊരിക്കൽ വാർഡ്സഭാ യോഗം ചേരുന്നതിൽ രണ്ടു

തവണ വീഴ്ച വന്നതായും സെക്രട്ടറി ഇക്കാര്യം തിരഞ്ഞെടുപ്പുകമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്താതിരുന്നതായും കാണുന്നു. (വകുപ്പ് 92 (1) കാണുക.) വിശദവിവരങ്ങൾ അനുബന്ധം I - ൽ ചേർത്തിട്ടുണ്ട്. ഈ വിഷയത്തിലേക്ക് കൗൺസിലർമാരുടെയും സെക്രട്ടറിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

II. വാർഡ് സഭാംഗങ്ങളുടെ പത്തു ശതമാനമാണ് കോറം (വകുപ്പ് 42 (എ) 5). കോറം തികയാതെ യോഗം ചേരുന്നതും തീരുമാനങ്ങളെടുക്കുന്നതും നിയമവിരുദ്ധമാണ്. കോറം തികയാതെ ചേർന്ന യോഗങ്ങളുടെ വിവരം അനുബന്ധം ഒന്നിൽ ചേർത്തിട്ടുണ്ട്.

III. തിരഞ്ഞെടുത്ത ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ വഴിയും രാഷ്ട്രീയപാർട്ടികൾ, ട്രേഡ് യൂണിയനുകൾ , സന്നദ്ധസംഘടനകൾ, വായനശാലകൾ, യൂത്ത് ക്ലബുകൾ, മതസംഘടനകൾ, അയൽക്കൂട്ടങ്ങൾ എന്നിവ മുഖേനയും പൊതുസ്ഥലങ്ങൾ, സർക്കാർ ഓഫീസുകൾ, വിദ്യാലയങ്ങൾ, മാർക്കറ്റുകൾ, റേഷൻ കടകൾ, അങ്കണവാടികൾ , പ്രത്യേക നോട്ടീസ് ബോർഡുകൾ എന്നിവയിൽ പ്രസിദ്ധീകരിച്ച നോട്ടീസുകൾ വഴിയും വാർഡ് സഭായോഗങ്ങൾക്ക് വ്യാപകമായ പ്രചാരണം നടത്തിയിട്ടില്ല. (സർക്കുലർ നമ്പർ 37806/എൽ3/98/തസ്വഭവ/10.9.98 കാണുക.)

IV. വാർഡ് സഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ നിയമസഭാംഗത്തെ ക്ഷണിക്കാവുന്നതാണ്. (സർക്കുലർ നമ്പർ 34704/ഡി.പി./2003/തസ്വഭവ/4.8.03 കാണുക.)

V. ബജറ്റിലെ വകയിരുത്തൽ സംബന്ധിച്ച് വാർഡ് സഭകളിൽ ചർച്ച നടക്കുന്നില്ല. (വകുപ്പ് 45(2) പ്രകാരം )

VI. ഓഡിറ്റ് റിപ്പോർട്ടുകൾ വാർഡ് സഭകളിൽ ചർച്ച ചെയ്യണമെന്ന നിയമവ്യവസ്ഥ പാലിക്കുന്നില്ല. (വകുപ്പ് 45(3) പ്രകാരം)

VII. ഉദ്യോഗസ്ഥരുടെ സാന്നിധ്യം വാർഡ് സഭകളിൽ തീരെ കുറവാണ്. (സർക്കുലർ നമ്പർ 22675/എൽ3/04/തസ്വഭവ/3.8.04 കാണുക.)

VIII. തീരുമാനങ്ങൾ മിനിറ്റ്സ്ബുക്കിൽ രേഖപ്പെടുത്തുകയും യോഗം തീരുന്ന മുറയ്ക്ക് വാർഡ് സഭാംഗങ്ങളെ വായിച്ചു കേൾപ്പിക്കുകയും ചെയ്യണമെന്ന ചുമതല കോഓർഡിനേറ്റർമാർ നിറവേറ്റുന്നില്ല. (സർക്കുലർ നമ്പർ 37806/എൽ 3/98/തസ്വഭവ/10.9.98 പ്രകാരം)

IX. മിനിറ്റ്സ് ബുക്കിൽ ചെയർപേഴ്സൺ, സെക്രട്ടറി, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെയും പങ്കെടുക്കുന്നവരുടെയും ഒപ്പുകൾ കഴിയാവുന്നത്ര വാങ്ങണമെന്ന നിബന്ധനയും പാലിക്കുന്നില്ല. (സർക്കുലർ നമ്പർ 37806)

X. യോഗങ്ങളിൽ പങ്കെടുക്കുന്നവരുടെ പേരുകൾ, മേൽവിലാസം (ശരിയായ വീട്ടുനമ്പർ ഉൾപ്പെടെ) പ്രായം തുടങ്ങിയ വിവരങ്ങൾ ഹാജർ പുസ്തകത്തിൽ കൃത്യമായി ചേർക്കാത്തതിനാൽ വോട്ടർമാർ തന്നെയാണോ പങ്കെടുത്തതെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. (സർക്കുലർ നമ്പർ 37806)

Local Fund Audit Department

XI. ഉപഭോക്തൃസംരക്ഷണനിയമം, സെൻസസ് എന്നിവ വാർഡ് സഭായോഗങ്ങളിൽ പ്രത്യേകം ചർച്ച ചെയ്യണമെന്ന സർക്കാർ നിർദേശം അനുസരിച്ചിട്ടില്ല. (തദ്ദേശസ്വയം ഭരണവകുപ്പിന്റെ 18.12.03 ലെ സർക്കുലർ നമ്പർ 34900/ഡി.പി1/03, 22.1.11 ലെ സർക്കുലർ നമ്പർ 4779/ഡി.എ.3/11 എന്നിവ കാണുക.)

XII. ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിൽ കാര്യമായ പങ്ക് വഹിക്കുന്നില്ല. ( വകുപ്പ് 45(1) സി കാണുക.)

XIII. വികസനപദ്ധതികൾക്കാവശ്യമായ സന്നദ്ധസേവനവും പണമായോ സാധനങ്ങളായോ സഹായങ്ങളും നൽകുന്നതിൽ ശ്രദ്ധ പതിപ്പിക്കുന്നില്ല. (വകുപ്പ് 45(1)എഫ് കാണുക.)

XIV. തെരുവുവിളക്കുകൾ, വാട്ടർ ടാപ്പുകൾ തുടങ്ങിയവ എവിടെ സ്ഥാപിക്കണമെന്ന് നിർദേശിക്കുന്നില്ല. (വകുപ്പ് 45(1) ജി പ്രകാരം)

XV. സർക്കാരിൽനിന്ന് പെൻഷനുകൾ ലഭിക്കുന്നവരുടെ അർഹത പരിശോധിക്കുന്നില്ല. (വകുപ്പ് 45 (1) കെ പ്രകാരം)

XVI. മരാമത്ത് പണികൾ സംബന്ധിച്ച എസ്റ്റിമേറ്റുകളുടെ വിവരം ശേഖരിക്കുന്നില്ല. (1997 ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണി) ചട്ടങ്ങളിലെ ചട്ടം 17 കാണുക)

XVII. ശുചീകരണപ്രവർത്തനങ്ങളുടെ ഭാഗമായി ചപ്പുചവറുകൾ നീക്കം ചെയ്യാൻ സന്നദ്ധസേവനം സംഭാവന ചെയ്യാൻ മുൻകൈയെടുക്കുന്നില്ല. (വകുപ്പ് 45(1) എം പ്രകാരം)

XVIII. ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകിയവരുടെ പേരുകൾ വാർഡ് സഭായോഗങ്ങളിൽ വായിക്കുന്നില്ല. (2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി) ചട്ടങ്ങളിലെ ചട്ടം 7 കാണുക.)

XIX. ആശ്രയ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങളും ഗുണഭോക്താക്കളുടെ പട്ടികയും യോഗങ്ങളിൽ വായിക്കുന്നില്ല. (സർക്കുലർ നമ്പർ 1344/എ1/04/പ്ലാനിങ്/28.1.04 കാണുക.)

XX. അംഗീകരിച്ച അന്തിമഗുണഭോക്തൃലിസ്റ്റിന്റെ കോപ്പികൾ എല്ലാ നിർവഹണോദ്യോഗസ്ഥർക്കും അങ്കണവാടി വർക്കർമാർക്കും നൽകുകയും അടുത്ത വാർഡ് സഭായോഗത്തിൽ അവതരിപ്പിക്കുകയും വേണമെന്ന നിബന്ധന പാലിക്കുന്നില്ല. (ജി.ഒ.(പി) 181/98/തഭവ/2.9.98 കൂടി കാണുക.)

XXI. പൊതുജനാരോഗ്യ മാനേജിങ് കമ്മിറ്റികളുടെ തീരുമാനങ്ങൾ വാർഡ്സഭാ യോഗങ്ങളിൽ വായിക്കുന്നില്ല. (2010 ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യസ്ഥാപന മാനേജിങ് കമ്മിറ്റി) ചട്ടങ്ങളിലെ ചട്ടം 5(9) കാണുക.)

XXII. അങ്കണവാടികളിലെ ഗുണഭോക്താക്കളുടെ എണ്ണവും നൽകുന്ന പോഷകാഹാരത്തിന്റെ വിവരവും ചെലവഴിച്ച തുകയുടെ കണക്കും കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെന്ന പോലെ വാർഡ് സഭകളിലും വായിക്കണമെന്ന നിബന്ധനയും പാലിക്കുന്നില്ല. (ജി.ഒ.(പി) 20/98/സാ.ക്ഷേ.വ./26.6.98 കാണുക.)

XXIII. പൗരാവകാശരേഖ വാർഡ് സഭായോഗത്തിൽ വായിച്ചിട്ടില്ല. ( 2000 ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശരേഖ) ചട്ടങ്ങളിലെ ചട്ടം 4 (3) കാണുക

Local Fund Audit Department

xxiv. വാർഡ് സഭായോഗങ്ങൾ സംബന്ധിച്ച ഫോട്ടോകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. (ജി.ഒ.(എം.എസ്.) 128/07/തസ്വഭവ/14.5.07)

## 1.6) ആഭ്യന്തരനിയന്ത്രണസംവിധാനം

സാമ്പത്തികമായി ഏറെ പരാധീനതയുള്ള ഈ നഗരസഭയ്ക്ക് ലഭിക്കേണ്ട റവന്യൂ/ റവന്യൂ ഇതര വരവുകൾ പൂർണമായി ലഭിക്കുന്നതിനും ചെലവഴിക്കുന്ന തുകയുടെ കൃത്യതയും ആവശ്യകതയും സൂക്ഷ്മമായി നിർണയിക്കുന്നതിനും കഴിയുന്ന തരത്തിലുള്ള ശക്തമായ ഒരു ആഭ്യന്തരനിയന്ത്രണസംവിധാനം നിലവിലില്ല. നഗരസഭയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും ഭംഗിയായി നിർവഹിക്കുന്നതിന് ഇത്തരം സംവിധാനം അനിവാര്യമാണ്. ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ വിവിധ ഘടകങ്ങളുടെ പോരായ്മകൾ ചുവടെ ചേർക്കുന്നു.

## 1.7) രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമല്ല

നഗരസഭയിലെ വിവിധ രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമല്ല. വിവിധ നികുതി/ നികുതിയിതര വരുമാനങ്ങളുടെ അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ, കുടിശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ശരിയായി സൂക്ഷിക്കുന്നില്ല. നഗരസഭയ്ക്ക് ലഭിക്കേണ്ട വരുമാനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് ആരും നിരീക്ഷിക്കുന്നില്ല. കെട്ടിട വാടക, കുത്തകാവകാശങ്ങളുടെ പാട്ടത്തുക എന്നിവയുടെ കുടിശിക സംബന്ധിച്ച് വ്യക്തമായ കണക്കുകൾ എഴുതി സൂക്ഷിക്കുകയോ കുടിശിക ഈടാക്കുന്നതിന് യഥാസമയം നിയമപരമായ നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല.

ചെലവു സംബന്ധിച്ച രജിസ്റ്ററുകളുടെ സൂക്ഷിപ്പും തൃപ്തികരമല്ല. സ്റ്റോക്ക് രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയും പൂർണമായി എഴുതുന്നില്ല.

Local Fund Audit Department

## 1.8) ഓഫീസ് ചുമതലകൾ വിഭജിച്ച് നൽകിയിട്ടില്ല

ഏതൊരു സ്ഥാപനത്തിന്റെയും കാര്യക്ഷമമായ പ്രവർത്തനത്തിന് ഉദ്യോഗസ്ഥർക്ക് ചുമതലകൾ വിഭജിച്ച് നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. 2010-11 ൽ നഗരസഭാ ജീവനക്കാർക്ക് ചുമതലകൾ വിഭജിച്ച് നൽകിയിട്ടില്ല. ഇതുമൂലം ഒരേ തരത്തിലുള്ള ജോലികൾ ഒന്നിലധികം ജീവനക്കാർ കൈകാര്യം ചെയ്യുന്നതായും ആർക്കും ഉത്തരവാദിത്തമില്ലാത്തതായും കാണുന്നു. നിലവിൽ ഓഫീസ് ജീവനക്കാർക്ക് ചുമതല വിഭജിച്ച് നൽകിയിട്ടുണ്ടെങ്കിലും വകുപ്പ് തലവൻമാർക്ക് നിലവിലും രേഖാമൂലം ജോലി വിഭജിച്ച് നൽകിയിട്ടില്ല.

ഭരണപരമായ കാര്യക്ഷമത ഉറപ്പാക്കുന്നതിന്റെ ഭാഗമായി സെക്രട്ടറിയുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് തയ്യാറാക്കുക, സെക്രട്ടറി തയ്യാറാക്കിയ മറ്റു

ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് റിവ്യു ചെയ്യുക തുടങ്ങിയ ചുമതലകൾ ചെയർപേഴ്സൺ നിറവേറ്റിയിട്ടില്ല. (കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 15 (3) ബി കാണുക.) കൈമാറിയ സ്ഥാപനങ്ങളുടെ മേധാവികളുടെ ആകസ്മികാവധി അനുവദിക്കേണ്ട ചുമതലയും ചെയർപേഴ്സൺ നിറവേറ്റിയിട്ടില്ല. (ജി.ഒ.(പി) 113/98/തസ്വഭവ/2.6.98, 2011 ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥനിയന്ത്രണം) ചട്ടങ്ങൾ എന്നിവ കാണുക.) നഗരസഭാജീവനക്കാർ സ്ഥലം മാറ്റപ്പെടുമ്പോൾ വിടുതൽ ഉത്തരവിൽ ഓഡിറ്റ് പരാമർശങ്ങളുണ്ടെങ്കിൽ രേഖപ്പെടുത്തണമെന്നും ഇതിനായി ഇൻകുംബൻസി രജിസ്റ്റർ സൂക്ഷിക്കണമെന്നുമുള്ള ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി നിയമസഭാസമിതിയുടെ നിർദേശം പാലിച്ചിട്ടില്ല. (സർക്കുലർ നമ്പർ 30805/എ1/06/തസ്വഭവ/9.8.06 കാണുക.)

## 1.9) ഓഫീസ് അറ്റൻഡന്റുമാരെ ഡെയ്‌ലി കളക്ഷന് നിയോഗിക്കൽ

എൽ.ഡി.ക്ലർക്ക്/ ബിൽ കളക്ടർമാരുടെ എല്ലാ തസ്തികകളിലും ജീവനക്കാർ ഉണ്ടായിരിക്കേ അവരെ ഓഫീസ് ജോലികൾ ചെയ്യുന്നതിന് നിയോഗിച്ച് ഓഫീസ് അറ്റൻഡന്റുമാരെ പണം പിരിവിനായി അയയ്ക്കുന്ന നടപടി പുന:പരിശോധിക്കേണ്ടതാണ്. പണം പിരിവിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥനെ ആ ജോലിക്കായി നിയോഗിക്കേണ്ടതാണ്.

## 1.10 ) ആകെ വരവും ചെലവും

ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 2010-11 വർഷത്തെ ആകെ വരവ് 102387184 രൂപയും ആകെ ചെലവ് 98336261 രൂപയുമാണ്. പഞ്ചായത്തിന്റെ തനതു വിനിയോഗത്തിന് ലഭിച്ച യഥാർത്ഥ വരവ് (ഋണബാധ്യത കിഴിച്ചുള്ള വരവ്) 7705383 രൂപയാണ്.

മേൽ പറഞ്ഞ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ 25900 രൂപ മുനിസിപ്പാലിറ്റിയുടെ വരവിനങ്ങളിൽ നഷ്ടമുണ്ടായിട്ടുണ്ട്. 66500 രൂപ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധത്തിൽ ചെലവ് ചെയ്തതായി കാണുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ 1429010 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (വിശദവിവരത്തിനായി ഈ റിപ്പോർട്ടിന്റെ 2, 3 എന്നീ ഭാഗങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.)

Local Fund Audit Department

# ഭാഗം - 2

# വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

Local Fund Audit Department

## 2.1) രസീത് പരിശോധന

6.03.11 മുതൽ 28.2.12 വരെ നഗരസഭ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, പണം ഒടുക്കൽ, പണം പിൻവലിക്കൽ എന്നിവ പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ 126 രൂപയുടെ ന്യൂനഅടവ് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയ തിനെ തുടർന്ന് 3.3.12 ൽ ഒടുക്കി.

13.7.11 ലെ ചിട്ട പ്രകാരമുള്ള പണം വരവ് 47025 രൂപയാണ്. 14.7.11 ൽ സ്റ്റേറ്റ് ബാങ്ക് അക്കൗണ്ടിൽ 40025 രൂപ മാത്രമാണ് അടച്ചത്. കുറവുവന്ന തുക 22.9.11 ലാണ് മുനിസിപ്പൽ ഫണ്ടിലടച്ചത്. ഈ ക്രമക്കേടിന് ഉത്തരവാദിയായ കാഷ്യർ ശ്രീ. എ.സി. മണിയപ്പനെ സെക്രട്ടറിയുടെ 24.9.11 ലെ ജി.എ 325/09 നമ്പർ ഉത്തരവ് പ്രകാരം 24.9.11 അപരാഹ്നം മുതൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ക്രമക്കേട് നടന്ന വിവരം രണ്ടു മാസങ്ങൾക്കുശേഷം മാത്രമാണ് തിരിച്ചറിയാനായത് എന്നത് നഗരസഭയുടെ ആന്തരിക നിയന്ത്രണ സംവിധാനങ്ങളുടെ പോരായ്മകളിലേക്ക് വിരൽ ചൂണ്ടുന്നു. ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ നഗരസഭാനേതൃത്വം ശ്രദ്ധിക്കേണ്ടതാണ്.

## 2.2) തനതുഫണ്ട് സൂക്ഷിക്കുന്നതിന് ഒന്നിലധികം അക്കൗണ്ടുകൾ- ക്രമവിരുദ്ധം

തനതുവരുമാനം സൂക്ഷിക്കുന്നതിന് ഫെഡറൽ ബാങ്കിലെ അക്കൗണ്ടും (നമ്പർ 10960100119661) എസ്.ബി.ടിയിലെ അക്കൗണ്ടും (നമ്പർ 570399365397 ) ഇടവിട്ട ദിവസങ്ങളിൽ നഗരസഭ ഉപയോഗിക്കുന്നതായി കാണുന്നു. തനതുവരുമാനം ട്രഷറി അക്കൗണ്ടിനു പുറമേ ദേശസാത്കൃതബാങ്കിലോ സഹകരണബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നും ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുതെന്നും തദ്ദേശസ്വയംഭരണവകുപ്പിന്റെ 26.5.11 ലെ സർക്കുലർ നമ്പർ 58725/എഎം32008 പ്രകാരം നിർദേശിച്ചിട്ടുള്ളതിനാൽ ഫെഡറൽ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് നിക്ഷേപം എസ്.ബി.ടിയിലേക്ക് മാറ്റേണ്ടതാണ്.

## 2.3) കാഷ്ബാലൻസ് പരിശോധന

25.4.12 ൽ നഗരസഭയിലെ കാഷ്ചെസ്റ്റിന്റെ പരിശോധന നടത്തിയതിൽ 131298 രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. ഇതിൽ 18.2.12 ൽ പണമാക്കിയ പെൻഷൻകാരുടെ ഡി.എ. കുടിശികയും 9.3.12 ൽ പണമാക്കിയ പെൻഷൻകാരുടെ ശമ്പളക്കുടിശികയും കാഷ്യർ പെറ്റി കാഷ്ബുക്കിൽ ചേർത്ത് കൈവശം വച്ചതായി കണ്ടു. വിതരണം ചെയ്യാൻ സാധിക്കാത്ത തുകകൾ നഗരസഭാ ഫണ്ടിലേക്ക് തിരികെ അടയ്ക്കാതിരുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരിൽ അച്ചടക്കനടപടി കൈക്കൊള്ളേണ്ടതാണ്. മേലധികാരികൾ ഇക്കാര്യം ശ്രദ്ധിക്കാതിരുന്നതിനും വിശദീകരണം തേടേണ്ടതാണ്.

Local Fund Audit Department

## 2.4) വസ്തുനികുതി

### 2.4.1) അൺ എയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി നിർണ യിച്ചിട്ടില്ല

നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന അൺഎയ്ഡഡ് സ്കൂളുകളോടനുബ ന്ധിച്ചുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണം നമ്പർ 8/2010-11 നുള്ള മറുപടി പ്രകാരം കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 235 പ്രകാരം നികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ഗണത്തിൽ അൺഎ യ്ഡഡ് സ്കൂളുകളോട് അനുബന്ധിച്ചുള്ള കെട്ടിടങ്ങൾ ഉൾപ്പെടുന്നില്ല.

അതിനാൽ 2010-11 വർഷം മുതൽ താഴെപ്പറയുന്ന സ്കൂളുകളുടെ വസ്തുനികുതി നിർണയിച്ച് ഈടാക്കേണ്ടതാണ്.

| വാർഡ് നമ്പർ | സ്ഥാപനം |
|---|---|
| 2 | വർമാസ് പബ്ലിക് സ്കൂൾ |
| 3 | വാർവിൻ ഹൈസ്കൂൾ |
| 5 | ലിസ്യൂ ഇംഗ്ലീഷ് മീഡിയം സ്കൂൾ |
| 13 | ശ്രീ ശങ്കര വിദ്യാലയം |

### 2.4.2) വേക്കൻസി റെമിഷൻ അനുവദിക്കാത്ത കെട്ടിടങ്ങൾക്ക് നികുതി ഒഴിവ്

വേക്കൻസി റെമിഷൻ രജിസ്റ്റർ പ്രകാരം 2010-11 ൽ ഒരു കെട്ടിടത്തിനും ഒഴി ഞ്ഞുകിടക്കുന്നതിനാലുള്ള നികുതി ഇളവ് അനുവദിച്ചിട്ടില്ല. എന്നാൽ ഏഴാം വാർഡിലെ ശ്രീ. അയ്യപ്പൻ ആചാരിയുടെ ഉടമസ്ഥതയിലുള്ള വിജയാ കോംപ്ല ക്സിലെ 238 ഇ മുതൽ എൽ വരെയുള്ള കടമുറികൾക്ക് നികുതിയിളവ് അനുവദിച്ച തായി ബന്ധപ്പെട്ട ബിൽ കളക്ടറുടെ ഹാൻഡ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തന്മൂലം പ്രസ്തുത കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

ഓഡിറ്റ് എൻക്വയറി (നമ്പർ : 2/10-11) ക്കുള്ള മറുപടിയിൽ ഈ കെട്ടിടങ്ങളുടെ വസ്തുനികുതി ഒടുക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഈ കെട്ടിടങ്ങളുടെ നികുതി (2010-11) ഈടാക്കേണ്ടതാണ്.

## 2.5) തൊഴിൽനികുതി

### 2.5.1 ) നഗരസഭാ കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കി യില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ ചട്ടം 3.2 പ്രകാരം കരാറുകാ രിൽനിന്ന് ഓരോ അർധവർഷവും 1250 രൂപ നിരക്കിൽ തൊഴിൽനികുതി വാങ്ങേണ്ട താണ്. എന്നാൽ നഗരസഭയിലെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

Local Fund Audit Department

2010-11 ൽ നഗരസഭയുമായി കരാറിൽ ഏർപ്പെട്ട് പൊതുമരാമത്ത് പണികൾ നടത്തിയ താഴെപ്പറയുന്ന കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കാത്തതിനാൽ 20000 രൂപയുടെ നഷ്ടം ഉണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേരും വിലാസവും | 2010-11 ൽ ഈടാക്കേണ്ട തൊഴിൽനികുതി | | |
|---|---|---|---|---|
| | | ഒന്നാം അർധ വർഷം | രണ്ടാം അർധ വർഷം | ആകെ |
| 1 | ശ്രീ.ടി.എസ്. അശോകൻ, പടിഞ്ഞാത്രയിൽ, കരിപ്പാടം | 1250 | 1250 | 2500 |
| 2 | ശ്രീ.ടി.ടി.സുനിൽ, തട്ടാർകേരിൽ, കരിപ്പാടം | 1250 | 1250 | 2500 |
| 3 | ശ്രീ. പി.കെ.ഷാജി, പനച്ചിത്തുരുത്തിൽ , തോട്ടകം | 1250 | 1250 | 2500 |
| 4 | ശ്രീ. കെ.വിജയൻ, ശ്രീജാനിവാസ്, കല്ലറ | 1250 | 1250 | 2500 |
| 5 | ശ്രീ. കെ.അനിൽകുമാർ, ദേവിപുരയ്ക്കൽ, പടിഞ്ഞാറേക്കര | 1250 | 1250 | 2500 |
| 6 | ശ്രീ. ജിയോ ജോസഫ്, കത്തനാട്ട് കുറ്റ്, ചെമ്പ് | 1250 | 1250 | 2500 |
| 7 | ശ്രീ. സി.വി. മത്തായി, ക്രൈസ്റ്റ് വിഹാർ, ഇടവട്ടം | 1250 | 1250 | 2500 |
| 8 | ശ്രീ. ജോസഫ് കെ. പാലക്കൽ, പാലയ്ക്കൽ, വൈക്കം | 1250 | 1250 | 2500 |
| **ആകെ** | | **10000** | **10000** | **20000** |

## 2.5.2) ഡിമാന്റ് ചെയ്ത തൊഴിൽനികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ 2010-11 ലെ രണ്ട് അർധവർഷങ്ങളിലെയും നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ ഈടാക്കിയിട്ടില്ല. നഗരസഭയുടെ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക ഫണ്ടിൽ ഒടുക്കിയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പർ | ഡിമാന്റ് ചെയ്ത തുക |
|---|---|---|---|
| 1 | എസ്.ബി.ഐ. ലൈഫ് | 2 | 2500 |
| 2 | സുനിൽ ഓട്ടോ കൺസൾട്ടൻസ് | 2 | 900 |
| 3 | ധനലക്ഷ്മി ബാങ്ക് | 7 | 2500 |
| **ആകെ** | | | **5900** |

5900 രൂപ ബന്ധപ്പെട്ട നികുതിദായകരിൽനിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കേണ്ടതാണ്.

## 2.5.3 തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ഡി & ഒ വ്യാപാര ലൈസൻസ് രജിസ്റ്റർ, തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2010-11, 2011-12 വർഷങ്ങളിലേക്ക് ഡി & ഒ വ്യാപാര ലൈസൻസ് നൽകിയെങ്കിലും നടപ്പുവർഷത്തെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

Local Fund Audit Department

| ക്രമ നം. | ഉടമയുടെ പേര് | സ്ഥാപനം | കെട്ടിടനമ്പർ |
|---|---|---|---|
| 1 | ഷൈനി ബിജു, മാറയിൽ വീട് | എൽ.പി.ജി. ഏജൻസി | 3/100 എ |
| | ഷീനാ ജോർജ് | ബ്യൂട്ടി പാർലർ | 6/83 (1) |

മേൽ സ്ഥാപനങ്ങളിൽനിന്ന് 2010-11 ലെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 2.6) നിരതദ്രവ്യം വാങ്ങാതെ ലേലനടപടികൾ - ക്രമവിരുദ്ധം

2011-12 കാലയളവിലേക്കുള്ള വിവിധ കുത്തകാവകാശങ്ങൾ ലേലം ചെയ്ത് കൊടുത്തതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ വ്യവസ്ഥകൾ പാലിക്കാതെ ലേലം നടത്തിയതുമൂലം നഷ്ടത്തിനുപുറമേ തെറ്റായ പ്രവണതകൾ ലേലനടപടികളിൽ കടന്നുകൂടിയതായി കാണുന്നു. ബസ്സ്റ്റാൻഡ് ഫീസ് പിരിവ്, മുനിസിപ്പൽ വസ്തുക്കളിൽനിന്നുള്ള മേലാദായം, മുനിസിപ്പൽ പാർക്കിലെ ഐസ്ക്രീം പാർലർ നടത്തിപ്പ്, മീൻ മാർക്കറ്റിലെ ഐസ് പ്ലാന്റ് നടത്തിപ്പ് എന്നിവയുടെ കുത്തകാവകാശം ലേലം വഴിയാണ് നൽകിയത്. ലേലനിബന്ധന (നമ്പർ 5) പ്രകാരം ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിശ്ചിത നിരക്കിലുള്ള നിരതദ്രവ്യം മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയതിന്റെ രസീത്, സോൾവൻസി സർട്ടിഫിക്കറ്റ് എന്നിവ ലേലസമയത്ത് ഹാജരാക്കേണ്ടതാണ്. എന്നാൽ നിരതദ്രവ്യം നഗരസഭാഫണ്ടിൽ അടയ്ക്കാതെയും സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കാതെയും ലേലനടപടികൾ തുടർന്നുവരുന്ന പ്രവണതയാണ് കാണുന്നത്. പങ്കെടുക്കുന്നവർക്ക് ടോക്കൺ നൽകി തുടർനടപടികൾ സ്വീകരിക്കുന്ന പതിവ് തെറ്റാണ്.

മുനിസിപ്പൽ ബസ്സ്റ്റാൻഡ് ഫീസ് പിരിവ് ലേലം 3.3.11, 14.3.11 എന്നീ തീയതികളിൽ നടത്തിയെങ്കിലും പങ്കെടുത്തവർ ആരും ലേലം വിളിക്കാൻ തയ്യാറായില്ല. 3.3.11 ൽ ശ്രീ. പോൾ അലക്സ്, പാറശേരിൽ എന്നയാൾ ലേലത്തിൽ പങ്കെടുത്തിരുന്നു. 14.3.11 ലെ ലേലത്തിൽ ശ്രീ. രാകേഷ് പടിഞ്ഞാറേമറ്റപ്പള്ളിൽ എന്നയാളും പങ്കെടുത്തിരുന്നു. ഇവരിൽനിന്ന് നിരതദ്രവ്യമായ 10000 രൂപ വാങ്ങി നഗരസഭ ഫണ്ടിൽ ഒടുക്കിയില്ല. ഈ രണ്ടു തീയതികളിലും പങ്കെടുത്ത ആരും ലേലം വിളിക്കാൻ തയ്യാറാകാതിരുന്നതിനാൽ വീണ്ടും 18.3.11 ലേക്ക് ലേലം മാറ്റി. ലേലം വിളിക്കാൻ തയ്യാറാകാതിരുന്ന സാഹചര്യത്തിൽ ഇവരുടെ നിരതദ്രവ്യം നഗരസഭാ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതായിരുന്നു.

മുനിസിപ്പൽ വസ്തുവകകളിൽ നിന്നുള്ള ആദായം എടുക്കുന്നതിനുള്ള അവകാശം 3.3.11 ൽ ലേലത്തിൽ വച്ചെങ്കിലും ആരും പങ്കെടുത്തില്ല. 14.3.11 ലെ പുനർലേലത്തിൽ പങ്കെടുത്ത മൂന്നു പേരിൽനിന്ന് നിരതദ്രവ്യം 5000 രൂപ നിരക്കിൽ വാങ്ങിയില്ല. പങ്കെടുത്ത മൂന്നുപേരും ലേലം വിളിക്കാൻ തയ്യാറാകാത്തതിനാൽ ലേലം മാറ്റിവയ്ക്കുകയാണുണ്ടായത്. ഈ സാഹചര്യത്തിൽ ഈ മൂന്നു പേരുടെയും നിരതദ്രവ്യം നഗരസഭ ഫണ്ടിൽ മുതൽ കൂട്ടേണ്ടതായിരുന്നു.

Local Fund Audit Department

നിരതദ്രവ്യം വാങ്ങാതെ ലേലനടപടികൾ നടത്തിയതിനാൽ ലേലം പലതവണ മാറ്റി വയ്ക്കേണ്ടി വരികയും നഗരസഭ സമ്മർദത്തിലാകുകയും ചെയ്തു. നിരതദ്രവ്യം നഗരസഭാഫണ്ടിലേക്ക് മുതൽ കൂട്ടിയിരുന്നെങ്കിൽ നഗരസഭയ്ക്ക് വരുമാനം ലഭിക്കുകയും കരാറുകാർ ഉത്തരവാദിത്തരഹിതമായി പെരുമാറുന്നത് ഒഴിവാകുകയും ചെയ്യുമായിരുന്നു.

ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് മുൻകാലങ്ങളിൽ തുടർന്നു വരുന്ന പതിവ് അനുസരിച്ചാണ് ഈ രീതി നടപ്പാക്കിയത് എന്ന് സെക്രട്ടറി അറിയിച്ചിരുന്നു. ഈ മറുപടി തൃപ്തികരമല്ല. ഈ വിഷയത്തിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2.7.1 ) വാടക/ ലൈസൻസ് ഫീസ് കുടിശിക ഈടാക്കിയിട്ടില്ല

2010-11 ൽ നഗരസഭയുടെ വിവിധ ഷോപ്പിങ് കോംപ്ലക്സുകളിലെ കടമുറികളുടെ ലൈസൻസ് ഫീസും വിവിധ കുത്തക അവകാശങ്ങളുടെ ലൈസൻസ് ഫീസും ലേലത്തിലൂടെ നേടിയ വ്യക്തികൾ തവണകൾ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായതായി കാണുന്നു. ലേലവ്യവസ്ഥകൾ പ്രകാരം യഥാസമയം തവണകൾ അടയ്ക്കാത്തവർക്കെതിരേ നടപടികൾ സ്വീകരിക്കാതിരുന്നതുമൂലമാണ് ഇപ്രകാരം കുടിശിക വന്നത്. കുടിശിക വരുത്തിയവർക്ക് തുടർവർഷങ്ങളിലും ലൈസൻസ് നൽകിയിട്ടുള്ളത് ഈ വിഷയത്തിൽ നഗരസഭ പുലർത്തുന്ന ഉദാസീനതയിലേക്ക് വിരൽ ചൂണ്ടുന്നു. യഥാസമയം നടപടിയെടുക്കുന്നതിൽ വന്ന വീഴ്ച മൂലം തുക കാലഹരണപ്പെടുകയോ നഷ്ടപ്പെടുകയോ ചെയ്ത സംഗതിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്ന് 12% പലിശ സഹിതം തുക പിരിച്ചെടുക്കാവുന്നതാണ്. (കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 539 (2) കാണുക.) കുടിശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അവകാശപ്പെട്ട സ്ഥാപനം/ സ്ഥലം | കരാറുകാരന്റെ പേര് | 2010-11 ൽ കുടിശിക | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | അറവുശാല | സൈഫുദീൻ റാവുത്തർ, ഷീബ മൻസിൽ, തെക്കേനട | 16421 | നോട്ടീസ് നൽകിയില്ല. |
| 2 | ഷോപ്പിങ് കോംപ്ലക്സ് മുറി നമ്പർ 17 | ഉലഹന്നാൻ ചാണ്ടിച്ചിറ | 8700 | 7/10 മുതൽ നാളിതുവരെ കുടിശികയാണ്. |
| 3 | ബസ് സ്റ്റാൻഡ് പുറമ്പോക്ക് | അജിമോൻ മുട്ടത്തേഴത്ത് | 5824 | ആർ.ഐ.ക്ക് അധികാരപത്രം നൽകി. |
| 4 | മുനിസിപ്പൽ ബങ്ക് | അനിൽകുമാർ കായിപ്പുറത്ത് | 6148 | 14.12.11 ൽ നോട്ടീസ് നൽകി |
| 5 | കോവിലകത്തുംകടവ് മാർക്കറ്റ് തറവാടക | കെ.ആർ.അജീഷ്, വാടക്കുഴിയിൽ | 3793 | നോട്ടീസ് നൽകിയില്ല. |
| | ആകെ | | 40886 | |

Local Fund Audit Department

ക്രമനമ്പർ (1) ൽ നാളിതുവരെ നോട്ടീസ് നൽകിയിട്ടില്ല എന്നത് ഗൗരവത്തോടെ കാണേണ്ടതാണ്. കടുത്ത സാമ്പത്തികബുദ്ധിമുട്ട് നേരിടുന്ന നഗരസഭയിൽ വൻതുക കുടിശിക വന്നിട്ടും അത് ഈടാക്കാനുള്ള നടപടി സ്വീകരിക്കാതിരുന്നത് ശരിയായ നടപടിയല്ല. കുടിശിക വരുത്തിയവർക്ക് വീണ്ടും കരാർ നീട്ടിക്കൊടുത്തതും ക്രമവിരുദ്ധമാണ്. കുടിശിക അടിയന്തിരമായി പിരിച്ചെടുക്കേണ്ടതും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരേ 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 12 (4) പ്രകാരം വ്യക്തിപരമായ ബാധ്യത തിട്ടപ്പെടുത്തി ഉചിതമായ അച്ചടക്കനടപടി സ്വീകരിക്കേണ്ടതാണ്.

## 2.7.2) മുനിസിപ്പൽ റെസ്റ്റ് ഹൗസ്, മുനിസിപ്പൽ ടൗൺ ഹാൾ : വാടക കുടിശിക ഈടാക്കിയില്ല

നഗരസഭവക മുനിസിപ്പൽ റെസ്റ്റ്ഹൗസും മുനിസിപ്പൽ ടൗൺഹാളും സ്വകാര്യ വ്യക്തിക്ക് പാട്ടത്തിന് നൽകിയിരിക്കുകയാണ്. 30.9.09 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ടൗൺഹാൾ നടത്തിപ്പ് പ്രതിവർഷം 3.50 ലക്ഷം രൂപയ്ക്കും റെസ്റ്റ്ഹൗസ് നടത്തിപ്പ് പ്രതിവർഷം 5.35 ലക്ഷം രൂപയ്ക്കും രണ്ടര വർഷത്തേക്ക് ശ്രീ സി. അജി, തൈലാംകണത്തിൽ എന്നയാൾക്ക് പാട്ടത്തിന് നൽകുകയുണ്ട.യി. 1.10.09 മുതൽ 31.3.12 വരെയാണ് പാട്ടകാലാവധി.

ബന്ധപ്പെട്ട രേഖകൾ പ്രകാരം നാളിതുവരെ പാട്ടത്തുക നഗരസഭാഫണ്ടിൽ അടച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 7/10-11) മറുപടിയായി നഗരസഭ അദ്ദേഹത്തിന് നൽകാനുള്ള വർക്ക്ബിൽ തുകയിൽനിന്ന് 1462950 രൂപ 3/2011 ൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട് എന്നാണ് അറിയിച്ചത്. മുനിസിപ്പൽ റെസ്റ്റ്ഹൗസ് കം ഷോപ്പപിങ് കോംപ്ലക്സ് നിർമാണം എന്ന പണിയുടെ കരാറുകാരനായ ശ്രീ. അജിക്ക് 2095618 രൂപ നൽകാനുണ്ടായിരുന്നതിൽനിന്നാണ് തുക അഡ്ജസ്റ്റ് ചെയ്തത്. എങ്കിലും താഴെപ്പറയും പ്രകാരം 977437 ലക്ഷം രൂപ പാട്ടകാലാവധി തീരുന്ന 3/2012 വരെ കുടിശികയുണ്ട്.

| | | |
|---|---|---|
| റെസ്റ്റ് ഹൗസ് | 535000 × 2.5 | 1337500 |
| ടൗൺഹാൾ | 350000 × 2.5 | 875000 |
| ആകെ | | 2212500 |
| സർവീസ് ടാക്സ് | | 227888 |
| ആകെ | | 2440388 |
| നഗരസഭാ ഫണ്ടിലേക്ക് മുതൽകൂട്ടിയത് | | 1462950 |
| കുടിശിക | | 977437 |

1.4.12 മുതൽ കുത്തകാവകാശം ലേലം ചെയ്യുന്നതിന് നടപടി ആരംഭിച്ചിരുന്നെങ്കിലും നിലവിലുള്ള പാട്ടക്കാരൻ ശ്രീ. സി.അജി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് പെറ്റീഷന്റെ (ഡബ്ല്യു.പി.(സി) 5181/2012/ഡബ്ല്യു.) അടിസ്ഥാനത്തിൽ കുത്തകാവകാശം പുതുതായി ഒരാൾക്ക് കൈമാറുന്നത് സ്റ്റേ

Local Fund Audit Department

ചെയ്തിട്ടുണ്ട്. എന്നാൽ ബഹു. ഹൈക്കോടതിയുടെ 5.3.12 ലെ സ്റ്റേ ഉത്തരവിൽ ലേലനടപടികൾ തുടരുന്നതിന് അനുവദിച്ചിരുന്നു. അലോട്ട്മെന്റ് നൽകുന്നതിനാണ് സ്റ്റേയെന്ന് വ്യക്തമാക്കിയിരുന്നു. പരാതിക്കാരനിൽനിന്ന് കുടിശിക ഈടാക്കുന്നതിനു ളള അനുവാദവും നൽകിയിരുന്നു. എന്നാൽ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. നഗരസഭാഫണ്ടിന് നഷ്ടം ഉണ്ടാകാത്ത രീതിയിൽ ഈ വിഷയത്തിൽ നിയമപരമായ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2.7.3) മുനിസിപ്പൽ ടൗൺഹാൾ - പാട്ടക്കാലാവധി തീരും മുമ്പേ നീട്ടിനൽകി

കൗൺസിലിന്റെ 30.9.09 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം മുനിസിപ്പൽ ടൗൺഹാൾ നടത്തിപ്പ് പ്രതിവർഷം 3.50 ലക്ഷം രൂപയ്ക്ക് രണ്ടരവർഷത്തെ കാലാവധിക്ക് ശ്രീ. സി.അജി, തൈലാംകണ്ടത്തിൽ എന്നയാൾക്ക് പാട്ടത്തിന് നൽകിയിരുന്നു. ഇതനുസരിച്ച് പാട്ടകാലാവധി 31.3.12 ൽ അവസാനിക്കേണ്ടതാണ്. എന്നാൽ 13.9.10 ൽ ചേർന്ന കൗൺസിൽ യോഗം പാട്ടക്കാലാവധി മൂന്നു വർഷത്തേക്കുകൂടി നീട്ടി. (തീരുമാനം നമ്പർ 13)

പാട്ടക്കാലാവധി അവസാനിക്കുന്നതിന് ഒന്നരവർഷം ബാക്കി നിൽക്കേ വീണ്ടും മൂന്നു വർഷം കൂടി നീട്ടി നൽകിയ ഭരണസമിതിയുടെ നടപടി ക്രമപ്രകാരമല്ല. 30.9.10 ൽ ഭരണകാലാവധി അവസാനിക്കുന്ന കൗൺസിൽ ഇങ്ങനെയൊരു തീരുമാനമെടുത്തത് ഉചിതമായില്ല

1.11.10 ൽ നിലവിൽ വന്ന പുതിയ കൗൺസിൽ ഈ വിഷയത്തിൽ ഉചിതമായ ഒരു തീരുമാനം എടുത്തതായി കാണുന്നില്ല. 5.3.12 ൽ പുതുതായി ലേലം നടത്തുന്നതിന് ആരംഭിച്ച നടപടികൾ ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർത്തി വച്ചിരിക്കുകയാണ്. അലോട്ട്മെന്റ് നൽകുന്നത് നിരോധിച്ചിട്ടുണ്ടെങ്കിലും ലേലനടപടികൾ പുനരാരംഭിക്കാൻ കോടതി ഉത്തരവായതിനാൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## 2.7.4) കെ.എസ്.എഫ്.ഇ.യുമായി കരാർ പുതുക്കാത്തതിനാൽ വാടകയിനത്തിൽ വൻനഷ്ടം

നഗരസഭവക ഷോപ്പിങ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന കെ.എസ്.എഫ്. ഇയുടെ വാടക സംബന്ധിച്ച രേഖകൾ പ്രകാരം 1.8.08 മുതൽ കരാർ പുതുക്കുകയോ വാടക പുതുക്കുകയോ ചെയ്തിട്ടില്ല. കൗൺസിലിന്റെ 29.6.07 ലെ ഒമ്പതാം നമ്പർ തീരുമാനപ്രകാരം ഈ സ്ഥാപനത്തിന്റെ വാടക 31.7.08 വരെ പ്രതിമാസം 13006 രൂപയായി നിശ്ചയിച്ചിരുന്നു.

എന്നാൽ പിന്നീട് വാടക വർധിപ്പിച്ചുകൊണ്ട് കരാർ പുതുക്കിയിട്ടില്ല. കെ.എസ്. എഫ്.ഇ. നിലവിലും വാടക 13006 രൂപ എന്ന നിരക്കിലാണ് അടച്ചുവരുന്നത്.. വാടക

Local Fund Audit Department

വർധിപ്പിക്കുന്നത് സംബന്ധിച്ച് കൗൺസിൽ എന്തെങ്കിലും തീരുമാനം എടുത്തിരുന്നതായി കാണുന്നില്ല.

നഗരസഭ കെട്ടിടങ്ങളുടെ വാടക പ്രതിവർഷം 10% നിരക്കിലാണ് വർധിപ്പിക്കുന്നത്. കെ.എസ്.എഫ്.ഇ.യുടെ വാടക 1.8.07 മുതൽ 31.7.08 വരെ 13006 രൂപയായി വർധിപ്പിച്ചതും ഇപ്രകാരം 10% വർധന വരുത്തിയിട്ടാണ്. ഈ സാഹചര്യത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന അധികവാടക ഇപ്രകാരം കണക്കാക്കാവുന്നതാണ്.

| കാലയളവ് | ഈടാക്കേണ്ട വാടക (10% വർധനയോടെ) | ഈടാക്കുന്ന വാടക | വ്യത്യാസം |
|---|---|---|---|
| 1.8.08 മുതൽ 31.7.09 വരെ | 14307×12 | 13006×12 | 15612 |
| 1.8.09 മുതൽ 31.7.10 വരെ | 15738×12 | 13006×12 | 32784 |
| 1.8.10 മുതൽ 31.7.11 വരെ | 17312×12 | 13006×12 | 51672 |
| 1.8.11 മുതൽ 31.3.12 വരെ | 19043×9 | 13006×9 | 54333 |
| ആകെ | | | 154401 |

31.3.12 വരെ 154401 രൂപ വാടകയിനത്തിലും സർവീസ് ടാക്സ്, പിഴപ്പലിശ എന്നീയിനങ്ങളിലും ഈടാക്കാനുണ്ട്.

നഗരസഭയുടെ 10.1.12 ലെ ആർ3/31778/11 നമ്പർ കത്ത് മുഖേന വാടകക്കുടിശിക അടയ്ക്കുന്നതിന് കെ.എസ്.എഫ്.ഇ.ക്ക് നൽകിയ കത്തിൽ 31.3.10 വരെ വാടക നിശ്ചയിച്ചിരിക്കുന്നത് 13006 രൂപ നിരക്കിലാണ് . തുടർന്ന് ഓരോ വർഷവും 10% വർധന വരുത്തിയിരിക്കുന്നു. ഇതിന്റെ കാരണം വ്യക്തമല്ല. മുൻ ഖണ്ഡികയിൽ സൂചിപ്പിച്ചതുപോലെ 1.8.08 മുതൽ 10% വർധനവിന് അർഹതയുള്ളതാണ്. ഈ സാഹചര്യത്തിൽ പുതുക്കിയ തീരുമാനത്തിന്റെ പിൻബലത്തോടെ കെ.എസ്.എഫ്.ഇ.ക്കുള്ള ഡിമാന്റ് നോട്ടീസ് പുതുക്കി നൽകേണ്ടതാണ്.

1.8.08 മുതൽ വാടകകരാർ പുതുക്കാതിരുന്ന നടപടി അത്യന്തം ഗൗരവത്തോടെ കാണേണ്ടതാണ്. കരാർ പുതുക്കാതെ വാടക ഈടാക്കുന്നതിന് നിയമസാധുതയില്ല എന്ന കാര്യം ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. അതിനാൽ കുടിശിക ഈടാക്കുന്നതിനും വാടക കരാർ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും  യഥാസമയം നടപടിയെടുക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരേ അച്ചടക്കനടപടിയെടുക്കുന്നതിനും  അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2.8) വരവിനങ്ങളിൽ കുടിശിക

നഗരസഭയിലെ പ്രധാന വരവിനങ്ങളിലെ കുടിശികവിവരം (കൗൺസിൽ അംഗീകരിച്ച ഡി.സി.ബി. പത്രിക പ്രകാരം) ചുവടെ ചേർക്കുന്നു.

| | |
|---|---|
| വസ്തുനികുതി | 371782 |
| തൊഴിൽനികുതി | 145208 |
| വാടക | 1419820 |
| കടത്ത് | 75000 |
| ബസ് സ്റ്റാൻഡ് ഫീസ് | 28504 |
| ഡി. & ഒ. ലൈസൻസ് ഫീസ് | 14819 |
| പി.എഫ്.എ. ലൈസൻസ് ഫീസ് | 18408 |

Local Fund Audit Department

| | |
|---|---|
| **ആകെ** | **2073541** |

വരവിനങ്ങൾ കൂടുതൽ കാര്യക്ഷമതയോടെ കാലികമായി പിരിച്ചെടുക്കുന്നതിൽ വരുത്തിയ അലംഭാവം ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപെടുത്തുന്നു.

Local Fund Audit Department

# ഭാഗം - 3

# ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

Local Fund Audit Department

## 3-1) വാർഷിക പദ്ധതി രൂപീകരണം, പരിശോധന, അംഗീകാരം

നഗരസഭയുടെ പദ്ധതി രൂപീകരണത്തിൽ മാർഗരേഖ (ജി.ഒ.(എം.എസ്.)128/07/തസ്വഭവ/14.5.07) യിലെ വ്യവസ്ഥകൾ പാലിക്കാതിരുന്നതിനെ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ പറയുന്നു. സർക്കാർ ഉത്തരവിലെ പ്രസക്ത ഖണ്ഡിക നമ്പറുകൾ ബ്രാക്കറ്റിൽ ചേർക്കുന്നു.

**1) പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ വേണ്ടത്ര പങ്ക് വഹിച്ചിട്ടില്ല.**

അതത് മേഖലയിൽ സേവനം പ്രദാനം ചെയ്യാൻ ശേഷിയുള്ളവരായിരിക്കണം വർക്കിംഗ് ഗ്രൂപ്പംഗങ്ങൾ എന്ന നിബന്ധന പാലിക്കാതിരുന്നതിനാൽ അംഗങ്ങളുടെ കാര്യമായ സേവനം മികച്ച പ്രോജക്ടുകൾ രൂപപ്പെടുത്തുന്നതിനും നടപ്പാക്കുന്നതിനും ഉപയോഗപ്പെടുത്താനായിട്ടില്ല. മിനിറ്റ്സ് ബുക്കുകൾ പ്രകാരം കുടുംബശ്രീ സി.ഡി.എസ് അംഗങ്ങൾ, എസ്.സി. പ്രമോട്ടർമാർ എന്നിവരുടെ സാന്നിധ്യം യോഗങ്ങളിലും പങ്കാളിത്തം പ്രവർത്തനങ്ങളിലും വേണ്ടത്ര ഉണ്ടായിട്ടില്ല. ചില ഗ്രൂപ്പ് യോഗങ്ങളിലെങ്കിലും കോറം (കൺവീനറുടെ നിർബന്ധിത ഹാജർ ഉൾപ്പെടെ നാല്) തികഞ്ഞതായി കാണുന്നില്ല. (സർക്കാർ ഉത്തരവ് ഖണ്ഡിക 4.5.4, 4.5.5, 4.5.7 കാണുക.)

ഒമ്പതും പത്തും പഞ്ചവത്സരപദ്ധതികളിൽ ഏറ്റെടുത്ത പരിപാടികളുടെ പട്ടികയും നേട്ടങ്ങളും തയ്യാറാക്കുക, പദ്ധതി ചെലവുകളെ സംബന്ധിച്ച ട്രഷറി കണക്കുകളുമായി ഒത്തു നോക്കുക, മുൻ പഞ്ചവത്സരപദ്ധതികളിലെ ഗുണഭോക്താക്കളുടെ സമ്പൂർണപട്ടിക വാർഡടിസ്ഥാനത്തിൽ തയ്യാറാക്കുക, പ്രശ്നങ്ങളുടെ ലഘുഗുരുത്വ പട്ടിക തയ്യാറാക്കുക, മെയിന്റനൻസ് പദ്ധതിക്കുള്ള സാധ്യതാ പ്രോജക്ടുകൾ പൂർണമായും കണ്ടെത്തുക തുടങ്ങിയ ചുമതലകളൊന്നും വർക്കിംഗ് ഗ്രൂപ്പുകൾ നിറവേറ്റിയിട്ടില്ല. (സർക്കാർ ഉത്തരവ് ഖണ്ഡിക 4.5.9 കാണുക.)

പ്രോജക്ടുകൾ തയ്യാറാക്കിയതു തന്നെ പ്രസക്ത രേഖകൾ പരിശോധിക്കൽ, ഫീൽഡ് സന്ദർശനം, തെരഞ്ഞെടുത്ത ഗുണഭോക്താക്കളുമായും സ്റ്റേക്ക്ഹോൾഡർമാരുമായുള്ള ചർച്ചകൾ, സർവേകളും പഠനങ്ങളും നടത്തൽ എന്നിവയുടെ പിൻബലത്തോടെയായിരുന്നുമില്ല. കൈമാറിയ എല്ലാ സ്ഥാപനങ്ങളിലെയും എല്ലാ ഉദ്യോഗസ്ഥരുടെയും സേവനം വർക്കിംഗ് ഗ്രൂപ്പുകൾ പ്രയോജനപ്പെടുത്തിയിട്ടില്ല. ഇക്കാരണങ്ങളാൽ പ്രോജക്ടുകളുടെ എണ്ണം കുറച്ച് മേന്മ ഉറപ്പാക്കുക എന്ന പ്രധാന ചുമതല നിറവേറ്റാനായിട്ടില്ല. (സർക്കാർ ഉത്തരവ് ഖണ്ഡിക 4.5.9, 4.5.10 കാണുക.)

Local Fund Audit Department

**2) സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചനകൾ**

ഓരോ മേഖലയിലെയും ബന്ധപ്പെട്ട വിഭാഗങ്ങളുമായുള്ള കൂടിയാലോചനകൾ നടത്തിയിട്ടില്ല. ഇക്കാരണത്താൽ പ്രയോജനം ഉറപ്പാക്കുന്ന പ്രോജക്ടുകൾക്ക് രൂപം കൊടുക്കാനും ഏറ്റെടുക്കാനും വേണ്ടത്ര കഴിഞ്ഞിട്ടില്ല.

**3) വാർഡ്സഭകൾ**

(ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക1.5, അനുബന്ധം I എന്നിവ കാണുക.)

**4) വികസനസെമിനാർ**

വികസനസെമിനാർ സംബന്ധിച്ച ഫോട്ടോകൾ, ഹാജർ രജിസ്റ്റർ (വീട്ട് നമ്പർ, മേൽവിലാസം, വയസ്സ് മുതലായവ കൃത്യമായി രേഖപ്പെടുത്തിയത്) ചർച്ചാ രേഖകൾ, ശുപാർശകൾ തുടങ്ങിയവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. (സർക്കാർ ഉത്തരവ് ഖണ്ഡിക 4.11.12 കാണുക.)

**5) ടി.എ.ജിയുടെ പരിശോധന തൃപ്തികരമല്ല**

നഗരസഭയുടെ പ്രോജക്ടുകളും പദ്ധതിരേഖകളും പരിശോധനയ്ക്ക് വിധേയമാക്കിയ നഗരസഭാതല സാങ്കേതികോപദേശ ഗ്രൂപ്പുകൾ സ്വന്തം ചുമതലകൾ നിറവേറ്റുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്.)128/07/തസ്വഭവ/14.5.07) യിലെ നിബന്ധനകളും സബ്സിഡി മാനദണ്ഡങ്ങളും (ജി.ഒ.(എം.എസ്.) 183/07/തസ്വഭവ/24.7.07, ജി.ഒ.(എം.എസ്.)199/08/തസ്വഭവ/11.7.08 മുതലായവ പ്രകാരം) പാലിച്ചുകൊണ്ടാണ് പ്രോജക്ടുകൾ തയ്യാറാക്കിയതെന്ന് ഉറപ്പുവരുത്താൻ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. (ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.3.3, 3.3.7, 3.6.2 എന്നിവ കാണുക.) നൂതന പദ്ധതികളോ സംയോജിതപദ്ധതികളോ നിർദ്ദേശിച്ചതായോ ചില പ്രോജക്ടുകളുടെ കാര്യത്തിലെങ്കിലും അനിവാര്യമായ സ്ഥലസന്ദർശനം നടത്തിയതായോ കാണുന്നില്ല. പദ്ധതി സമർപ്പിച്ചപ്പോൾ ടി.എ.ജി. യുടെ സെക്രട്ടറി നൽകിയ രസീത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. (ജി.ഒ.(എം.എസ്.) 128/07/തസ്വഭവ/14.5.07 ഖണ്ഡിക 4.15.2, 4.15.3, 4.15.5. കാണുക.)

ശരിയായ സൂക്ഷ്മ പരിശോധന നടത്താതെ പ്രോജക്ടുകൾ ശുപാർശ ചെയ്യുന്ന ടി.എ.ജി. മെമ്പർമാർക്കെതിരെ ജില്ലാ കളക്ടർ ഉചിതമായ നടപടിയെടുക്കേണ്ടതാണെന്ന നിർദ്ദേശത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക 4.15.4 കാണുക.) പ്രോജക്ടുകൾ ശരിയായ മേഖലയിൽപ്പെടുത്തുന്നതിൽ ശ്രദ്ധിച്ചിട്ടില്ല. (ഉദാ: അങ്കണവാടികൾക്ക് പ്ലാസ്റ്റിക് പായ വാങ്ങൽ (121/11) സേവനമേഖലയിലും പ്രഷർകുക്കർ വാങ്ങൽ (10/11) പശ്ചാത്തലമേഖലയിലും പെടുത്തിയിരിക്കുന്നു.)

ആസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നഗരസഭാചെയർപേഴ്സന്റെ നേതൃത്വത്തിൽ സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പുകളിലെ

Local Fund Audit Department

നാലോ അഞ്ചോ പ്രധാന അംഗങ്ങൾ എന്നിവർ മെമ്പർമാരായി സ്പെഷ്യൽ പ്ലാൻ കമ്മിറ്റി രൂപീകരിക്കണമെന്ന വ്യവസ്ഥയും പാലിച്ചില്ല. (മേൽ സർക്കാർ ഉത്തരവ് 4.18 കാണുക.)

## 3.1.1) ഡി.പി.സി. അംഗീകാരം

കോട്ടയം ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവ് (27.2.2011 ലെ 475/10/ഡി.പി.ഒ) പ്രകാരം, ഭേദഗതി നിർദ്ദേശങ്ങൾ ഉൾപ്പെടെ പരിഗണിച്ച് 2010-11 ലെ വാർഷിക പദ്ധതിക്ക് അംഗീകാരം നൽകി. 7 സ്പിൽ ഓവർ പ്രോജക്ടുകളും 95 പുതിയ പ്രോജക്ടുകളും ആണ് 2010-11 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്. പദ്ധതി അടങ്കൽ താഴെ പറയുന്നു.

| മേഖല | വികസനഫണ്ട് | മറ്റ് സ്രോതസ്സുകൾ | ആകെ |
|---|---|---|---|
| ഉത്പാദനമേഖല | 1131123 | 1014400 | 2145523 |
| സേവനമേഖല | 6169880 | 1943569 | 8113449 |
| പശ്ചാത്തലമേഖല | 5508126 | 3631375 | 9139501 |
| മേഖല വിഭജനത്തിൽപ്പെടാത്തത് | 3265498 | 357067 | 3622565 |
| ആകെ | 16074627 | 6946411 | 23021038 |

2010-11 സാമ്പത്തികവർഷം ചെലവഴിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട് | 16074627 | 10497142 (അനുവദനീയമല്ലാത്ത ചെലവ് ഉള്ള പ്രോജക്ടുകൾ ഉൾപ്പെടെ |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 1943569 | 1943569 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 3631375 | 3064000 (അനുവദനീയമല്ലാത്ത ചെലവുള്ള പ്രോജക്ടുകൾ) |
| കേന്ദ്രാവിഷ്കൃതപരിപാടി | 357067 | |
| സംസ്ഥാനാവിഷ്കൃത പരിപാടി | 294375 | 294375 |
| ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ | 100000 | 100000 |
| ഗുണഭോക്തൃവിഹിതം (നേരിട്ട്) | 620025 | 620025 |
| ആകെ | 23021038 | 16519111 |

## 3.1 (എ) മെയിന്റനൻസ് ഗ്രാന്റ് -വിനിയോഗം

2010-11 വർഷം മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഇനത്തിൽ ലഭിച്ച 1943569 രൂപയും വാട്ടർ അതോറിറ്റി കുടിശ്ശിക ഇനത്തിൽ ഈടാക്കി. മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിഹിതമായ 3064000 രൂപ ഉപയോഗിച്ച് ടാർ വാങ്ങൽ ഉൾപ്പെടെ നടത്തി പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

Local Fund Audit Department

## 3.1 (ബി) അനുവദനീയമല്ലാത്ത ചെലവുകളുള്ള പ്രോജക്ടുകൾ

ടാറിന് അധിക വില നൽകിയതുമൂലം ഭരണാനുമതി തുകയിലും അധികരിച്ച് ചെലവ് നടന്ന താഴെ പറയുന്ന പ്രോജക്ടുകളുടെ പുതുക്കിയ അടങ്കലിന് ഡി.പി.സി. യുടെ സാധൂകരണം വാങ്ങിയിരുന്നില്ല. തന്മൂലം ഈ പ്രോജക്ടുകൾ അനുവദനീയമല്ലാത്ത പ്രോജക്ടുകളുടെ ഗണത്തിലാണ് പെടുത്തിയിരിക്കുന്നത്.

| | | |
|---|---|---|
| 21-ാം വാർഡിൽ റോഡ് മെറ്റലിംഗും ടാറിംഗും | അടങ്കൽ- 200000<br>ചെലവ്- 205223 | വികസനഫണ്ട് |
| 13-ാം വാർഡിൽ ജോസ്പുരം വാഴേക്കടവ് റോഡ് മെറ്റലിംഗ് | അടങ്കൽ - 20000<br>ചെലവ്- 231494 | മെയിന്റനൻസ് ഗ്രാന്റ് |
| 7-ാം വാർഡിലെ പാടവേലിച്ചിറ റോഡ് മെറ്റലിംഗ് ടാറിംഗ് | അടങ്കൽ - 179000<br>ചെലവ് - 184223 | വികസനഫണ്ട് |

അടങ്കലിൽ അധികരിച്ച് ചെലവ് ചെയ്ത തുകയ്ക്ക് പുതുക്കിയ ഭരണാനുമതി, സാങ്കേതികാനുമതി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം എന്നിവ വാങ്ങേണ്ടതാണ്.

## 3.1 (സി) പ്രോജക്ടുകൾ നടപ്പാക്കിയില്ല

പ്രദേശത്തിന്റെ വികസനവും പ്രദേശവാസികളുടെ ക്ഷേമവും ഉറപ്പാക്കുന്നതിനു വേണ്ടി വാർഡ്സഭകളിലൂടെ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന പ്രോജക്ടുകളാണ് വികസന സെമിനാറിലെയും സ്റ്റാന്റിംഗ് കമ്മിറ്റികളിലെയും ഭരണസമിതിയിലെയും ചർച്ചകൾക്കും സാങ്കേതികോപദേശസമിതിയുടെ പരിശോധനയ്ക്കും ഡി.പി.സി.യുടെ അംഗീകാരത്തിനും ശേഷം നിർവഹണോദ്യോഗസ്ഥർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നത്. വിവിധ തരത്തിലും തലത്തിലുംപെട്ട ജനവിഭാഗങ്ങളുടെയും സന്നദ്ധപ്രവർത്തകരുടെയും ജീവനക്കാരുടെയും അധ്വാനവും സമയവും പൊതുധനവും പൊതുസൗകര്യങ്ങളും ഏറെ പ്രയോജനപ്പെടുത്തിയാണ് ഓരോ പ്രോജക്ടും തയ്യാറാക്കുന്നത്. ഇങ്ങനെ വലിയ പരിശ്രമത്തിലൂടെ രൂപപ്പെടുത്തുന്ന പ്രോജക്ടുകൾ നിറവേറ്റാതിരിക്കുന്ന നിർവഹണോദ്യോഗസ്ഥരുടെ നടപടി അതീവ ഗുരുതരമായ കൃത്യവിലോപമാണ്. പദ്ധതിരൂപീകരണത്തിനുള്ള ക്ലേശവും തയ്യാറെടുപ്പും നിർവഹണത്തിലും മോണിറ്ററിംഗിലും ജനപ്രതിനിധികളും ജീവനക്കാരും വർക്കിംഗ് ഗ്രൂപ്പുകളും വാർഡ്സഭകളും തുടർന്ന് ഏറ്റെടുക്കുന്നില്ല. നിർവഹണത്തിൽ വിമുഖത കാണിക്കുന്നതിന്റെ കാരണം കണ്ടെത്തി പരിഹരിക്കാനോ നിർവഹണ പ്രശ്നങ്ങൾ പരിഹരിക്കാനോ വേണ്ടത്ര ഇടപെടലുകൾ ഉണ്ടാകുന്നില്ല. വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവഴിക്കുന്നതുപോലെ നിരുത്തരവാദപരമാണ് പ്രവൃത്തിയാണ് അങ്ങേയറ്റം ദരിദ്രമായ കുടുംബങ്ങളെയും വ്യക്തികളെയും പ്രദേശങ്ങളെയും മുന്നിൽ കണ്ട് തയ്യാറാക്കിയ പ്രോജക്ടുകൾ നടപ്പാക്കാതിരിക്കുന്നത്.

വിവരാവകാശനിയമവും മറ്റും നിലവിൽ വന്നെങ്കിലും നിയമപരിജ്ഞാനക്കുറവും വാർഡ്സഭകളിലൂടെ ശക്തമായി ഇടപെടാനുള്ള ശേഷിയില്ലായ്മയും മൂലം പൗരസമൂഹത്തിന്റെ ജാഗ്രത വേണ്ടത്ര ശക്തിപ്രാപിച്ചിട്ടില്ല. ജനപ്രതിനിധികൾക്കും ജീവനക്കാർക്കുമെന്ന

Local Fund Audit Department

തുപോലെ പൗരസമൂഹത്തിന് വേണ്ടത്ര പരിശീലനവും ലഭ്യമല്ല. പ്രോജക്ടുകൾ നടപ്പാക്കാത്ത നിർവഹണോദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം തേടാനോ അവർക്കെതിരെ ഉചിതമായ അച്ചടക്കനടപടിയെടുക്കാനോ ഭരണസമിതി തയ്യാറാകാത്തത് പണമുണ്ടായിട്ടും വികസനപ്രവർത്തനങ്ങൾ നടക്കാതിരിക്കാനും ജനസമൂഹത്തിന് വികസനപ്രവർത്തനത്തിലുള്ള വിശ്വാസ്യത കുറയാനുമിടയാക്കുന്നു. വിവിധ നിർവഹണോദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ 6501927 രൂപ അടങ്കൽ വരുത്തിയ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിന്റെ സാഹചര്യം വാർഡ്സഭകളിൽ ജനങ്ങളെ ബോധ്യപ്പെടുത്തിയും ഭരണസമിതിയിൽ ചർച്ച ചെയ്തും മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3.1(ഡി) എല്ലാ നിർവഹണോദ്യോഗസ്ഥരുടെയും സേവനം പ്രയോജനപ്പെടുത്തിയില്ല

താഴെ പറയുന്ന നിർവഹണോദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്താതിരുതന്നതിന് വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നം. | നിർവഹണോദ്യോഗസ്ഥർ | നിർവഹണോദ്യോഗസ്ഥരായി നിയോഗിച്ച സർക്കാർ ഉത്തരവ് | ഏൽപ്പിക്കാമായിരുന്ന പ്രോജക്ടുകൾ |
|---|---|---|---|
| 1 | ഹെൽത്ത് ഓഫീസർ | ജി.ഒ.(പി) 177/06/ഫിൻ/ 12.4.06 | സമഗ്ര ആരോഗ്യ പരിപാലനം പ്രോജക്ട് നം. 13/2011 |
| 2 | ഹെഡ് മാസ്റ്റർ | ,, | ഗവ. ഗേൾസ് ഹൈസ്കൂൾ പുനരുദ്ധാരണം പ്രോജക്ട് നം. 106/10-11 |
| 3 | പ്രോജക്ട് ഓഫീസർ, യു.പി.എ. | ,, | ആശ്രയ പ്രോജക്ട് നം. 23/10-11 |

## 3.2) ഉൽപ്പാദനമേഖല

### 3.2.1) കൃഷി

തരിശുഭൂമികളിലും പ്രാന്തപ്രദേശങ്ങളിലും കൃഷി ചെയ്യുക, ഭൂമിയുടെ പരമാവധി ഉപയോഗം, ഉറപ്പു വരുത്തുക, മണ്ണ് സംരക്ഷിക്കുക, ജൈവവളം ഉൽപ്പാദിപ്പിക്കുക, തവാരണകൾ സ്ഥാപിക്കുക, കൂട്ടുകൃഷി സമ്പ്രദായവും സസ്യസംരക്ഷണവും പ്രോത്സാഹിപ്പിക്കുക, കൃഷിക്കാർക്കിടയിൽ സ്വാശ്രയസംഘങ്ങൾ രൂപീകരിക്കുക, ഉദ്യാനകൃഷിയും പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുക, കാലിത്തീറ്റ വിളവികസനവും കൃഷിയിടങ്ങളുടെ യന്ത്രവൽക്കരണവും നടപ്പാക്കുക, വിത്തുൽപ്പാദനം വികസിപ്പിക്കുക, കാർഷികപ്രദർശനങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയ ചുമതലകളാണ് കാർഷിക മേഖലയിൽ നഗരസഭ നിറവേറ്റേണ്ടത് (വകുപ്പ് 30 (1) പട്ടിക 1 (സി) 1 പ്രകാരം)

നഗരസഭയുടെ കാർഷികമേഖലയിലെ പദ്ധതി പ്രവർത്തനം 3 പ്രോജക്ടുകൾ മാത്രമായി ചുരുങ്ങി (പച്ചക്കറി വികസനം 33000 രൂപ ജാതി കൃഷി 25000 രൂപ കര നെൽകൃഷി 16031 രൂപ)

Local Fund Audit Department

## 3.2.2) മൃഗസംരക്ഷണം

മൃഗസംരക്ഷണമേഖലയിൽ നഗരസഭ നിറവേറ്റേണ്ടവയിൽ കോഴി/ തേനീച്ച/ പന്നി/ മുയൽ വളർത്തുക, മൃഗങ്ങളോടുള്ള ക്രൂരത തടയുക, കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ നടത്തുക, കന്നുകാലി/ കോഴി പ്രദർശനങ്ങൾ നടത്തുക തുടങ്ങിയ ചുമതലകൾക്കു വേണ്ടിയുള്ള പ്രോജക്ടുകളൊന്നും നടപ്പാക്കിയില്ല. താഴെ പറയും പ്രകാരം 2 പ്രോജക്ടുകളാണ് നടപ്പാക്കിയത്.

## 3.2.2. (എ) എരുമക്കിടാവ് പരിപാലനം : സബ്സിഡി മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് നം. | : | എസ്. 004/11 |
| നിർവഹണോദ്യോഗസ്ഥൻ | : | വെറ്ററിനറി സർജൻ |
| അടങ്കൽ | : | 106875 (വികസനഫണ്ട്) |
| | | 1068975 (സംസ്ഥാനാവിഷ്കൃതം) |
| | | 213750 (ഗുണഭോക്തൃവിഹിതം നേരിട്ട്) |
| | | 427500 |

എരുമക്കിടാവ് പരിപാലന പദ്ധതിക്കായി ബിൽ നം. 1/10-11 തീയതി: 22.1.11 പ്രകാരം വികസനഫണ്ടിൽ നിന്നും 106875 രൂപ പിൻവലിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്താക്കളുടെ എണ്ണം, പേര്, അപേക്ഷകൾ എന്നിവ ലഭ്യമായില്ല.
2) വികസനഫണ്ടിൽ നിന്നും തുക പിൻവലിച്ചതായി മാത്രം കാണുന്നു. പ്രസ്തുത തുക വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.
3) കിടാരികളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകളില്ല.
4) വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.
5) ഐ.കെ.എം. തയ്യാറാക്കിയ ചെലവു കണക്കിൽ 106875 രൂപ സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടായും 213750 രൂപ ഗുണഭോക്തൃവിഹിതമായും വരവും ചെലവും രേഖപ്പെടുത്തിയത് ശരിയല്ല.
6) സബ്സിഡി മാർഗരേഖ പ്രകാരം എരുമക്കിടാവ് പരിപാലനത്തിന് സബ്സിഡി അനുവദനീയമല്ല. സർക്കാരിന്റെ മുൻകൂർ അനുമതിയും ഹാജരാക്കിയിട്ടില്ല. സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം ധനദുർവിനിയോഗമാണ്. (ജി.ഒ.(എം.എസ്.) 183/07/തസ്വഭവ/24.2.07 ഖണ്ഡിക 2 പ്രകാരം ) ഈ കാരണങ്ങളാൽ 106875 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.സർക്കാർ സാധൂകരണം ഹാജരാക്കാത്തപക്ഷം ചെലവ് നിരാകരിക്കുന്നതാണ്.

## 3.2.2. (ബി) പ്രത്യേക കന്നുകുട്ടി പരിപാലനം-പ്രസക്ത രേഖകൾ ഹാജരാക്കിയില്ല

| | | |
|---|---|---|
| പ്രോജക്ട് നം. | : | എസ്. 0014/11 |
| നിർവഹണോദ്യോഗസ്ഥൻ | : | വെറ്റിനറി സർജൻ |

അടങ്കൽ : 187500 (വികസനഫണ്ട്)
187500 (സംസ്ഥാനാവിഷ്കൃതം)
375000 (ഗുണഭോക്തൃവിഹിതം നേരിട്ട്)
750000

'പ്രത്യേക കന്നുകുട്ടി പരിപാലനം' എന്ന പ്രോജക്ടിൽ ആകെ 50 ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി വികസനഫണ്ടിൽ നിന്ന് 22.1.11 ലെ ബിൽ നം. 2/10-11 പ്രകാരം 187500 രൂപ പിൻവലിച്ചു. പ്രോജക്ടിന്റെ നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വികസനഫണ്ട് വിഹിതം അസിസ്റ്റന്റ് ഡയറക്ടർക്ക് (കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം) നൽകിയതിന് രേഖകളില്ല.
2) സബ്സിഡി തുക നൽകിയതിന്റെ കൈപ്പറ്റ് രസീത് ലഭ്യമായിട്ടില്ല.
3) വികസനഫണ്ടിൽ നിന്നും നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.
4) മൃഗസംരക്ഷണവകുപ്പിന്റെ 20.1.01 ലെ ജി.ഒ.(എം.എസ്.) 11/01 പ്രകാരമുള്ള മാർഗരേഖയനുസരിച്ചുള്ള ഗുണഭോക്താക്കളുടെ അപേക്ഷകൾ, കിടാരികളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ, കരാർ രേഖകൾ , വ്യക്തിഗതരജിസ്റ്റർ എന്നിവ ലഭ്യമായില്ല. ഗുണഭോക്താക്കളുടെ പേര് വിവരം അനുബന്ധം രണ്ടിൽ ചേർത്തിട്ടുണ്ട്. തുടർവർഷങ്ങളിലെ തുകയുടെ വിനിയോഗവിവരവും കൈവരിച്ച നേട്ടവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
5) സബ്സിഡിയുടെ സംസ്ഥാനവിഹിതം ആദ്യം നിർവഹണോദ്യോഗസ്ഥനായ വെറ്റനറി സർജന് നൽകേണ്ടതും അപ്രകാരം തുക നൽകിയ വിവരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തെ അറിയിക്കേണ്ടതുമാണ്. അതിനുശേഷം തദ്ദേശസ്വയം ഭരണസ്ഥാപനത്തിന്റെ വിഹിതം നിർവഹണോദ്യോഗസ്ഥന് കൈമാറേണ്ടതാണ്. (ജി.ഒ.(എം.എസ്.) 183/07 തീയതി: 24.7.07 ഖണ്ഡിക പ്രകാരം). എന്നാൽ സബ്സിഡിയായ സംസ്ഥാനവിഹിതം ലഭിച്ചിട്ടില്ല. ലഭിച്ചതായി ഐ.കെ.എം തയ്യാറാക്കിയ കണക്കിൽ കാണുന്നത് തെറ്റാണ്.

മേൽ അപാകതകൾ മൂലം 187500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3.2.3) കയർ തൊഴിലാളികൾക്ക് അസംസ്കൃത വസ്തു ലഭ്യമാക്കൽ മോണിട്ടറിംഗില്ല

പ്രോജക്ട് നം. : എസ്. 017/11
100000 (വികസനഫണ്ട്)
100000 (ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ)
അടങ്കൽ : 200000
നിർവഹണോദ്യോഗസ്ഥൻ : വ്യവസായവികസന ഓഫീസർ

Local Fund Audit Department

പരമ്പരാഗത കയർ തൊഴിലാളികൾക്ക് (സ്ത്രീകൾക്ക്) കുറഞ്ഞ ചെലവിൽ ചകിരി ലഭ്യമാക്കുക എന്നതായിരുന്നു പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. ആയതിലേയ്ക്കായി 10 അംഗങ്ങൾ വീതമുള്ള 2 ആക്ടിവിറ്റി ഗ്രൂപ്പുകൾ (വൈക്കത്തപ്പൻ ആക്ടിവിറ്റി ഗ്രൂപ്പ്, ശ്രീകൃഷ്ണ ആക്ടിവിറ്റി ഗ്രൂപ്പ്) രൂപീകരിക്കുകയും കെട്ടുചകിരി നൽകുകയും ചെയ്തു.

രണ്ട് ആക്ടിവിറ്റി ഗ്രൂപ്പുകളും വൈക്കം ടൗൺ എസ്.സി.ബി. നം. കെ 349 ൽ അക്കൗണ്ട് തുടങ്ങുകയും 28.6.11 ൽ ലോൺ തുക 50000 രൂപ വീതം ക്രെഡിറ്റിൽ വരികയും ചെയ്തു. പിന്നീട് 29.3.11ബിൽ നം. 1/10-11 പ്രകാരം ഒരു ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് 50000 രൂപ വീതം 2.7.11 ൽ രണ്ട് ഗ്രൂപ്പുകളുടെയും അക്കൗണ്ടിൽ ക്രഡിറ്റു ചെയ്തു.

അംഗങ്ങളുടെ അപേക്ഷകൾ, കയർതൊഴിലാളി അംഗത്വം, കരാർ രേഖകൾ എന്നിവ ഓഡിറ്റിനായി ഹാജരാക്കി. പ്രോജക്ടിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ശ്രീ. സാബു വട്ടപ്പറമ്പിൽ, ടി.വി. പുരം, വൈക്കം എന്ന വ്യക്തിയിൽ നിന്നാണ് 50 കിലോഗ്രാം തൂക്കം വരുന്ന 135 കെട്ട് ചകിരി രണ്ട് ഗ്രൂപ്പുകളും വാങ്ങിയിരിക്കുന്നത്. പ്രസ്തുത ആവശ്യത്തിലേയ്ക്കായി വിശദമായ ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.
2) ഗ്രൂപ്പുകൾ വ്യവസായവകുപ്പിൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല.
3) ഗ്രൂപ്പുകളുടെ പ്രവർത്തന റിപ്പോർട്ടോ, നിലവിൽ പ്രവർത്തിക്കുന്നുണ്ട് എന്നതിന്റെ മോണിട്ടറിങ് റിപ്പോർട്ടോ ലഭ്യമല്ല.
4) തദ്ദേശസ്വയം ഭരണവകുപ്പിന്റെ 24.7.07 ലെ ജി.ഒ.(എം.എസ്.) 183/07 ഖണ്ഡിക 3 (IX) പ്രകാരം 06-07 വരെയുള്ള കണക്കുകൾ കൃത്യമായി തയ്യാറാക്കുകയും 05-06 വരെയുള്ള കണക്കുകൾ ഓഡിറ്റിന് വിധേയമാക്കി ഗുരുതരമായ വീഴ്ചകൾ കണ്ടെത്താതിരിക്കുകയും ചെയ്ത സഹകരണ സംഘങ്ങൾക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ. എല്ലാ സഹകരണസംഘങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച് മാർക്കു നിശ്ചയിച്ച് ഏറ്റവും അർഹമായ സംഘത്തെ / സംഘങ്ങളെ മാത്രമേ ധനസഹായത്തിനായി തെരഞ്ഞെടുക്കാവൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. (ഖണ്ഡിക 3.1 × 3.3) എന്നാൽ മേൽ സൂചിപ്പിച്ച മാനദണ്ഡങ്ങൾ പാലിച്ച് ചെലവിന്റെ സാധുത ഉറപ്പാക്കിയിട്ടില്ലാത്തതിനാൽ ഒരു ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

Local Fund Audit Department

## 3.3) സേവനമേഖല

## 3.3.1) ഇ.എം.എസ്. സമ്പൂർണ ഭവനപദ്ധതി നഗരസഭ ലക്ഷ്യം കൈവരിച്ചിട്ടില്ല

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭവനരഹിതർക്കും വീട് നൽകുക, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭൂരഹിത-ഭവനരഹിതർക്കും സ്ഥലവും വീടും നൽകുക എന്നീ ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഇ.എം.എസ്. സമ്പൂർണഭവനപദ്ധതി നടപ്പാക്കിയതിൽ നഗരസഭ ലക്ഷ്യം കൈവരിച്ചിട്ടില്ല.

2010-11 മുതൽ പത്തു വർഷങ്ങളിലായി ലഭിക്കുന്ന പൊതുവിഭാഗം വികസന ഫണ്ട് വിഹിതത്തിൽ നിന്ന് മുതൽ തിരിച്ചടയ്ക്കുന്ന രീതിയിൽ നിശ്ചിത നിബന്ധനകൾക്ക് വിധേയമായി ബാങ്കിൽ നിന്ന് വായ്പ എടുത്ത് ഇ.എം.എസ്. ഭവന പദ്ധതി നടപ്പാക്കുവാൻ കൗൺസിൽ തീരുമാനം (നമ്പർ 5 (1) തീയതി: 12.5.10) എടുക്കുകയുണ്ടായി.

അന്തിമമാക്കിയ ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിഭാഗം | പൊതുവിഭാഗം എണ്ണം | പട്ടികജാതി വിഭാഗം എണ്ണം | പട്ടികവർഗ്ഗ വിഭാഗം എണ്ണം | ആകെ |
|---|---|---|---|---|---|
| 1 | ഭൂരഹിത-ഭവനരഹിതർ | 57 | 15 | 0 | 72 |
| 2 | ഭവനരഹിതർ | 320 | 61 | 1 | 382 |
| 3 | എം.എൻ ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| | | **ആകെ** | | | **454** |

വായ്പഎടുക്കുന്നതിന് സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളുടെയും വായ്പാ പരിധിയുടെയും അടിസ്ഥാനത്തിൽ കണക്കാക്കിയ വായ്പാ തുകയായ 18550000 രൂപ കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പയെടുക്കുന്നതിനും 2010-11 മുതൽ ലഭിക്കുന്ന പൊതുവിഭാഗം വികസനഫണ്ട് വിഹിതം വിനിയോഗിച്ച് ചുവടെ വിവരിക്കുന്ന രീതിയിൽ തിരിച്ചടയ്ക്കുന്നതിനും നഗരസഭ തീരുമാനിച്ചു.

| ക്രമ നം. | വർഷം | മുതൽ തുക |
|---|---|---|
| 1 | 2010-11 | 1387500 |
| 2 | 2011-12 | 1526250 |
| 3 | 2012-13 | 1678875 |
| 4 | 2013-14 | 1846762 |
| 5 | 2014-15 | 2031438 |
| 6 | 2015-16 | 2234581 |
| 7 | 2016-17 | 2458039 |
| 8 | 2017-18 | 2703842 |
| 9 | 2018-19 | 2682713 |

Local Fund Audit Department

10 2019–20 ഇല്ല
**ആകെ 18550000**

2010–11 മുതൽ തിരികെ പിടിക്കേണ്ട 1387500 രൂപയ്ക്കാണ് വാർഷിക പദ്ധതി യിൽ പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയതെങ്കിലും (പ്രോജക്ട് നം. 24/10–11) തൻവർഷം പദ്ധതി വിഹിതത്തിന്റെ 8,10 ഗഡുക്കളിൽ നിന്നും 903000 രൂപ വീതം 1806000 രൂപ ഇ.എം.എസ്. ഭവന വായ്പ തിരിച്ചടവ് ഇനത്തിൽ കിഴിവ് ചെയ്യുകയുണ്ടായി. അധികമായി 418500 രൂപ ( 1806000–1387500) വികസനഫണ്ടിൽ നിന്നും ഈടാക്കിയത് വ്യക്തത വരുത്തേണ്ടതാണ്. ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചവർ, പണി പൂർത്തീകരിച്ചവർ, പൂർത്തീകരിക്കാൻ ബാക്കി നിൽക്കുന്നവർ എന്നിവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വിഭാഗം | പണി നടത്തിയവർ | പണി പൂർത്തീകരിച്ചവർ | വിവിധ ഘട്ടങ്ങളിൽ പൂർത്തീകരണം നിലച്ചവർ |
|---|---|---|---|
| ജനറൽ | 139 | 103 | 36 |
| വികലാംഗർ | 05 | 04 | 01 |
| അഗതി | 11 | 08 | 03 |
| പട്ടികജാതി | 09 | 06 | 03 |
| **ആകെ** | **164** | **121** | **43** |

അതായത് ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 454 ഗുണഭോക്താക്കളിൽ 164 പേർ മാത്രം വീടുപണി ആരംഭിക്കുകയും 121 പേർ മാത്രം പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളൂ. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ 290 പേർ ഇനിയും വീടുപണി ആരംഭിച്ചിട്ടില്ല. പദ്ധതിയിൽ ലക്ഷ്യമിട്ട പ്രകാരം പരമാവധി ആളുകൾക്ക് ഭവനനിർമ്മാണം സാധ്യമാക്കുന്ന രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3.3.2) അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെയും സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായും ആനുകൂല്യങ്ങൾ നൽകൽ

2010–11 ൽവ്യക്തിഗതാനുകൂല്യങ്ങൾ നൽകുന്നതിനായി തയ്യാറാക്കിയ പ്രോജക്ടുകൾ താഴെ പറയുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|
| 5/2011 | ടോയ്ലറ്റ് നിർമ്മാണം | 133800 |
| 6/2011 | വീട് മെയിന്റനൻസ് | 905000 |
| 12/2011 | വീട് വയറിംഗ് | 92000 |

നിർവഹണോദ്യോഗസ്ഥ : സെക്രട്ടറി

പ്രസ്തുത പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയൽ അനുബന്ധരേഖകൾ എന്നിവ പ്രകാരം താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഗുണഭോക്താക്കൾ വാർഡ്സഭ മുഖേന കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരാണെന്ന് തെളിയിക്കുന്ന (ജി.ഒ.(പി) 181/98/തഭവ/2.9.98 പ്രകാ

Local Fund Audit Department

രമുള്ള) ഗുണഭോക്തൃലിസ്റ്റ് രേഖാമൂലം ആവശ്യപ്പെട്ടുവെങ്കിലും പരിശോധ നയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) ത.സ്വ.ഭ. വകുപ്പിന്റെ 24.7.07 ലെ ജി.ഒ. (എം.എസ്.) 183/07/പ്രകാരം നിഷ്കർഷിച്ച സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വ്യക്തിഗതാനുകൂല്യങ്ങൾ അനുവ ദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് 26.4.12 ൽ ഓഡിറ്റ് എൻക്വയറി നൽകിയിരു ന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

3) സബ്സിഡി മാർഗ്ഗരേഖ പ്രകാരം വീട് അറ്റകുറ്റപ്പണി, ശുചിത്വ കക്കൂസ് നിർമ്മാ ണം, വീട് വയറിംഗ് തുടങ്ങിയവയ്ക്ക് ആനുകൂല്യങ്ങൾ അനുവദിക്കേണ്ടത് ബി പി എൽ കുടുംബങ്ങൾക്ക് മാത്രമാണ്. എന്നാൽ റേഷൻ കാർഡ് പ്രകാരം എ.പി. എൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ അനുവദിച്ചിട്ടു ണ്ട്. ഇവർ ബി.പി.എൽ പരിധിയിൽ വരുന്നവരാണെന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഇപ്രകാരം അനർഹമായി ആനുകൂല്യങ്ങൾ ലഭിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**എ) വീട് അറ്റകുറ്റപ്പണി**

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം/വാർഡ് നം. | നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | ടി . അശോകൻ മാടയിൽ വീട്, വാർഡ്–23 | 5000 | എ.പി.എൽ. (പ്രതിമാസ വരുമാനം റേഷൻ കാർഡ് പ്രകാരം 2500) |
| 2 | ഓമന രമണൻ, കടവിൽപറമ്പ് , വാർഡ്–20 | 5000 | എ.പി.എൽ. (റേഷൻകാർഡ് ഉടമസ്ഥനായ ശ്രീ. രമണൻ പി.കെ. പെൻഷണറാണ്) |
| 3 | വിനുമോൻ പി.ഡി., ബിജുഭവൻ, വാർഡ്–16 | 5000 | എ.പി.എൽ (റേഷൻകാർഡ് പ്രകാരം വരുമാനം പ്രതിമാസം 2500) |
| 4 | എൻ. ശാന്തകുമാരിഅമ്മ, വെളുത്തേടത്ത്പറമ്പ്, വാർഡ്–9 | 5000 | പെൻഷണർ |
| 5 | അംബിക മോഹൻ, അശ്വനിഭവൻ, വാർഡ്– 19 | 5000 | എ.പി.എൽ |
| 6 | ഡി. സുരേന്ദ്രൻ, എരപ്പറമ്പ്, വാർഡ്– 13 | 5000 | എ.പി.എൽ |
| 7 | ലീല ശശിധരൻ, മാപ്പിള്ളശ്ശേരിൽ, വാർഡ്–20 | 5000 | എ.പി.എൽ |
| 8 | യമുന കേശവമന്ദിരം, വാർഡ്–17 | 5000 | എ.പി.എൽ |
| 9 | സന്തോഷ് മൂത്തേടത്ത്ചിറ, വാർഡ്–14 | 5000 | എ.പി.എൽ |
| 10 | ദേവസ്യ കളത്തിപ്പറമ്പിൽ, വാർഡ് –14 | 5000 | എ.പി.എൽ |
| | **ആകെ** | **50000** | |

Local Fund Audit Department

**ബി) ശുചിത്വ കക്കൂസ് നിർമ്മാണം**

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം/വാർഡ് നം. | നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | രാധാ വിജയൻ, പുത്തൻതറ, വാർഡ്-23 | 2500 | ഭർത്താവ് വിജയൻ ഗവൺമെന്റ് ജീവനക്കാരൻ |
| 2 | സതി ബാബു, വാലുചിറ, വാർഡ്-20 | 2500 | എ.പി.എൽ |
| 3 | കുസുമം ചന്ദ്രൻ, മുട്ടിയത്തറ, വാർഡ്-7 | 2500 | എ.പി.എൽ |
| 4 | ഉണ്ണികൃഷ്ണൻ, നീതുനിവാസ്, വാർഡ്-12 | 2500 | എ.പി.എൽ |
| 5 | സിദ്ധാർത്ഥൻ കെ.വി., കായിപ്പുറത്ത്, വാർഡ്- 15 | 2500 | എ.പി.എൽ |
| | **ആകെ** | **12500** | |

**സി) വീട് വയറിംഗ്**

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം/വാർഡ് നം. | നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | സുഭദ്ര ചന്ദ്രൻ, സിന്ധുനിവാസ്, വാർഡ്- 7 | 2000 | എ.പി.എൽ ഇ |
| 2 | സണ്ണി പി.സി., പുത്തൻതറ, വാർഡ്-4 | 2000 | എ.പി.എൽ ഇ |
| | **ആകെ** | **4000** | |

വ്യക്തിഗതാനുകൂല്യങ്ങൾ സബ്സിഡി മാനദണ്ഡം ലംഘിച്ച് അനർഹരായവർക്ക് അനുവദിക്കുന്നത് ധനദുർവിനിയോഗമാകയാൽ 66500 രൂപയുടെ ചെലവ് (50000+12500+4000) നിരാകരിക്കുന്നു. (ജി.ഒ.(എം.എസ്.) 183/07/തസ്വഭവ/24.7.07 ഖണ്ഡിക 2.2. കാണുക.)

## 3.3.3) വീട് അറ്റകുറ്റപ്പണി (ജനറൽ) സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ധനസഹായം നൽകൽ

2010-11 ൽ വ്യക്തിഗതാനുകൂല്യങ്ങൾ നൽകുന്നതിനായി അംഗീകാരം നേടിയ പ്രോജക്ടുകളിൽ വീട് അറ്റകുറ്റപ്പണി (ജനറൽ) പ്രോജക്ട് നം. 6/2011 (പദ്ധതി അടങ്കൽ 905000), വീട് അറ്റകുറ്റപ്പണി (ജനറൽ) സ്പിൽ ഓവർ പ്രോജക്ട് നം. 87 (പദ്ധതി അടങ്കൽ 86300) എന്നിവയിലായി യഥാക്രമം 830000 രൂപ, 86300 രൂപ ഉൾപ്പെടെ ആകെ 916300 രൂപ ചെലവഴിച്ചിട്ടുണ്ട്. ജി.ഒ.(എം.എസ്.) 183/2007/തസ്വഭവ 24.7.07 , ഖണ്ഡിക 2.5.3 പ്രകാരം വീടുകളുടെ അറ്റകുറ്റപ്പണിക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് ധനസഹായത്തിന് അർഹതയുള്ളത്. ഇക്കാര്യം പ്രോജക്ട് തയ്യാറാക്കിയ സെക്രട്ടറി കൺവീനറായ വർക്കിംഗ് ഗ്രൂപ്പോ പ്രോജക്ട് പരിശോധിച്ച ടി.എ.ജി. യോ പ്രോജക്ട് അംഗീകരിച്ച ഡി പി സിയോ ശ്രദ്ധിക്കേണ്ടതായിരുന്നു. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പൊതുവിഭാഗത്തിന് വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകിയതിനാൽ (മേൽ പറഞ്ഞ സർക്കാർ ഉത്തരവ് ഖണ്ഡിക 2.2 പ്രകാരം) തൻവർഷം ഇക്കാര്യത്തിന് ചെലവഴിച്ച 916300 രൂപയിൽ

Local Fund Audit Department

നിരാകരിച്ച 50000 രൂപ കിഴിച്ചുള്ള 866300 രൂപയുടെ ചെലവ് ഓരോ ഗുണഭോക്താവിനെയും സംബന്ധിച്ച വിശദവിവരങ്ങൾ ഹാജരാക്കുന്നതിനായി തടസ്സപ്പെടുത്തുന്നു.

## 3.3.4) അഗതി–ആശ്രയപദ്ധതി

സമൂഹത്തിലെ അശരണരായ വ്യക്തികളുടെ അതിജീവനാവശ്യങ്ങൾ, അടിസ്ഥാന സൗകര്യാവശ്യങ്ങൾ വികസനാവശ്യങ്ങൾ മാനസികാവശ്യങ്ങൾ തുടങ്ങിയവ നിറവേറ്റുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. നഗരസഭയിൽ നടപ്പാക്കി വന്ന ആശ്രയ പദ്ധതി പുനഃപരിശോധനയിൽ കണ്ടെത്തിയ 66 കുടുംബങ്ങളിൽപ്പെട്ട 156 ഗുണഭോക്താക്കൾക്കായി 3868220 രൂപ അടങ്കൽ ഉള്ള പുതുക്കിയ പ്രോജക്ട് 2010–11 ൽ രൂപീകരിച്ചു. പുതുക്കിയ പ്രോജക്ട് പ്രകാരം 557220 രൂപ ചലഞ്ച് ഫണ്ടായി കുടുംബശ്രീ സംസ്ഥാനമിഷനിൽ നിന്നും പ്രതീക്ഷിച്ചു.

2010–11 ലെ വരവ് ചെലവ് കണക്ക് താഴെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | : | 1653287 |
| വരവ് | : | 100000 (2010–11 വികസനഫണ്ട്) |
| | : | 62357 (പലിശ) |
| ആകെ | : | 1815644 |
| ചെലവ് | : | 46240 |
| നീക്കിയിരിപ്പ് | : | 1769404 (അക്കൗണ്ട് നം. എസ്.ബി/9662 കോട്ടയം ജില്ലാ കോ–ഓപ്പറേറ്റീവ് ബാങ്ക്, വൈക്കം) |

ആശ്രയ പദ്ധതി പ്രകാരം റേഷൻ വിതരണം, മരുന്ന് വിതരണം എന്നിവയ്ക്കു വേണ്ടി മാത്രമാണ് നാമമാത്രമായി എങ്കിലും തുക ചെലവഴിച്ചിരിക്കുന്നത്.

ആശ്രയ പദ്ധതി പുനഃപരിശോധനയിൽ കണ്ടെത്തിയ ഗുണഭോക്താക്കൾക്കായി 2010–11 ൽ പുതുക്കിയ പ്രോജക്ട് പ്രകാരം നടപ്പാക്കേണ്ട സേവന പാക്കേജിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| സേവന പാക്കേജ് | സേവനം ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | ആവശ്യമായ തുക | തുക വകയിരുത്തുന്ന ഏജൻസി |
|---|---|---|---|---|
| ഭക്ഷണം | 64 | 154 | 198720 | കുടുംബശ്രീ |
| ചികിത്സ | 33 | 68 | 302500 | കുടുംബശ്രീ |
| വസ്ത്രം | 61 | 123 | 124500 | സ്പോൺസറിംഗ് |
| ഭൂമി | 1 | 1 | 75000 | പ്ലാൻ ഫണ്ട് |
| വീട് | 23 | 23 | 2875000 | പ്ലാൻ ഫണ്ട് |
| കുടിവെള്ളം | 12 | 12 | 47000 | കുടുംബശ്രീ |
| സ്വയംതൊഴിൽ | 5 | 14 | 112000 | പ്ലാൻ ഫണ്ട് |
| വിദ്യാഭ്യാസം മറ്റുള്ളവ | 8 | 23 | 94000 | കുടുംബശ്രീ |
| കക്കൂസ് | 2 | 2 | 9000 | പ്ലാൻ |
| വൈദ്യുതി | 5 | 5 | 30500 | കുടുംബശ്രീ |
| ആകെ | **214** | **425** | **3868220** | |

പുതുക്കിയ പാക്കേജിൽ ഉൾപ്പെടുത്തിയ എല്ലാ സേവനങ്ങളും പ്രാവർത്തികമാക്കാൻ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭാ

Local Fund Audit Department

കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു. ആശ്രയ പദ്ധതിയുടെ വിശദാംശങ്ങൾക്ക് ജി.ഒ. (എം.എസ്.) 12/10/തസ്വഭവ/16.1.2010 കാണുക.)

## 3.3.5) ഖരമാലിന്യ സംസ്കരണം - ആരോഗ്യമേഖല - ലക്ഷ്യം കൈവരിക്കാത്തതിനാൽ പാഴ്ചെലവ്

ഫയൽ നം. എച്ച്. 1 2641/10

എച്ച്. 1 6337/09

കേരള ശുചിത്വമിഷന്റെ സാമ്പത്തിക സഹകരണത്തോടെ ഖരമാലിന്യ സംസ്കരണത്തിനായി 42 ലക്ഷം രൂപ മുതൽ മുടക്കി നഗരസഭയ്ക്കുവേണ്ടി വെർമി കംപോസ്റ്റ് പ്ലാന്റ് കാസർകോസ് വെൽഫയർ സൊസൈറ്റി നിർമ്മിച്ചെങ്കിലും തുടർപ്രവർത്തനങ്ങൾ നടത്താത്തതിനാൽ നഗരസഭയിൽ നിലവിൽ ഖരമാലിന്യ സംസ്കരണ പ്രവർത്തനം നിലച്ചിരിക്കുകയാണ്. പാഴ് വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് നഗരസഭയ്ക്ക് 5.5. ഏക്കറോളം സ്ഥലം ഉണ്ട്. ഏകദേശം 6 ടൺ പാഴ് വസ്തുക്കൾ ഉൽപ്പാദിപ്പിക്കപ്പെടുന്നു എന്നു കണക്കാക്കിയാണ് പ്ലാന്റിന്റെ പ്രവർത്തനങ്ങൾ നടത്തിയതെങ്കിലും പ്ലാന്റിൽ നിന്നും ബയോഗ്യാസ് നിർമ്മാണം ആരംഭിക്കാൻ കഴിയാതെ 9.8.07 മുതൽ പ്രവർത്തനം സ്തംഭനാവസ്ഥയിലാണ്.

Local Fund Audit Department

### 1) ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ തുടർപ്രവർത്തനം

പ്ലാന്റിന്റെ തുടർ പ്രവർത്തനം സാധ്യമാക്കുന്നതിനായി നഗരസഭ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സർവീസ് പ്രൊവൈഡുമായി നഗരസഭ ചർച്ച നടത്തുകയും 15.2.10 ലെ എച്ച്.1- 1618/10 നമ്പർ കത്തു പ്രകാരം പ്ലാന്റിന്റെ തുടർ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന സർവീസ് പ്രൊവൈഡറായി കോട്ടയത്തെ സോഷ്യോ ഇക്കോണമിക് യൂണിറ്റ് ഫൗണ്ടേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു.

തുടർപ്രവർത്തനങ്ങൾക്കായി നഗരസഭ സമർപ്പിച്ച എസ്റ്റിമേറ്റിന് 137500 രൂപ അടങ്കൽ നിജപ്പെടുത്തി ശുചിത്യമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.3.10 ലെ എസ്.എം.(സി2) 1656/2009 കത്തുപ്രകാരം അംഗീകാരം നൽകി. പ്രോജക്ടിന്റെ നിർവഹണത്തിനായി 30.3.10 ൽ ശുചിത്വമിഷൻ നഗരസഭയ്ക്ക് 6 ലക്ഷം രൂപ മുൻകൂർ അനുവദിക്കുകയും 914/10 ലെ ഡി.ഡി.നം. 72893 പ്രകാരം ലഭിച്ച തുക 5.5.10 ൽ നഗരസഭയുടെ എസ്.ബി.റ്റി. വൈക്കം ശാഖയിലെ അക്കൗണ്ടിൽ വരവ് വയ്ക്കുകയും ചെയ്തു.

16.6.10 ൽ നഗരസഭാ സെക്രട്ടറിയും സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ ഡയറക്ടറും തമ്മിൽ കരാർ ഒപ്പുവയ്ക്കുകയും കരാറിലെ 1-ാം

വ്യവസ്ഥപ്രകാരം നഗരസഭയുടെ മാലിന്യ സംസ്കരണ പ്ലാന്റിന്റെ തുടർപ്രവർത്തനങ്ങൾ 1.7.10 മുതൽ 30.6.12 വരെ 2 വർഷത്തേക്ക് ഏറ്റെടുക്കുവാൻ സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷൻ തയ്യാറാക്കുകുകയും ചെയ്തു.

വ്യവസ്ഥ 4 പ്രകാരം നഗരസഭയുടെ ചുമതലയിൽ 3 ടൺ ജൈവ പാഴ് വസ്തു മാത്രം ദിവസവും പ്ലാന്റിൽ എത്തിക്കേണ്ടതാണ്. യാതൊരു കാരണവശാലും ജൈവ പാഴ് വസ്തുവും അജൈവ പാഴ് വസ്തുവും കൂട്ടി കലർത്താൻ പാടുള്ളതല്ല. പ്ലാന്റിന്റെ പ്രവർത്തനങ്ങൾ തടസ്സപ്പെടുകയാണെങ്കിൽ ഏജൻസിക്ക് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

വ്യവസ്ഥ 5 പ്രകാരം 3.3.10, 24.5.10 എന്നീ തീയതികളിലെ ഏജൻസിയുടെ കത്തു പ്രകാരമുള്ള പ്ലാന്റിന്റെ അറ്റകുറ്റപ്പണികൾ നഗരസഭ പൂർത്തിയാക്കി ഏജൻസിയെ ഏൽപ്പിക്കേണ്ടതും പ്ലാന്റിന്റെ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് 114750 രൂപ അനുവദിക്കേണ്ടതുമാണ്.

വ്യവസ്ഥ 12 പ്രകാരം പ്ലാന്റിന്റെ തുടർനടത്തിപ്പിന് സർക്കാർ അനുവദിച്ച പ്രതിമാസ 64000 രൂപ 12.5.10 ലെ 4-ാം നമ്പർ തീരുമാനപ്രകാരം നഗരഭാ സെക്രട്ടറി എഗ്രിമെന്റ് വയ്ക്കുമ്പോൾ ഏജൻസിക്ക് നൽകേണ്ടതാണ്.

കരാർ വ്യവസ്ഥകൾക്ക് അനുസൃതമായി 14.7.2010 ലെ ചെക്ക് നം. 3345 എസ്.ബി.റ്റി. വൈക്കം പ്രകാരം 114750 രൂപ നഗരസഭ കോട്ടയത്തെ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് അനുവദിച്ചു.

## 2) പ്ലാന്റിന്റെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കിയില്ല

ഖരമാലിന്യ പ്ലാന്റിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള പ്ലാന്റിന്റെ അത്യാവശ്യ റിപ്പയർ പൂർത്തിയാക്കുന്നതിനും അനുബന്ധ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനുമായി 338750 രൂപയുടെ എസ്റ്റിമേറ്റ് നഗരസഭ തയ്യാറാക്കുകയും ആ വിവരം 18.8.10 ലെ കത്തു പ്രകാരം എസ്.ഇ.യു. വിനെ അറിയിക്കുകയും ചെയ്തു. എസ്റ്റിമേറ്റിന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ 31.12.10 ലെ കത്ത് (നമ്പർ എസ്.എം. (സി2) 1656/09 ) പ്രകാരം സാങ്കേതികാനുമതി നൽകി. അറ്റകുറ്റപ്പണികൾക്കായി ടെൻഡർ ക്ഷണിച്ചെങ്കിലും പ്രതികരണമൊന്നും ലഭിച്ചില്ല. ആയതിനാൽ ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ യാതൊരു തുടർ പ്രവർത്തനവും നാളിതുവരെ ആരംഭിച്ചിട്ടില്ല.

നഗരസഭ പ്ലാന്റിന്റെ അത്യാവശ്യ അറ്റകുറ്റപ്പണികളും മറ്റും പൂർത്തിയാക്കിയതിനുശേഷം പുനരാംഭിക്കുന്നതിന് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് കൈമാറുക എന്ന വ്യവസ്ഥ പാലിയ്ക്കാത്തതിനാൽ തുടർ നടത്തിപ്പിനുവേണ്ടി സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ നടപടികളൊന്നും സ്വീകരിച്ചിട്ടുമില്ല.

Local Fund Audit Department

## 3) സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് മുൻകൂർ നൽകിയ 114750 രൂപ നിഷ്ക്രിയമായി അവശേഷിക്കുന്നു

നഗരസഭയും സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനും തമ്മിൽ ഏർപ്പെട്ട കരാർ പ്രകാരം ഫൗണ്ടേഷന് മുൻകൂറായി അനുവദിച്ച 114750 രൂപ നിഷ്ക്രിയമായി അവശേഷിക്കുകയാണ്. 17.11.11 ലെ 5-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം നഗരസഭ ഖരമാലിന്യ സംസ്കരണ പദ്ധതികളുടെ നടത്തിപ്പിനു വേണ്ടി എസ്.ഇ.യു. വിന് നൽകിയ തുക നഗരത്തിലെ മാലിന്യം ഫലപ്രദമായി നീക്കം ചെയ്യാൻ സാധിക്കാത്തതിനാൽ തിരികെ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് കത്തു നൽകിയെങ്കിലും എസ്.ഇ.യു.എഫ്-ന്റെ ഭാഗത്തു നിന്നുള്ള വീഴ്ചകൾ കാരണമല്ല പ്രവർത്തനം ആരംഭിക്കാതിരുന്നതെന്നും തുക തിരിച്ചടയ്ക്കണമെങ്കിൽ എസ്.ഇ.യു.എഫ് ന് നാളിതുവരെ ചെലവായ തുക (21165 രൂപ) കിഴിച്ചുള്ള തുക മാത്രമേ നൽകുവാൻ സാധിക്കുകയുള്ളൂ എന്നും എസ്.ഇ.യു.എഫ്-ന്റെ 3.1.12 ലെ കത്തുപ്രകാരം നഗരസഭയെ അറിയിച്ചിരുന്നു. നഗരസഭയും സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനും തമ്മിലുള്ള കരാർ കാലാവധി 30.6.12 ന് അവസാനിക്കാനിരിക്കെ പ്ലാന്റിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഒന്നും നടന്നില്ല എന്നതും പ്രത്യേകം ശ്രദ്ധേയമാണ്.

## 4) ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ തുടർപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാൽ തൻവർഷം മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നഗരസഭ 172248 രൂപ ചെലവഴിച്ചു

ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ തുടർപ്രവർത്തനങ്ങൾ ആരംഭിക്കാത്തതു മൂലം 2010-11 വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയും പ്രകാരം 172248 രൂപ നഗരസഭയ്ക്ക് ചെലവഴിക്കേണ്ടതായി വന്നിരിക്കുന്നു.

| | | |
|---|---|---|
| ഖരമാലിന്യ പ്ലാന്റിൽ ഹിറ്റാച്ചി ഉപയോഗിച്ച് മാലിന്യങ്ങൾ നീക്കം ചെയ്തതും പൂഴിയടിച്ചതും | : | 115248 |
| ഖരമാലിന്യ പ്ലാന്റിൽ പൂഴിയടിച്ചത് | : | 57000 |
| ആകെ | : | 172248 |

പ്ലാന്റിന്റെ തുടർപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ശുചിത്വ മിഷനിൽ നിന്നും 6 ലക്ഷം രൂപ ലഭ്യമായി 2 വർഷത്തോളം പിന്നിട്ടിട്ടും പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത് നഗരസഭയുടെ ഭാഗത്തുള്ള വീഴ്ചയാണ്. ലഭിച്ച ധനസഹായം പാഴാകാതെയും നഗരസഭയുടെ ഉത്തമ താത്പര്യങ്ങൾ സംരക്ഷിക്കുന്ന വിധത്തിലും

Local Fund Audit Department

സമയബന്ധിതമായി ഈ വിഷയം പരിഹരിക്കുന്നതിന് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3.3.6) സമഗ്ര ആരോഗ്യ പരിപാലനം - പദ്ധതി നിർവഹണത്തിലെ അപാകതകൾ

പ്രോജക്ട് നം. : എസ്. 013/11
ചെലവ് : 213834
നിർവഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രസ്തുത പ്രോജക്ടിലെ ചെലവ് താഴെ പറയുന്നു.

| | ചെലവിനം | തുക | ബിൽ നം./തീയതി |
|---|---|---|---|
| 1 | പ്രീ മൺസൂൺ ക്ലീനിംഗ് | 16182 | 15/12.8.10 |
| 2 | അഷ്ടമിയോടനുബന്ധിച്ചുള്ള ശുചീകരണ പ്രവർത്തനങ്ങൾ | 26598 | 28/13.12.10 |
| 3 | ശുചീകരണ സാമഗ്രികൾ വാങ്ങിയത് | 68855 | 29/18.12.10 |
| 4 | ക്ലീനിംഗ് ചാർജ് കുടുംബശ്രീ അംഗങ്ങൾക്ക് നൽകിയത് | 88335 | 30/18.12.10 |
| 5 | ശുചീകരണ സാമഗ്രികൾ വാങ്ങിയത് | 13864 | 59/8.3.11 |
| | **ആകെ** | **213834** | |

മേൽപറഞ്ഞ ചെലവിനങ്ങളിൽ ക്രമ നം. 4 പ്രകാരം നൽകിയ 88335 രൂപയുടെ ചെലവ് സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ലഭ്യമായില്ല. മസ്റ്റർറോൾ പ്രകാരം 8, 17 വാർഡുകൾ ഒഴികെയുള്ള 21 വാർഡുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം ഓരോ വാർഡിലും 26 ദിവസങ്ങൾ വീതം പ്രവൃത്തി ചെയ്തു എന്ന കരാറിൽ ദിവസം ഒന്നിന് 186 രൂപ പ്രകാരം ആകെ 101556 രൂപയുടെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.

$(21 \times 26 \times 186 = 101556)$

മസ്റ്റർ റോളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ 1 മുതൽ 23 വരെ വാർഡുകളിലെ ജോലികൾ തൃപ്തികരമായി ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തി 88335 രൂപ എന്ന് ലിമിറ്റ് ചെയ്താണ് തുക പിൻവലിച്ചിരിക്കുന്നത്. ബാക്കി തുക എങ്ങനെ കണ്ടെത്തിയെന്ന് വ്യക്തമാക്കേണ്ടതാണ്.

കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തി പ്രീ മൺസൂൺ ക്ലീനിംഗ് നടത്തിയതിന് സംബന്ധിച്ച് ഓരോ വാർഡിലും എത്ര ദിവസം എത്ര പേർ ജോലി ചെയ്തു എന്നതിന്റെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. സി.എൽ.ആർ തൊഴിലാളികളെ ഉപയോഗിച്ച് പ്രീമൺസൂൺ ക്ലീനിംഗ് നടത്തിയതിന് ഈ പദ്ധതി പ്രകാരം തന്നെ 16182 രൂപ ചെലവഴിച്ചിട്ടുണ്ട്. കുടുംബശ്രീ അംഗങ്ങൾ പ്രീമൺസൂൺ ക്ലീനിംഗ് നടത്തിയതിന്റെ സൂപ്പർവിഷൻ സംബന്ധിച്ചും ആയതിന്റെ മോണിട്ടറിംഗ് സംബന്ധിച്ചും രേഖകൾ സൂക്ഷിച്ചിട്ടില്ല. വിശദമായ മോണിട്ടറിംഗിന്റെ അഭാവത്തിൽ പ്രവൃത്തി നടത്തി

Local Fund Audit Department

യതുമൂലം ആരോഗ്യ പരിപാലനത്തിലുണ്ടായ നേട്ടം കണക്കാക്കാനോ ചെലവഴിച്ച തുക യോഗ്യരായവരിൽ എത്തിച്ചേർന്നു എന്നു ഉറപ്പാക്കാനോ കഴിയാത്തതിനാൽ 88335 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വൈക്കത്തഷ്ടമി ആഘോഷവുമായി ബന്ധപ്പെട്ട് വൈക്കം നഗരസഭ ചെലവഴി ക്കുന്ന തുകയ്ക്കാനുപാതികമായ അംശദായം സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. (കേരള മുനിസിപ്പാ ലിറ്റി നിയമം വകുപ്പ് 333 കാണുക.)

## 3.3.7) വികസനഫണ്ട് ഉപയോഗിച്ച് മെഡിക്കൽ ക്യാമ്പ് സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 11/10-11 |
| പ്രോജക്ട് | : | രോഗപ്രതിരോധ മെഡിക്കൽ ക്യാമ്പ് |
| ചെലവ് | : | 80000 |
| നിർവഹണോദ്യോഗസ്ഥൻ | | സി.ഡി.പി.ഒ. |

ജി.ഒ. (എം.എസ്.) 183/07 ത.സ്വ.ഭ.വ തീയതി: 24.7.07 ഖണ്ഡിക 6 (9) പ്രകാരം പട്ടികവർഗ്ഗ കോളനികളിൽ മാത്രമാണ് മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് അനുമതി യുള്ളത്. പൊതുവിഭാഗത്തിൽ രോഗപ്രതിരോധ ബോധവത്കരണ ക്യാമ്പാണ് നട ത്താവുന്നത്. പൊതുവിഭാഗത്തിൽ മെഡിക്കൽ ക്യാമ്പല്ല രോഗപ്രതിരോധബോധവ ത്കരണക്യാമ്പാണ് നടത്തിയതെന്ന് ഉറപ്പാക്കുന്ന കൃത്യമായ രേഖകൾ ഹാജരാ ക്കേണ്ടതാണ്.

## 3.3.8) വിദ്യാഭ്യാസമേഖല : മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാൻ പ്രോജക്ട് ഏറ്റെടുത്തില്ല

സമർത്ഥരായ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്ന പരിപാടിയനുസരിച്ച് എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട തമിഴ്/കന്നട ഭാഷാന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് തമിഴ്നാട്ടിലോ കർണാടക ത്തിലോ ഉന്നത നിലവാരം പുലർത്തുന്ന റസിഡൻഷ്യൽ സ്കൂളുകളിൽ പഠനം നട ത്താൻ വേണ്ടിയുള്ള പ്രോജക്ടുകൾ നഗരസഭകൾക്ക് ഏറ്റെടുക്കാമെന്ന് നിർദ്ദേശിച്ചി ട്ടുണ്ടെങ്കിലും ഈ കാര്യത്തിനുവേണ്ടി ഗുണഭോക്താക്കളെ കണ്ടെത്തുവാനോ പ്രോജ ക്ടുകൾ ഏറ്റെടുക്കാനോ ശ്രമിച്ചിട്ടില്ല.

## 3.3.9) അക്ഷയ പദ്ധതി-ആറു ലക്ഷത്തോളം രൂപ വിനിയോഗി ക്കാതെ അവശേഷിക്കുന്നു

ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും കമ്പ്യൂട്ടർ സാക്ഷരത ലഭ്യമാക്കുന്നതി നുവേണ്ടി ആവിഷ്കരിച്ച അക്ഷയ പ്രോജക്ടിന്റെ നടത്തിപ്പിനായി വൈക്കം നഗര സഭയിൽ നിന്നും 2006-07 മുതൽ 2008-09 വരെ കാലയളവിൽ ആകെ 631080 രൂപ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ പേരിൽ ആരംഭിച്ച സ്പെഷ്യൽ ടി.

Local Fund Audit Department

എസ്.ബി. അക്കൗണ്ട് മുഖാന്തിരം അക്ഷയ പ്രോജക്ട് ഓഫീസിന് നൽകിയിട്ടുണ്ട്. പൊതു വിഭാഗത്തിൽ 6810 കുടുംബങ്ങളെയും, പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗ ത്തിൽ 719 കുടുംബങ്ങളെയുമാണ് തെരഞ്ഞെടുത്തത്. 31.8.2011 വരെ (പൊതു വിഭാ ഗത്തിൽ 432, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ 38) ആകെ 470 കുടുംബങ്ങൾക്ക് മാത്രമാണ് പരിശീലനം നൽകിയിട്ടുള്ളത്. ഈ ഇനത്തിൽ ആകെ 39120 രൂപ മാത്ര മാണ് ചെലവായിട്ടുള്ളത്. ബാക്കി 591960 രൂപയും വിനിയോഗിക്കാതെ അവശേഷി ക്കുകയാണ്.

കൂടാതെ പൊതു വിഭാഗത്തിൽപ്പെട്ടവരുടെ ഗുണഭോക്തൃവിഹിതം മുൻകൂ റായി ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിലടച്ച ശേഷം യഥാസമയം നിർവഹണ ഏജൻസിക്ക് നൽകിയതിന്റെ വിവരം ലഭ്യമല്ല. (ജി.ഒ.(എം. എസ്.) 183/07/തസ്വഭവ/24.7.07 കാണുക.)

ഈ സാഹചര്യത്തിൽ അർഹതപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും പരിശീ ലനം ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 3.3.10) അങ്കണവാടികളിലെ ഭൗതികസാഹചര്യം മെച്ചപ്പെടു ത്തണം

നഗരസഭയിൽ ആകെ 23 അങ്കണവാടികളാണുള്ളത്. ഈ അങ്കണവാടികളിൽ പോഷകാഹാരത്തിന് 13 ലക്ഷം രൂപയും കൗരമാരപ്രായക്കാർക്കായി 2.5 ലക്ഷം രൂപയും ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇവയുടെ ഭൗതികസാഹചര്യങ്ങൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. 15 അങ്കണവാടികൾക്ക് ഇപ്പോഴും സ്വന്തമായി സ്ഥലവും കെട്ടിടവുമില്ല. ആകെയുള്ള അങ്കണവാടികളിൽ ഒരെണ്ണത്തിൽ മാത്രമാണ് കുടിവെള്ള സൗകര്യമുള്ളത്. 17 എണ്ണത്തിന് ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റും, 16 എണ്ണ ത്തിന് ചുറ്റുമതിലുമില്ല. നാല് അങ്കണവാടികളിൽ കളിക്കോപ്പുകളും ഗ്യാസ് കണക്ഷ നുമില്ല. പാചകപ്പാത്രങ്ങൾ എല്ലാ അങ്കണവാടികൾക്കും ഉണ്ടെങ്കിലും ഒരു അങ്കണ വാടിയിലും പാചകം ചെയ്ത ആഹാരം സംഭരിച്ചു വെയ്ക്കാനുള്ള പാത്രങ്ങളില്ല. പ്രസക്തമായ മറ്റു വിവരങ്ങൾ അനുബന്ധം 3 ൽ ചേർത്തിട്ടുണ്ട്.

## 3.4) പശ്ചാത്തല മേഖല

### 3.4.1) പൊതുമരാമത്ത് പണികൾ

2010-11 ൽ മുനിസിപ്പൽ എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി നടത്തിയ മിക്ക പ്രോജക്ടുകളും റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ടുള്ളതായിരുന്നു. ഇതിന് വികസനഫണ്ടിൽ നിന്നും 5174475 രൂപയും മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 3754490 രൂപയും ഉൾപ്പെടുത്തിയിരുന്നു.

Local Fund Audit Department

മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ചുള്ള പ്രോജക്ടുകൾ നടപ്പിലാക്കിയത് മുൻസിപ്പൽ എഞ്ചിനീയർ മുഖേനയായിരുന്നു. പദ്ധതി രൂപീകരണസമയത്ത് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ മുൻബാക്കി ഉണ്ടായിരുന്നില്ല. തൻവർഷം 3064000 രൂപയാണ് സംസ്ഥാന ബജറ്റ് വിഹിതമായി ഉണ്ടായിരുന്നത്. ലഭ്യമല്ലാത്ത 690490 രൂപ (3754490-3064000) ഉൾപ്പെടുത്തി പദ്ധതി രൂപീകരിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മുനിസിപ്പൽ എഞ്ചിനീയർ മുഖേന നടത്തിയ മരാമത്ത് പണികൾ എല്ലാം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും ടാറിന്റെ അധിക വില കടത്തു കൂലി എന്നിവയ്ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിരുന്നില്ല. 2009 ലെ ഷെഡ്യൂൾ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പണികൾ 17.5% വരെ ടെണ്ടർ എക്സസ് നൽകിയാണ് നടപ്പിലാക്കിയത്. (2010 ലെ ഷെഡ്യൂൾ നിരക്കുകൾ പ്രാബല്യത്തിൽ വന്നതിനാൽ ഈ നിരക്കു പ്രകാരമുള്ള അധിക തുക നൽകുന്നതിന് തദ്ദേശസ്വയംഭരണവകുപ്പിന്റെ സർക്കുലർ നം. 34202/ഡി.എ.1/2010/ 26.5.2010 പ്രകാരം അനുമതി നൽകിയിരുന്നു.)

മുനിസിപ്പൽ എഞ്ചിനീയർ മുഖേന നടപ്പിലാക്കിയ എല്ലാ പണികൾക്കും ഏക ടെണ്ടർ മാത്രം ലഭിക്കുകയും കൗൺസിൽ തീരുമാനത്തോടെ നെഗോഷ്യേറ്റ് ചെയ്ത് പ്രവൃത്തി ഏൽപ്പിക്കുകയുമാണ് ചെയ്തത്. 2010 ലെ ഉയർന്ന ഷെഡ്യൂൾ നിരക്കുകൾ പ്രാബല്യത്തിൽ വന്നിട്ടു പണികൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാക്കാത്തിന്റെ കാരണം വ്യക്തമല്ല.

മരാമത്ത് പണികളെ സംബന്ധിച്ച ഫയലുകളുടെ സൂക്ഷിപ്പ് സാമാന്യം തൃപ്തികരമാണ്. വിശദമായ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ തയ്യാറാക്കിയിരുന്ന ബില്ലുകളിൽ നിന്നും നികുതികൾ ഈടാക്കുകയം നിശ്ചിത ശീർഷകങ്ങളിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. സമയപരിധിക്കുള്ളിൽ പണി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയിട്ടുണ്ട്. മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബിൽ പാസാക്കി നൽകുകയാണ് ചെയ്തിട്ടുള്ളത്.

## <u>ആസ്തി രജിസ്റ്റർ</u>

നഗരസഭയുടെ ഉടമസ്ഥതയിലുള്ള എല്ലാ റോഡുകളും ഉൾപ്പെടുത്തിയും റോഡ് ടാറിംഗ്/റീടാറിംഗ് റീച്ച് അടിസ്ഥാനത്തിൽ നടത്തിയ വിവരം എന്നിവ കൂടി ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ ആധികാരികവും സമഗ്രവുമാക്കേണ്ടതാണ്.

Local Fund Audit Department

## 3.4.2) ഭാരത് പെട്രോളിയത്തിന് അധിക തുക നൽകിയത് ക്രമീകരിച്ചിട്ടില്ല

2008-09 ൽ വിവിധ മരാമത്ത് പണികൾക്കായി 229 ബാരൽ ബിറ്റുമിൻ കൊച്ചിയിലെ ഭാരത് പെട്രോളിയത്തിൽ നിന്ന് വാങ്ങിയിരുന്നു. ഇൻവോയ്സ് പ്രകാരം ബിറ്റുമിന്റെ വില താഴെപ്പറയുന്നു.

| | ഇൻവോയ്സ് നമ്പരും തീയതിയും | ബാരലിന്റെ എണ്ണം | തുക |
|---|---|---|---|
| 1 | 6300087586/31.1.09 | 60 | 293490 |
| 2 | 6300088435/3.2.09 | 60 | 295607 |
| 3 | 6300089390/5.2.09 | 60 | 295607 |
| 4 | 6300090366/7.2.09 | 49 | 241413 |
| 5 | 6300000025/1.4.08 | 58 | 277783 |
| | **ആകെ** | | **1403900** |

നഗരസഭ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 8.1.2009 | : | 1196067 |
| 17.3.2009 | : | 247636 |
| 18.3.2009 | : | 32706 |
| ആകെ | : | 1476409 |
| അധികം അടച്ചത് | | 72509 (1476409-1403900) |

72509 രൂപ നഗരസഭ അക്കൗണ്ടിൽ ഉള്ളതായി ബി പി സി യിൽ നിന്നും 1.5.2009 ൽ രേഖാമൂലം അറിയിച്ചിട്ടുള്ളതായി ഫയലിൽ കാണുന്നു. (ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.) 72509 രൂപ തിരികെ ഈടാക്കുന്നതിനോ, അധിക തുക തുടർന്നുള്ള ബില്ലിൽ കുറവു ചെയ്യുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

## 3.4.3) ബിറ്റുമിൻ-അധിക വിലയും കടത്തുകൂലിയും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയില്ല

റോഡ് പണികൾക്ക് ടാർ വാങ്ങി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശമനുസരിച്ച് ത.സ്വ.ഭ.വകുപ്പിന്റെ 12.1.2011 ലെ ജി.ഒ. (ആർ.റ്റി.) 115/2011 ). ബിറ്റുമിൻ വാങ്ങുന്നതിന് നൽകേണ്ട അധിക വിലയും, കടത്തുകൂലിയും പ്രോജക്ടിൽ പ്രത്യേകം വകയിരുത്തണമെന്നും ജി.ഒ.(എം.എസ്.) 328/08 ത.സ്വ.ഭ.വ. 11.12.08 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വാർഷിക പദ്ധതി ഭേദഗതി ചെയ്യാവുന്നതാണെന്നും നിർദ്ദേശിക്കുന്നു. ഈ ഉത്തരവിൽ ബിറ്റുമിന്റെ അധിക വില ഉൾപ്പെടെയുള്ള പ്രോജക്ട് ഭേദഗതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നഗരസഭയിൽ 2010-11 ൽ വാങ്ങി വിതരണം ചെയ്ത ബിറ്റുമിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

Local Fund Audit Department

| | ഫണ്ട് | തുക |
|---|---|---|
| 1 | മെയിന്റനൻസ് ഫണ്ട് (റോഡ്) | 832374 |
| 2 | വികസനഫണ്ട് | 251283 |

കൂടാതെ വികസനഫണ്ടിൽ നിന്നും 24300 രൂപ കടത്തുകൂലി ഇനത്തിലും ചെലവഴിച്ചിട്ടുണ്ട്.

2009 ലെ ഷെഡ്യൂൾ അനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പണികൾക്കാണ് ഡി.പി.സി. അംഗീകാരം നൽകിയിരുന്നത്. ബിറ്റുമിൻ നഗരസഭ വാങ്ങി നൽകിയതിനാൽ ഷെഡ്യൂൾ പ്രകാരമുള്ള നിരക്ക് കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതും അധികം ചെലവഴിച്ച തുകയ്ക്കും കടത്തുകൂലിയ്ക്കും പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങേണ്ടതുമായിരുന്നു. അധികമായി ചെലവഴിച്ച തുകകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

## 3.4.4) കരാറുകാരിൽ നിന്നും ഈടാക്കുന്ന തുക അടച്ചത് മുനിസിപ്പൽ ഫണ്ടിൽ

തദ്ദേശസ്വയംഭരണവകുപ്പിന്റെ 30.10.2007 ലെ സർക്കുലർ നമ്പർ 7638/ഡിഎ1/2008 പ്രകാരം ടാർ വീപ്പ വിറ്റുകിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തിരിച്ചടയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശത്തിന് വിരുദ്ധമായി മുൻസിപ്പൽ ഫണ്ടിൽ നിക്ഷേപിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വീപ്പയുടെ എണ്ണം | വില | ആകെ തുക |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 159 | 135/ഇ | 21465 |
| വികസനഫണ്ട് | 48 | 135/ഇ | 6480 |
| ആകെ | | | 27945 |

2010–11 ൽ മെയിന്റനൻസ് ഗ്രാന്റ്, വികസനഫണ്ട് എന്നിവയിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടിയിരുന്ന തുക (യഥാക്രമം 21465, 6480 രൂപ) സാമ്പത്തിക വർഷം കഴിഞ്ഞതിനാൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. (ധനകാര്യവകുപ്പിന്റെ 12.4.06 ലെ ജി.ഒ.(പി) 177/06 ഖണ്ഡിക 10.3 പ്രകാരം)

## 3.4.5) വികസനഫണ്ടിൽ നിന്നും ബിറ്റുമിൻ ഇറക്കുമതിയ്ക്ക് ചെലവാക്കിയ തുക ഈടാക്കി അടച്ചത് മുനിസിപ്പൽ ഫണ്ടിൽ

വിവിധ മരാമത്ത് പണികൾക്ക് ആവശ്യമായ ബിറ്റുമിൻ നഗരസഭയിൽ നിന്നും വിതരണം ചെയ്യുകയായിരുന്നു. 207 ബാരൽ ബിറ്റുമിന്റെ ഇറക്കുമതിച്ചെലവായി വികസനഫണ്ടിൽ നിന്നും 24300 രൂപ ചെലവഴിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നും ഈ തുക തിരികെ ഈടാക്കിയെങ്കിലും മുൻസിപ്പൽ ഫണ്ടിൽ അടച്ചത് ക്രമപ്രകാരമല്ല. ധനകാര്യവകുപ്പിന്റെ 12.4.06 ലെ ജി.ഒ.(പി)177/06 പ്രകാരം വികസനഫണ്ടിലേയ്ക്ക്

Local Fund Audit Department

തിരിച്ചടയ്ക്കേണ്ട തുക അതാത് വർഷം അടച്ചില്ലെങ്കിൽ തുടർവർഷങ്ങളിൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ ഫണ്ടിൽ നിക്ഷേപിച്ച 24300 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചയ്ക്കേണ്ടതാണ്.

## 3.5) മേഖലാ വിഭജനത്തിൽപ്പെടാത്തവ

### 3.5.1) അനുപൂരക പോഷകാഹാരം-കേന്ദ്രവിഹിതം ചെലവഴിക്കാത്തതിനാൽ വികസനഫണ്ടിൽ അധികച്ചെലവ്

2010-11 ൽ അനുപൂരക പോഷകാഹാര പരിപാടിയിൽ 1187314 രൂപ വികസന ഫണ്ടും 357067 രൂപ കേന്ദ്രവിഹിതവും ഉൾപ്പെടുത്തി 1544381 രൂപയുടെ പ്രോജക്ടാണ് തയ്യാറാക്കിയത്. എന്നാൽ വികസനഫണ്ടിൽ നിന്നു മാത്രമാണ് 1004963 രൂപ ചെലവഴിച്ചത്. കേന്ദ്രവിഹിതമായി ഡി.ഡി.നം. 225354/6.4.10 പ്രകാരം 251037 രൂപയും ഡി.ഡി.നം.821232/9.11.10 പ്രകാരം 148260 രൂപയും വരവുണ്ട്. ഈ തുക നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിൽ (നം. 57039355397 -എസ്.ബി.റ്റി.) നിക്ഷേപിച്ചിട്ടുണ്ട്.

കേന്ദ്രവിഹിതം തനത് ഫണ്ടിൽ നിക്ഷേപിച്ച് ചെലവാക്കുന്ന നടപടി ക്രമവിരുദ്ധമാണ്.

അടങ്കലിന്റെ 76.88 ശതമാനം മാത്രമാണ് വികസനഫണ്ടിൽ വകയിരുത്തിയതെന്നതിനാൽ ചെലവഴിച്ച 1004963 രൂപയുടെ 76.88 ശതമാനമായ 772616 രൂപ കഴിച്ചുള്ള 232347 രൂപ അധികച്ചെലവാകയാൽ കൺസോളിഡേറ്റഡ് ഫണ്ടിൽ (ധനകാര്യവകുപ്പിന്റെ 12.4.06 ലെ ജി.ഒ.(പി) 177/06 ഖണ്ഡിക 10 പ്രകാരം ) തിരിച്ചടയ്ക്കേണ്ടതാണ്.

### 3.5.2) അങ്കണവാടി പ്രവർത്തകരുടെ സേവനം മെച്ചപ്പെടുത്തണം

അങ്കണവാടി പ്രവർത്തകർക്ക് അധികവേതനം എന്ന പ്രോജക്ടിൽ (8/10-11) 56460 രൂപ ചെലവഴിച്ചിട്ടുണ്ട്. വാർഡ് സഭകളിൽ വനിതകളെ സംഘടിപ്പിക്കുന്നതിനും കുടുംബശ്രീ പരിപാടികൾ നടപ്പാക്കുന്നതിനും സഹായം നൽകുന്നതിനുവേണ്ടിയാണ് അധികവേതനം നൽകുന്നത് (ജി.ഒ.(എം.എസ്.) 183/07/തസ്വഭവ/24.7.07 ഖണ്ഡിക 6.2 പ്രകാരം) മേൽപറഞ്ഞ 2 കാര്യങ്ങൾക്കും അങ്കണവാടി പ്രവർത്തകരുടെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കാനും അതുവഴി വാർഡ്സഭായോഗങ്ങൾ മൂന്നുമാസത്തിലൊരിക്കൽ കൃത്യമായി ചേരാനും കുടുംബശ്രീ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താനും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3.6) പ്രത്യേകഘടകപദ്ധതി

പ്രത്യേകഘടകപദ്ധതിയുമായി ബന്ധപ്പെട്ട് ഉൽപ്പാദനമേഖലയിൽ തയ്യൽ, എംബ്രോയിഡറി പരിശീലനം, സേവനമേഖലയിൽ ഭവനനിർമ്മാണം, വിവാഹധനസഹായം, കക്കൂസ് നിർമ്മാണം, വീടിന്റെ ഗുണമേന്മ വർദ്ധിപ്പിക്കൽ, വീട് മുറ്റം മണ്ണിട്ടുയർത്തൽ, വീട് വയറിംഗ്, വൃദ്ധജനാരോഗ്യ പരിപാലനം, പ്രീമെട്രിക്

Local Fund Audit Department

ഹോസ്റ്റലിന് ഉപകരണം വാങ്ങൽ, കമ്പ്യൂട്ടർ വാങ്ങൽ , ശിങ്കാരിമേള ഗ്രൂപ്പിന് വാദ്യോപകരണങ്ങൾ വാങ്ങൽ എന്നിങ്ങനെ നിരവധി പ്രോജക്ടുകൾ നടപ്പിലാക്കി. പശ്ചാത്തലമേഖലയിൽ സംരക്ഷണഭിത്തി നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ്, റോഡ് നിർമ്മാണം എന്നിവ നടപ്പിലാക്കി.

## 3.6.1) ശരിയായ സോഷ്യൽ മാപ്പ്/സാക്ഷ്യപ്പെടുത്തൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.12.07 ലെ സർക്കുലർ നമ്പർ 69989/ഡി.എ.1/07 പ്രകാരം പ്രത്യേകഘടകപദ്ധതിയിലെ പശ്ചാത്തലവികസന പ്രോജക്ടുകൾക്ക് സോഷ്യൽ മാപ്പും സർട്ടിഫിക്കറ്റും നിർബന്ധമാണ്. ആയതുപ്രകാരം റോഡ് നിർമ്മാണം, കുടിവെള്ള വിതരണം, നീർത്തടപരിപാലനം, ജലസേചനം, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ മുതലായ പശ്ചാത്തല വികസന പ്രോജക്ടുകൾക്ക് സാക്ഷ്യപ്പെടുത്തൽ സർട്ടിഫിക്കറ്റും സോഷ്യൽമാപ്പും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

## 3.6.2) അനുവദനീയമല്ലാത്ത പ്രോജക്ടിന് സബ്സിഡി നൽകി

| | | |
|---|---|---|
| പ്രോജക്ട് നം. | : | എസ്. 088/10-11 |
| പ്രോജക്ടിന്റെ പേര് | : | വീട്ടുമുറ്റം മണ്ണിട്ടുയർത്തൽ |
| ചെലവ് | : | 80000 വികസനഫണ്ട് |
| നിർവഹണോദ്യോഗസ്ഥൻ | : | പട്ടികജാതി വികസനഓഫീസർ |

ഈ പ്രോജക്ടിൽ വികസനഫണ്ടിൽ നിന്നും ചുവടെ ചേർക്കും പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്.

| ബിൽ നം. | തുക | തീയതി |
|---|---|---|
| 56/10-11 | 36000 | 7.2.11 |
| 63/10-11 | 4000 | 9.3.11 |
| 86/10-11 | 28000 | 14.3.11 |
| 107/10-11 | 12000 | 24.3.11 |
| **ആകെ** | **80000** | |

തുകയുടെ വിതരണവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഡി.ഡി.നം. | തുക |
|---|---|---|---|
| 1 | ഹരിദാസ്, പ്ലാന്തറ | 228289/7.2.11 | 4000 |
| 2 | രത്നമ്മ ബാബു, തുണ്ടത്തിൽ | 228290/7.2.11 | 4000 |
| 3 | ചെല്ലമ്മ, പ്രായിത്തറ | 228291/7.2.11 | 4000 |
| 4 | പ്രിൻസ്, കൈതവേലിച്ചിറ | 228292/7.2.11 | 4000 |
| 5 | വിജയകുമാർ, തോട്ടുചിറ | 228293/7.2.11 | 4000 |
| 6 | രാജപ്പൻ, പത്തുപറ | 228294/7.2.11 | 4000 |
| 7 | പത്മാക്ഷി, കരികിലംപാട്ടുതറ | 228295/7.2.11 | 4000 |
| 8 | മന്മഥൻ, മറ്റത്തിൽ | 228296/7.2.11 | 4000 |
| 9 | സുമ ജിജി, ചില്ലിങ്കൽ | 228297/7.2.11 | 4000 |
| 10 | കനകമ്മ, ഞാറവേലിൽ | 228651/9.3.11 | 4000 |
| 11 | മഹേശൻ എ.കെ., മാടത്തിൽച്ചിറ | 228770/15.3.11 | 4000 |
| 12 | പങ്കജാക്ഷി, തോട്ടുപുറത്ത് | 228771/15.3.11 | 4000 |
| 13 | പ്രമോദ്, കൊണ്ടിത്തറ | 228772/15.3.11 | 4000 |

Local Fund Audit Department

| | | | |
|---|---|---|---|
| 14 | രാജപ്പൻ, സമുദായത്തറ | 228773/15.3.11 | 4000 |
| 15 | പുഷ്കരൻ, കസ്തൂരിമഠം | 228774/15.3.11 | 4000 |
| 16 | പൊന്നപ്പൻ, പെരുമ്പളളിച്ചിറ | 228775/15.3.11 | 4000 |
| 17 | ഗോപാലൻ, അമ്പേലിത്തറ | 228776/15.3.11 | 4000 |
| 18 | രാജമ്മ, തൊണ്ടിത്താഴത്ത് | 229169/24.3.11 | 4000 |
| 19 | ദാമോദരൻ, പടിഞ്ഞാറേകൂടശ്ശേരി | 229170/24.3.11 | 4000 |
| 20 | അനിത, കളത്തിപ്പറമ്പ് | 229171/24.3.11 | 4000 |
| | **ആകെ** | | **80000** |

ആകെ 20 ഗുണഭോക്താക്കൾക്കായി 80000 രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. (20×4000)

പതിനൊന്നാം പഞ്ചവത്സരപദ്ധതി മാർഗരേഖയിൽ (തദ്ദേശസ്വയം ഭരണവകുപ്പിന്റെ 24.7.07 ലെ ജി.ഒ. (എം.എസ്.) 183/07 ) സബ്സിഡി മാനദണ്ഡങ്ങൾ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ആയതിൽ വീട്ടുമുറ്റം മണ്ണിട്ടുയർത്താൻ സബ്സിഡി നൽകുന്നതിനെ സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഏതൊരു ഇനത്തിനും സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. (മാർഗ്ഗരേഖ ഖണ്ഡിക 2.2). സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണ്. സർക്കാർ അനുമതി ലഭ്യമല്ലാത്തതിനാൽ 80000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3.7) കേന്ദ്രാവിഷ്കൃത പദ്ധതികൾ

### 3.7.1) എസ്.ജെ.എസ്.ആർ.വൈ. ഫണ്ട് : ചെലവാക്കാത്തത് 24 ലക്ഷം, വകമാറ്റി ചെലവഴിച്ചത് 17 ലക്ഷം

കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.ജെ.എസ്.ആർ.വൈ സി.ഡി.എസ് മുഖേന നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും വിവിധ വർഷങ്ങളിൽ ധനസഹായം നഗരസഭയ്ക്ക് ലഭിച്ചിരുന്നു. അതാത് വർഷം തന്നെ തുക സി.ഡി.എസ്. അക്കൗണ്ടിലേക്ക് മാറ്റേണ്ടതായിരുന്നുവെങ്കിലും അങ്ങനെ ചെയ്യാതെ നഗരസഭാ ഫണ്ട് പോലെ കൈകാര്യം ചെയ്ത് വരുകയാണ്. 2004-05 വർഷം മുതൽ ഇപ്രകാരം തനത് ഫണ്ടിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക |
|---|---|
| 2004-05 | 355000 |
| 2007-08 | 740000 |
| 2008-09 | 638000 |
| **ആകെ** | **1733000** |

പ്രസ്തുത തുക സി.ഡി.എസ്. അക്കൗണ്ടിലേക്ക് മാറ്റാതെ നഗരസഭയുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് വകമാറ്റി ചെലവഴിക്കലാണ്. പ്രസ്തുത തുക സി.ഡി. എസ്. അക്കൗണ്ടിലേക്ക് മാറ്റുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

എസ്.ജെ.എസ്.ആർ.വൈ പ്രകാരമുളള പദ്ധതികളൊന്നും നടപ്പിലാക്കാത്തതിനാൽ മുൻവർഷങ്ങളിൽ ഈയിനത്തിൽ ലഭിച്ച തുക ഉപയോഗിക്കാതെ സി.ഡി.എസ്.

Local Fund Audit Department

അക്കൗണ്ടിലും കിടക്കുന്നുണ്ട്. രണ്ട് അക്കൗണ്ടുകളിലുമായി 31.3.2011 ൽ നീക്കിയിരിപ്പുള്ള എസ്.ജെ.എസ്.ആർ.വൈ. ഫണ്ട് ഇപ്രകാരമാണ്.

| | | |
|---|---|---|
| സി.ഡി.എസ്. അക്കൗണ്ട് | : | 2427777 |
| നഗരസഭാ ഫണ്ടിൽ അവശേഷിക്കുന്നത് | : | 1733000 |
| **ആകെ** | **:** | **4160777** |

## 3.7.2) എൻ.എസ്.ഡി.പി. വായ്പ തിരികെ അടച്ചിട്ടില്ല

കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി 24.3.2001 ൽ എ1– 8326/99 നമ്പരായി അനുവദിച്ച 473000 രൂപ മാർച്ച് 2011 വരെ കുടിശ്ശികയായി നിൽക്കുന്നുവെന്നും അക്കൗണ്ടന്റ് ജനറലിന്റെ 4.3.2011 ലെ എൽ.എ.ഐ/10–11/10/152–ാം നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം ആയത് തിരിച്ചടക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്. നഗരസഭയുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും ചേരിവികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചതിനാലും പ്രസ്തുത വായ്പ പൂർണ്ണമായും ഗ്രാന്റായി പരിഗണിക്കുന്നതിന് വേണ്ടി 30.4.09 ലെ കൗൺസിൽ തീരുമാനം വഴി സർക്കാരിനോട് അപേക്ഷിച്ചു. സർക്കാരിൽ നിന്നും നാളിതുവരെ അറിയിപ്പൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ തുക അടിയന്തിരമായി തിരിച്ചടയ്ക്കേണ്ടതാണ്.

Local Fund Audit Department

## 3.8) ആധുനിക അറവ് ശാല നിർമ്മാണം ആരംഭിച്ചിട്ടില്ല

ഫയൽ നം. എച്ച്. 1 6608/08

ഫയൽ നം. എച്ച്. 1 8032/10

30 ലക്ഷം രൂപ അടങ്കൽ വരുന്നതും 5 മുതൽ 10 വരെ വലിയ മൃഗങ്ങളെയും 20 ചെറിയ മൃഗങ്ങളെയും കശാപ്പ് ചെയ്യാൻ പര്യാപ്തവുമായ ആധുനിക അറവു ശാല നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നഗരസഭ 3.2.10 ലെ എച്ച്.1 6608/08 നമ്പർ കത്തു പ്രകാരം കേരള ശുചിത്വ മിഷന് സമർപ്പിച്ചിരുന്നു. ശുചിത്വമിഷൻ സാങ്കേതികമായി പരിശോധിച്ച് എക്സിക്യൂട്ടീവ് ഡയറക്ടറുടെ എസ്.എം. (സി.2) 61/2010 തീയതി: 20.7.10 കത്തു പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സാങ്കേതികാംഗീകാരം നൽകി.

1) ശുചിത്വമിഷന്റെ ഇവാല്യുവേഷൻ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി പദ്ധതി നടപ്പിലാക്കേണ്ടതാണ്.
2) അടങ്കൽ 30 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ല.
3) പ്രൊപ്പോസലിൽ ഉൾക്കൊള്ളിച്ച മാലിന്യ സംസ്കരണസംവിധാനങ്ങളും അനുബന്ധ ഘടകങ്ങളും ഏർപ്പെടുത്തിയിരിക്കണം.
4) സർക്കാരിൽ നിന്നുള്ള ഭാഗിക സാമ്പത്തിക സഹായം ലഭിക്കുന്നതിനായി നഗരകാര്യ ഡയറക്ടറുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭ സമർപ്പിച്ചതും ശുചിത്വമിഷൻ അംഗീകരിച്ചതുമായ പ്രോജക്ടിലെ ഇനങ്ങളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ബിൽഡിംഗ് ആൻഡ് അക്സസറീസ് | 1330000 |
| 2 | മെക്കാനിക്കൽ ആന്റ് ഇലക്ട്രിക്കൽ ഉപകരണങ്ങൾ | 1000000 |
| 3 | സെപ്റ്റിക് ടാങ്ക് | 40000 |
| 4 | ബയോഗ്യാസ് പ്ലാന്റ് | 500000 |
| 5 | ഇലക്ട്രിഫിക്കേഷൻ | 60000 |
| 6 | പ്ലംമ്പിങ് | 70000 |
| | **ആകെ** | **30 ലക്ഷം** |

നഗരസഭ സമർപ്പിച്ച പ്രോജക്ടിന് സാങ്കേതികാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടറുടെ 9.12.2010 ലെ ഡി.സി.2/11098/10 നടപടി ക്രമമനുസരിച്ച് അനുമതി ലഭിച്ച 30 ലക്ഷം രൂപയിൽ 50% തുകയായ 15 ലക്ഷം രൂപ നഗരസഭയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഈ തുക നഗരകാര്യ ഡയറക്ടറുടെ 1.1.11 ലെ 043130 നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് പ്രകാരം ലഭ്യമായത്, നഗരസഭയ്ക്ക് ഫെഡറൽ ബാങ്കിന്റെ വൈക്കം ശാഖയിലുള്ള അക്കൗണ്ട് നം. 10960100119661 ൽ 25.1.2011 ൽ നിക്ഷേപിച്ചിട്ടുണ്ട്. 31.3.2011 ൽ ഈ അക്കൗണ്ടിൽ 1519990 രൂപ നീക്കിയിരുപ്പുണ്ട്.

പദ്ധതിയുടെ നിർവഹണം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, ശുചിത്വമിഷനിൽ നിന്നും ലഭിച്ച ഫണ്ടുപയോഗിച്ച് നഗരസഭയിൽ ആധുനിക അറവുശാല സ്ഥാപിക്കുന്നതിനുള്ള ഊർജിതമായ പ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല. അറവ് ശാലയുടെ നിർമ്മാണം സംബന്ധിച്ച് ശുചിത്വമിഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നഗരസഭാ സെക്രട്ടറി എഴുതിയ 6.5.11 ലെ (എച്ച്.1/8032/2010) കത്തിൽ വൈക്കം നഗരസഭയിൽ നിലവിലുള്ള അറവുശാല കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്താണ് ആധുനിക അറവുശാല നിർമ്മിക്കുന്നതിന് തീരുമാനിച്ചിരുതെന്നും ആയതിനുള്ള സ്ഥല സൗകര്യം ഈ സ്ഥലത്ത് ഇല്ലാത്തതിനാൽ വൈക്കം ആറാട്ടുകുളങ്ങര കപ്പോളച്ചിറയിലുള്ള നഗരസഭ വക സ്ഥലത്ത് അറവുശാല സ്ഥാപിക്കുന്നതിന് കൗൺസിൽ തീരുമാനമെടുക്കുകയും ആധുനിക അറവുശാലാ നിർമ്മിക്കുന്നതിനുള്ള സാങ്കേതികാംഗീകാരം ശുചിത്വമിഷനിൽ നിന്നും ലഭിച്ചിട്ടുള്ളതു പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ആധുനിക അറവുശാല സ്ഥാപിക്കുന്നതിന് ശുചിത്വമിഷനിൽ നിന്നും 15 ലക്ഷം രൂപ ലഭിച്ച് ഒരു വർഷം പിന്നിട്ടശേഷവും തുടർനടപടികൾ സ്വീകരിക്കാത്തത് അഭികാമ്യമല്ല. ആധുനിക അറവ്ശാല സ്ഥാപിക്കുക എന്ന നഗരസഭയുടെ ലക്ഷ്യം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സർക്കാർ ഗ്രാന്റായി ലഭിച്ച പണം വകമാറ്റി ചെലവഴിക്കാതിരിക്കുന്നതിനും ഭരണസമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

Local Fund Audit Department

മുനിസിപ്പാലിറ്റി നിയമം വകുപ്പ് 283(4) പ്രകാരം സർക്കാർ ധനസഹായം എന്താവശ്യത്തിനു വേണ്ടി നൽകിയോ ആ ആവശ്യത്തിനു വേണ്ടി മാത്രം ഉപയോഗിക്കേണ്ടതാണ്. എന്നാൽ അറവുശാല നിർമ്മാണത്തിനായി ശുചിത്വമിഷനിൽ നിന്നു ലഭിച്ച പതിനഞ്ച് ലക്ഷം രൂപ ഫെഡറൽ ബാങ്കിൽ നിക്ഷേപിച്ച് തനതു ഫണ്ട് പോലെ കൈകാര്യം ചെയ്യുന്ന നഗരസഭയുടെ നടപടി ധനദുർവിനിയോഗമാണ്. ഈ വിഷയത്തിലേയ്ക്ക് അധികൃതരുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

## 3.9) സാമൂഹ്യസുരക്ഷാധനസഹായങ്ങൾ

### 3.9.1) വരവ്-ചെലവ് വിവരം

നഗരസഭയിൽ 2010-11 ൽ ലഭിച്ചതും വിതരണം ചെയ്തതുമായ സാമൂഹ്യസുരക്ഷാ ധനസഹായങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | തൊഴിൽ രഹിത വേതനം | 865200 |
| 2 | കർഷകത്തൊഴിലാളി പെൻഷൻ | 2185090 |
| 3 | വിധവാ പെൻഷൻ | 1138426 |
| 4 | 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 143642 |
| 5 | വികലാംഗ പെൻഷൻ | 581318 |
| 6 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 610731 |
| 7 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 |
| | **ആകെ** | **5614407** |

### 3.9.2) വിതരണത്തിലെ അപാകതകൾ

1) ലഭിക്കുന്ന എല്ലാ അപേക്ഷകൾക്കും ക്രമ നമ്പർ നൽകേണ്ടതും അപേക്ഷ ഫോറത്തോടൊപ്പമുള്ള പറ്റു ചീട്ടിൽ ക്രമ നമ്പർ രേഖപ്പെടുത്തി, അപേക്ഷകന് തിരികെ നൽകേണ്ടതുമാണ്.
2) അപേക്ഷിച്ച് 10 ദിവസങ്ങൾക്കകം അപേക്ഷ സംബന്ധിച്ച അന്വേഷണം നടത്തേണ്ടതും, 30 ദിവസത്തിനകം അപേക്ഷയിൽ തീർപ്പ് കല്പിക്കേണ്ടതുമാണ്. (ജി.ഒ.(പി) 105/02/തസ്വഭവ/25.6.02) എന്നാൽ ഈ സമയപരിധിക്കുള്ളിൽ പല അപേക്ഷകളിലും തീർപ്പ് കല്പിച്ചിട്ടില്ല.
3) പെൻഷൻ അനുവദിച്ചതിൽ കാലതാമസം വന്നാലും ഇല്ലെങ്കിലും അപേക്ഷ ലഭിച്ച മാസത്തിന്റെ തൊട്ടടുത്ത മാസം ഒന്നാം തീയതി മുതൽ അപേക്ഷകൾക്ക് ആനുകൂല്യം ലഭിക്കുവാൻ അർഹതയുണ്ട്. എന്നാൽ പല അപേക്ഷകൾക്കും, പെൻഷൻ അനുവദിച്ച മാസം മുതൽ മാത്രമാണ് പെൻഷൻ വിതരണം നടത്തിയിട്ടുള്ളത്.
4) ഓരോ തലത്തിലെയും പെൻഷനുകൾ സംബന്ധിച്ച് വ്യാപകമായ പ്രചാരണം വാർഡ് സഭാതലത്തിൽ നടത്തുകയും, ലഭിച്ച/അനുവദിച്ച /നിരസിച്ച അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ വാർഡ് സഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

Local Fund Audit Department

5) പെൻഷൻ ഗുണഭോക്താക്കളുടെ വാർഡ്തല ലിസ്റ്റ് തയ്യാറാക്കേണ്ടതും, കുടുംബ ശ്രീ, അങ്കണവാടി വർക്കർ, ഫീൽഡ്തല ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി പ്രത്യേക ടീം രൂപീകരിച്ച് ലിസ്റ്റ് പരിശോധിക്കുകയും, അർഹതയില്ലാത്തവരെ ഒഴി വാക്കേണ്ടതുമാണ്. ഇതിനുശേഷവും ഒന്നിൽ കൂടുതൽ പെൻഷൻ ഒരാൾക്ക് നൽകിയാൽ സെക്രട്ടറി വ്യക്തിപരമായി ഉത്തവാദിയായിരിക്കുന്നതുമാണെന്ന് 28.8.08 ലെ 551161/ബി.2/തസ്വഭവ/നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.
6) തുക പിൻവലിക്കുന്നതിലും വിതരണം ചെയ്യുന്നതിലും ധനകാര്യവകുപ്പിന്റെ 12.4.06 ലെ ജി.ഒ.പി. 177/06 ഖണ്ഡിക 20.1 ലെ നിബന്ധനയ്ക്ക് വിരുദ്ധമായി, വികസനഫണ്ട് പിൻവലിക്കുവാൻ ഉപയോഗിക്കുന്ന ബിൽ ബുക്ക് മുഖാന്തിരമാണ് സാമൂഹ്യസുരക്ഷാ പെൻഷനുകളും പിൻവലിക്കുന്നത്. പ്രത്യേക ബിൽ ബുക്ക് ഉപയോഗിക്കണമെന്ന നിബന്ധന പാലിക്കുന്നില്ല.
7) അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ വിതരണം ചെയ്യുമ്പോൾ 2 വർഷത്തിലൊരിക്കൽ ഗസറ്റഡ് റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിർബന്ധന പാലിച്ചുകാണുന്നില്ല.

## 3.9.3) വാർദ്ധക്യകാല പെൻഷനും വികലാംഗ പെൻഷനും ഒരേ സമയം കൈപ്പറ്റുന്നു

ശ്രീ. പ്രഭാകരൻ. കെ, ഒഡാട്ട് വീട്, തെക്കേനട പി.ഒ. വൈക്കം എന്ന വ്യക്തി നഗരസഭയിൽ നിന്നും വാർദ്ധക്യകാല പെൻഷൻ രജിസ്റ്റർ നം. 101870200232 പ്രകാരവും വികലാംഗ പെൻഷൻ രജിസ്റ്റർ നം. 101870400144 പ്രകാരവും കൈപ്പറ്റുന്നതായി കാണുന്നു. നിയമാനുസൃതമായി ഒരു പെൻഷൻ വാങ്ങാൻ മാത്രമേ ഒരു വ്യക്തിക്ക് അർഹതയുള്ളൂ. നാളിതുവരെ അനധികൃതമായി നൽകിയ പെൻഷൻ സർക്കാരി ലേയ്ക്ക് തിരിച്ചടയ്ക്കാൻ സത്വരനടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3.9.4) വാർദ്ധക്യകാല പെൻഷനും കർഷകത്തൊഴിലാളി പെൻഷനും ഒരേ സമയം കൈപ്പറ്റുന്നു

ശ്രീ. പൊന്നപ്പൻ, എറിച്ചിലയിൽ വീട് ഉദയനാപുരം പി.ഒ., വൈക്കം എന്ന വ്യക്തി നഗരസഭയിൽ നിന്നും വാർദ്ധക്യകാല പെൻഷൻ രജിസ്റ്റർ നം. 101870200187 പ്രകാരവും കർഷകത്തൊഴിലാളി പെൻഷൻ രജിസ്റ്റർ നം. 101870100722 പ്രകാരവും കൈപ്പറ്റുന്നതായി കാണുന്നു. നിയമാനുസൃതമായി ഒരു പെൻഷൻ വാങ്ങാൻ മാത്രമേ ഒരു വ്യക്തിക്ക് അർഹതയുള്ളൂ. നാളിതുവരെ അനധികൃതമായി നൽകിയ പെൻഷൻ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാൻ സത്വരനടപടികൾ കൈക്കൊള്ളേണ്ട താണ്.

Local Fund Audit Department

## 3.9.5) ഒരാൾക്ക് രണ്ട് വിധവാ പെൻഷൻ

ശ്രീമതി. ലൈലാ, ലൈലാ ചന്ദ്രൻ നികർത്തിൽ, കോവിലകത്തുംകടവ്, വൈക്കം ലൈലാ, ലൈലാ ചന്ദ്രൻ എന്നീ പേരുകളിൽ നഗരസഭയിൽ നിന്നും വിധവാ പെൻഷൻ രജിസ്റ്റർ നം. 101870600404, രജിസ്റ്റർ നം. 101870600436 എന്നിവ പ്രകാരം കൈപ്പറ്റുന്നതായി കാണുന്നു. നിയമാനുസൃതമായി ഒരു പെൻഷൻ വാങ്ങാൻ മാത്രമേ ഒരു വ്യക്തിക്ക് അർഹതയുള്ളൂ. നാളിതുവരെ അനധികൃതമായി നൽകിയ പെൻഷൻ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാൻ നടപടിയെടുക്കേണ്ടതാണ്.

## 3.10) കണ്ടിജന്റ് ജീവനക്കാർക്ക് നിർബന്ധിത മെഡിക്കൽ ചെക്കപ്പ്-നടത്തിയിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 7.6.2007 ലെ ജി.ഒ. (എം.എസ്.) നം. 153/2007 ഖണ്ഡിക (23) പ്രകാരം കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ആരോഗ്യസ്ഥിതി അവലോകനം ചെയ്യുന്നതിന് വർഷത്തിൽ 4 തവണ (മൂന്ന് മാസത്തിലൊരിക്കൽ) നഗരസഭകൾ മുൻകൈയ്യെടുത്ത് അതാത് പ്രദേശത്തെ താലൂക്ക് ആശുപത്രികളുമായി ബന്ധപ്പെട്ട് നിർബന്ധിത മെഡിക്കൽ ചെക്കപ്പ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ നഗരസഭയിൽ ഇത്തരത്തിലൊരു മെഡിക്കൽ ചെക്കപ്പ് നാളിതുവരെ നടത്തിയിട്ടില്ല. ഈ വിഷയത്തിലേക്ക് നഗരസഭാ അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3.11) നിർബന്ധിത ഇൻഷുറൻസ് പദ്ധതികളിൽ ജീവനക്കാരെ ചേർത്തിട്ടില്ല

ധനകാര്യവകുപ്പിന്റെ 12.1.2004 ലെ ജി.ഒ.(പി) 25/04, ജി.ഒ.(പി) 26/04 എന്നിവ അനുസരിച്ച് മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാരും എസ്.എൽ.ഐ., ജി.ഐ.എസ്. എന്നീ ഇൻഷുറൻസ് പദ്ധതികളിൽ വരിക്കാരാകേണ്ടതായിരുന്നു. എന്നാൽ 2009-10 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടും ഈ നഗരസഭയിൽ ഏതാനും ചില ജീവനക്കാർ മാത്രമേ എസ്.എൽ.ഐ., ജി.ഐ.എസ്. വരിക്കാരായിട്ടുള്ളൂ. ജി.ഒ.(പി) 479/82 തീയതി: 25.8.82 പ്രകാരം പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് എസ്.എൽ.ഐ. വരിക്കാരായതിന് ശേഷം മാത്രമേ ഒന്നാമത്തെ ഇൻക്രിമെന്റിന് അർഹതയുണ്ടാവുന്നുള്ളൂ. മുഴുവൻ അർഹരായ ജീവനക്കാരെയും നിർബന്ധിത ഇൻഷുറൻസ് പദ്ധതികളിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3.12) ലൈബ്രറി സെസ്- ലൈബ്രറി കൗൺസിലിന് അടച്ചിട്ടില്ല

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിലേക്ക് അടയ്ക്കേണ്ടതാണ്. ആദ്യ ഗഡു ഏപ്രിൽ 30 നകവും രണ്ടാമത്തെ ഗഡു നവംബർ 30 നകവും അടയ്ക്കേണ്ടതാണ്. എന്നാൽ ഈ നഗരസഭയിൽ 2010-11 വർഷം ലൈബ്രറി സെസ് ഇന

Local Fund Audit Department

ത്തിൽ പിരിച്ച 192915 രൂപ അടച്ചിട്ടില്ല. ലൈബ്രറി സെസ് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതുമാണ്. (സർക്കുലർ നമ്പർ 10088/എൽ3/05/തസ്വഭവ/20.9.05 കാണുക.)

## 3.13) പെൻഷൻ വിഹിതം അടയ്ക്കുന്നില്ല

നഗരസഭാ ജീവനക്കാരുടെ പ്രതിമാസ മൊത്ത വേതനത്തിന്റെ 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി നഗരസഭ ഡയറക്ട്രേറ്റിലേക്ക് അയക്കേണ്ടതാണ്. എന്നാൽ ഈ നഗരസഭയിൽ 2010-11 വർഷം പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ തുകയൊന്നും ഡയറക്ടറേറ്റിലേക്ക് അയച്ചിട്ടില്ല. പ്രതിമാസം ഏകദേശം 67000 രൂപ പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കേണ്ടതുണ്ട്. പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കാതിരിക്കുന്നത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. (ജി.ഒ.(പി) 1/97/തഭവ/1.1.97 കാണുക.)

## 3.14) പെൻഷൻ വിതരണം-നഗരസഭാ ഡയറക്ട്രേറ്റിൽ നിന്നും അലോട്ട്മെന്റ് ലഭ്യമാക്കിയിട്ടില്ല

നഗരസഭയിലെ റഗുലർവിഭാഗം ജീവനക്കാർക്ക് പെൻഷൻ വിതരണത്തിനായി ട്രഷറിയിൽ റ്റി.പി.എ. 140 എന്ന അക്കൗണ്ട് സൂക്ഷിക്കുന്നുണ്ട്. നഗരസഭാ ഡയറക്ട്രേറ്റിൽ നിന്നും പെൻഷൻ അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക് ട്രഷറി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തശേഷം പിൻവലിച്ച് പെൻഷൻ വിതരണം നടത്തേണ്ടിയിരുന്നു. ഈ നഗരസഭയിൽ തൻവർഷം 847738 രൂപ നഗരസഭാ ഡയറക്ട്രേറ്റിൽ നിന്നും പെൻഷൻ അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. തൻവർഷം നഗരസഭയിൽ പ്രതിമാസ പെൻഷൻ വിതരണത്തിന് മാത്രം 2381336 രൂപ ചെലവഴിച്ചിട്ടുണ്ട്. നഗരസഭാ ഫണ്ടിൽ നിന്നും പെൻഷൻ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്താണ് പെൻഷൻ വിതരണം നടത്തി വരുന്നത്. പെൻഷൻ വിതരണത്തിനായി നഗരസഭാ ഫണ്ടിൽ നിന്നും നൽകിയ തുകകൾ നഗരസഭാ ഡയറക്ട്രേറ്റിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

## 3.15) ദീർഘകാല മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

2010-11 ലെ മുൻകൂർ രജിസ്റ്റർ പ്രകാരം 1963 മുതലുള്ള മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു. 2009-10 വരെ 1029600 രൂപയും തൻവർഷം 29100 രൂപയും ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. 2010-11 ൽ നൽകിയതും ക്രമീകരിക്കുവാൻ അവശേഷിക്കുന്നതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | മുൻകൂർ നൽകിയതിന്റെ ഉദ്ദേശ്യം | മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും | തുക |
|---|---|---|---|---|
| 1 | 54-4/10 | വികസനസെമിനാർ ചെലവുകൾ | ബി. ബിനി, യു.ഡി.സി. | 20000 |
| 2 | 48-5/10 | കിണർ വൃത്തിയാക്കൽ | വി.സി. വിനോദ്, പി.ഡബ്ല്യൂ.ഒ. 2 | 1000 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 3 | 40-6/10 | മാർഷൽ ജീപ്പ് റിപ്പയറിംഗ് | ,, | 2500 |
| 4 | 1-7/10 | റ്റി.എ. അഡ്വാൻസ് | പി. എ. ഷിനൂബ്, എൽ.ഡി.സി. | 500 |
| 5 | 2-7/10 | | കെ.കെ. ശശികുമാർ, യു.ഡി.സി. | 500 |
| 6 | 34-12/10 | | എൻ. സന്തോഷ്കുമാർ, സെക്രട്ടറി | 750 |
| 7 | 40-12/10 | | എ.സി. മണിയപ്പൻ, എൽ.ഡി.സി. | 1250 |
| 8 | 32-1/11 | | ജീമോൻ, പി.ഡബ്ല്യു.ഒ. 2 | 2000 |
| 9 | 33-1/11 | | ,, | 600 |
| | | | **ആകെ** | **29100** |

1963 മുതലുള്ള മുൻകൂർ തുകകൾ ക്രമീകരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യവകുപ്പിന്റെ 4.10.2011 ലെ ജി.ഒ.(പി) 419/2011 പ്രകാരം മൂന്ന് മാസത്തിനകം ക്രമീകരിക്കാത്ത 2010-11 ലെ മുൻകൂറുകൾ 18% പലിശ സഹിതം ക്രമീകരിക്കേണ്ടതാണ്.

## 3.16) വാട്ടർ ചാർജ്- പിഴപ്പലിശ കൂടി വരുന്നു

1.4.09 മുതൽ 31.3.2011 വരെ നഗരസഭയിൽ നിന്നും വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ള വെള്ളക്കരം കുടിശ്ശിക 4593305 രൂപയാണ്. ഇതിൽ പ്രതിമാസം 2% നിരക്കിലുള്ള പിഴപ്പലിശ മാത്രം 905505 രൂപയാണ്. ഇത്രയും ഭീമമായ തുക പിഴപ്പലിശയിനത്തിൽ നൽകേണ്ടിവരുന്നത് സാമ്പത്തികമായി ഞെരുക്കം അനുഭവിക്കുന്ന നഗരസഭയ്ക്ക് കനത്ത ആഘാതമാണ്. 2010-11 വർഷം ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും 2166120 രൂപയും മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ൽ നിന്നും 2234000 രൂപയും വികസനഫണ്ടിൽ നിന്ന് 1133600 രൂപയും ഉൾപ്പെടെ ആകെ 5533720 രൂപ അടച്ചതിൽ 1429605 രൂപ മാത്രമാണ് മേൽ കുടിശ്ശികയിൽ കുറവ് ചെയ്തിട്ടുള്ളത്. (ഇതിൽ തന്നെ 9.05 ലക്ഷം രൂപ പിഴപ്പലിശയിനത്തിൽ അഡ്ജസ്റ്റ് ചെയ്തു.) ബാക്കി തുക 31.3.09 വരെയുള്ള ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരമുള്ള കുടിശ്ശികയിൽ കുറവ് ചെയ്തിട്ടുണ്ട്. എങ്കിലും ഉയർന്ന പിഴപ്പലിശനിരക്ക് മൂലം നഗരസഭയുടെ ബാധ്യത കൂടി വരുകയാണ്. നഗരസഭയുടെ ഈ ദുസ്ഥിതി സ്വന്തമായോ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയോ പരിഹരിക്കാൻ ശ്രമിക്കേണ്ടതാണ്.

Local Fund Audit Department

## 3.17) പൊതുആവശ്യ ഗ്രാന്റിന്റെ വിനിയോഗം കൗൺസിലർമാർ അറിയുന്നില്ല

പൊതുആവശ്യ ഗ്രാന്റായി 2010-11 ൽ നഗരസഭയ്ക്ക് 723000 രൂപ ലഭിച്ചിട്ടുണ്ട്. ഈ ഗ്രാന്റ് ഏതാവശ്യത്തിനും വിനിയോഗിക്കാമെങ്കിലും അത് കൗൺസിൽ തീരുമാനപ്രകാരമായിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (ജി.ഒ.(എം.എസ്.)330/04/തസ്വഭവ/ 9.12.04 ഖണ്ഡിക പ്രകാരം) എന്നാൽ ഈ നഗരസഭയിലെ പൊതുആവശ്യഗ്രാന്റ് വിനിയോഗിക്കുന്നത് കൗൺസിൽ തീരുമാനപ്രകാരമല്ല. ധനവിനിയോഗത്തിലെ

സുതാര്യത ഉറപ്പാക്കുന്നതിന് ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3.18) ബിൽ സമ്പ്രദായം പാലിക്കുന്നതിൽ ന്യൂനതകൾ

ധനകാര്യവകുപ്പിന്റെ 12.4.06 ലെ ജി.ഒ.(പി) 177/06 പ്രകാരം ആവിഷ്കരിച്ച ബിൽ സമ്പ്രദായം ഈ നഗരസഭയിൽ നടപ്പാക്കിയതിൽ വന്ന ചില ന്യൂനതകൾ താഴെ പറയുന്നു.

1) എല്ലാ മാസവും 5-ാം തീയതിയ്ക്കകം നിർവ്വഹണോദ്യോഗസ്ഥർ സെക്രട്ടറിയ്ക്ക് ധനവിനിയോഗ സർട്ടിഫിക്കറ്റ് നൽകുകയോ സെക്രട്ടറി ചോദിക്കുകയോ ചെയ്യുന്നില്ല.
2) വിനിയോഗ സർട്ടിഫിക്കറ്റിൽ വൗച്ചർ നമ്പരിട്ട് ക്യാഷ് ബുക്കിന്റെ ചെലവു ഭാഗത്ത് രേഖപ്പെടുത്തണമെന്ന നിർദ്ദേശം പാലിക്കാതെ അലോട്ട്മെന്റ് നൽകുമ്പോൾ തന്നെ ചെലവ് എഴുതുന്ന തെറ്റായ രീതി ഒഴിവാക്കേണ്ടതാണ്.
3) എല്ലാ മാസവും 10-ാം തീയതിക്കകം സെക്രട്ടറി തയ്യാറാക്കിയ പ്രതിമാസ ചെലവ് കണക്ക് മേലുദ്യോസ്ഥർക്ക് അയച്ച് കൊടുക്കുന്നില്ല.
4) എല്ലാ മാസവും 5-ാം തീയതിയ്ക്കകം മുൻമാസവരവു ചെലവുകളുടെ കമ്പ്യൂട്ടർ സ്റ്റേറ്റ്മെന്റ് ട്രഷറി ഓഫീസർ ഒപ്പിട്ട് സെക്രട്ടറിക്ക് നൽകുന്നില്ല.
5) എല്ലാ മാസവും പത്താം തീയതിയ്ക്കകം സെക്രട്ടറി മേൽ പറഞ്ഞ സ്റ്റേറ്റ്മെന്റിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ല.
6) പ്രോജക്ട് രജിസ്റ്റർ നിർവഹണോദ്യോഗസ്ഥരാരും തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ഓരോ പ്രോജക്ടിനു വേണ്ടിയും ചെലവഴിച്ച തുകയുടെ വിവരം കൃത്യമായി അറിയാൻ കഴിയുന്നില്ല.
7) എല്ലാ നിർവഹണോദ്യോഗസ്ഥരും ക്യാഷ് ബുക്ക് കൃത്യമായി തയ്യാറാക്കി സൂക്ഷിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. (ജി. ഒ.(പി) 119/08/ഫിൻ/ 07.03.08 പ്രകാരം പരിഷ്കരിച്ച റ്റി.ആർ. 7 എ ക്യാഷ് ബുക്കാണ് സൂക്ഷിക്കേണ്ടത്)
8) ഡിപ്പാർട്ട്മെന്റ് ഫണ്ടുകൾ ലഭിക്കുന്ന നിർവഹണോദ്യോഗസ്ഥർ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
9) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഓരോ നിർവഹണോദ്യോഗസ്ഥർക്കും നൽകിയതും ചെലവഴിച്ചതുമായ തുകയെ സംബന്ധിച്ച വിവരങ്ങൾ കാണിക്കുന്ന രജിസ്റ്റർ എന്നിവ കൃത്യമായി സെക്രട്ടറി എഴുതി സൂക്ഷിക്കുന്നില്ല.

Local Fund Audit Department

# ഭാഗം - 4 :

# ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

Local Fund Audit Department

## 4.1) വാർഷിക കണക്കുകളുടെ പരിശോധന

അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് നഗരസഭയുടെ 2010-11 സാമ്പത്തിക വർഷത്തെ കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. വാർഷികകണക്കുകളുടെ പരിശോധനാസാക്ഷ്യപത്രം ഈ ഓഫീസിലെ എൽ.എഫ്. കെ.പി.1/1289 (74)/2011 നമ്പർ ഓഡിറ്റ് സാക്ഷ്യപത്രം പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

വാർഷികകണക്കുകൾ സംബന്ധിച്ച വിശദപരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

**♣ ഡബിൾ എൻട്രി സമ്പ്രദായം പൂർണമായി പ്രായോഗികമാക്കിയിട്ടില്ല**

ഐ.കെ.എം. വികസിപ്പിച്ച അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലെ സാംഖ്യ ആപ്ലിക്കേഷൻ പൂർണമായി നഗരസഭയിൽ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. വരവിനങ്ങൾ പൂർണമായി ആപ്ലിക്കേഷനിലൂടെ കണക്കിലെടുക്കുന്നുണ്ട്. എങ്കിലും പഴയ സമ്പ്രദായത്തിലൂടെയാണ് ചെലവുകൾ നടത്തുന്നത്. ബില്ലുകൾ പാസ്സാക്കി കഴിയുന്നതോടെ ഈ വിവരം മാനുവലായി കംപ്യൂട്ടറിൽ രേഖപ്പെടുത്തുന്ന രീതിയാണ് നിലവിലും തുടരുന്നത്. അക്കൗണ്ടന്റ്, കാഷ്യർ എന്നിവരും ഡിമാന്റ് ജനറേറ്റിങ് സെക്ഷനും കംപ്യൂട്ടർ ഉപയോഗിക്കുന്നു. സൂപ്രണ്ട്, സെക്രട്ടറി മുതലായവർ കംപ്യൂട്ടർ ഉപയോഗിക്കുന്നില്ല. കണക്കുകൾ തയ്യാറാക്കുന്നതിന് ഒരു അക്കൗണ്ടന്റിനെ നിയമിച്ചിട്ടുണ്ട്. എങ്കിലും ഐ.കെ.എം. പ്രോജക്ട് പ്രകാരമുള്ള സാങ്കേതികവിദഗ്ധനാണ് കണക്കുകൾ ക്രോഡീകരിക്കുന്നതും റിപ്പോർട്ടുകൾ തയ്യാറാക്കുന്നതും. ആവശ്യമായ യന്ത്രങ്ങൾ സ്ഥാപിച്ച് സാംഖ്യ സോഫ്റ്റ്‌വെയർ പൂർണരീതിയിൽ പ്രാവർത്തികമാക്കേണ്ടതാണ്.

**♣ ഡിമാന്റ് തുകകൾ കൃത്യമായി നിർണയിച്ചിട്ടില്ല**

അക്രൂവൽ അടിസ്ഥാനത്തിലുള്ള തൊഴിൽനികുതി (ട്രേഡേഴ്സ്), വസ്തുനികുതി എന്നീ പ്രധാനപ്പെട്ട നികുതി വരുമാനങ്ങളുടെ യഥാർത്ഥ ഡിമാന്റ് നാളിതുവരെ കണക്കാക്കിയിട്ടില്ല. ഡിമാന്റ് തുകകൾ പല ഘട്ടങ്ങളിലും പുതുക്കുന്ന പ്രവണത കണ്ടുവരുന്നു. പലപ്പോഴും ഈയിനങ്ങളുടെ വരവ് ഡിമാന്റ് തുകയേക്കാളും അധികരിക്കുമ്പോഴാണ് ഡിമാന്റിൽ ഭേദഗതികൾ വരുത്തുന്നത്. ഈ പ്രവണത അഭിലഷണീയമല്ല. യഥാർത്ഥ ഡിമാന്റ് കണക്കാക്കി കണക്കുകൾ തയ്യാറാക്കേണ്ടതാണ്.

**♣ ആസ്തി / ബാധ്യത തിട്ടപ്പെടുത്തിയിട്ടില്ല**

ബാലൻസ് ഷീറ്റ് തയ്യാറാക്കുന്നതിലേക്കായി നഗരസഭയുടെ യഥാർത്ഥ ആസ്തി / ബാധ്യത കണക്കുകൾ നാളിതുവരെ തിട്ടപ്പെടുത്തിയിട്ടില്ല. ഈ കണക്കുകൾ തയ്യാറാക്കുന്നതിന് കരാർ വ്യവസ്ഥയിൽ ആളെ നിയമിച്ചിട്ടുണ്ടെങ്കിലും കണക്കുകൾ പൂർത്തീകരിച്ചിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം ആകെ ഫിക്സഡ് ആസ്തി 4.23 ലക്ഷം രൂപയാണ്. ഡെപ്പോസിറ്റ് തിരികെ നൽകാനുള്ളത് ബാലൻസ് ഷീറ്റ്

Local Fund Audit Department

പ്രകാരം 10.13 ലക്ഷം രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഈ തുക 4544296 രൂപയാണ്.

## 4.2) വായ്പ/വായ്പ തിരിച്ചടവ്

2010–11 ൽ നഗരസഭയ്ക്ക് വായ്പയിനത്തിൽ പത്തുലക്ഷം രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| | വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വർഷാവസാനം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | കെ.യു.ആർ.ഡി. എഫ്.സി. ശ്രീമൂലം മാർക്കറ്റ് ബിൽഡിങ് നിർമാണം | കെ.യു.ആർ.ഡി. എഫ്. സി./എം2/1595/05/1.4.05 നമ്പർ കത്ത് | 200000 | 81250 | അടുത്ത പേജിലെ പരാമർശം കാണുക | | 56250 |
| 2 | കെ.യു.ആർ.ഡി. എഫ്.സി. വൈക്കം മഹാദേവക്ഷേത്രത്തിനു സമീപം ഷോപ്പിങ് കോംപ്ലക്സ് കം റെസ്റ്റ് ഹൗസ് നിർമാണം (രണ്ടാം ഗഡു) | കെ.യു.ആർ.ഡി. എഫ്. സി./ബീ/06/20.7.06 നമ്പർ കത്ത് | 2500000 | 1053490 | ,, | | 740990 |
| 3 | പഴയ ബസ്സ്റ്റാൻഡിൽ ഷോപ്പിങ് കോംപ്ലക്സ് നിർമാണം (കെ.യു.ആർ.ഡി.എഫ്.സി.) | | 1500000 | 1446428 | ,, | | 1232140 |
| 4 | കച്ചേരിക്കവലയിൽ പിൽഗ്രിം സെന്റർ (കെ.യു.ആർ.ഡി.എഫ്.സി.) | | 2000000 | 1642855 | ,, | | 1357139 |
| 5 | ,, | | 1000000 | 1000000 | ,, | | 964285 |

Local Fund Audit Department

* 11.3.11 ലെ കെ.യു.ആർ.ഡി.എഫ്.സി/ഡിമാന്റ്/03/11 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള ബാലൻസാണിത്.

2010-11 ലെ വികസനഫണ്ടിൽനിന്ന് കെ.യു.ആർ.ഡി.എഫ്.സി. ലോൺ തിരിച്ചടവ് (പ്രോ.ജ.നമ്പർ 123/10-11) ഇനത്തിൽ 652449 രൂപയും പലിശയായി മുനിസിപ്പൽ ഫണ്ടിൽനിന്ന് രണ്ടുലക്ഷം രൂപയും അടച്ചിട്ടുണ്ട്. ഏതൊക്കെ ലോണുകളുടെ മുതലിലും പലിശയിലുമാണ് കുറവ് വരുത്തിയിരിക്കുന്നത് എന്നത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ്, കെ.യു.ആർ.ഡി.എഫ്.സി.യിൽനിന്ന് ലഭ്യമാക്കിയിട്ടില്ല. അടച്ചതുക, വിവിധ ലോണുകളുടെ മുതലിലും പലിശയിലും കുറവുചെയ്ത് ആയതിന്റെ അടിസ്ഥാനത്തിൽ നീക്കിബാക്കി, പലിശ എന്നിവ പുന:ക്രമീകരിച്ച് ഡിമാന്റ് നോട്ടീസ് കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.

## 4.3) സ്ഥിര നിക്ഷേപങ്ങൾ (ഇൻവെസ്റ്റുമെന്റുകൾ)

ഇല്ല

## 4.4) സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ

കേന്ദ്ര-സംസ്ഥാന സർക്കാറുകളിലേക്കും മറ്റ് വിവിധ സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനായി പിരിച്ചിട്ടുള്ളതും ഒടുക്കിയതും ഒടുക്കുവാൻ ബാക്കി നിൽക്കുന്നതുമായ തുകകളുടെ വിശദവിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | പിരിച്ച തുക (ബില്ലിൽ കുറവു ചെയ്ത തുക ഉൾപ്പെടെ) | ആകെ | തന്നാണ്ടിൽ ഒടുക്കിയ തുക | വർഷാവസാനം ഒടുക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ആദായനികുതി | നിർണ്ണയിച്ചിട്ടില്ല | 77961 | | 160239 | നിർണ്ണയിച്ചിട്ടില്ല |
| വിൽപ്പന/വാങ്ങൽ നികുതി | | 133566 | | 367688 | |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | | 43285 | | 104642 | |
| ലൈബ്രറി സെസ് | | 1929915 | | 151 | |

## 4.5) ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4.6) ഓഡിറ്റ് ചാർജ്

ജി.ഒ.(പി) 124/12/തസ്വഭവ/10.5.12 പ്രകാരം ഓഡിറ്റ് ചാർജ് അടയ്ക്കുന്നതിൽനിന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്.

Local Fund Audit Department

## 4.7) ഓഡിറ്റ് പ്രത്യവലോകനം

*<u>എ.സംക്ഷിപ്ത വിവരം</u>*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 102387184 |
| ഓഡിറ്റ വർഷത്തെ ആകെ ചെലവ് | : | 98336261.08 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 25900 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 66500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1429010 |

***ബി (1) മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം***

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.3.2 | - | 66500 | വി.ആർ.രത്നമയീദേവി, സെക്രട്ടറി |
| 2.5.1 | 10000 | | ശ്രീ. എൻ. സന്തോഷ്കുമാർ, സെക്രട്ടറി |
| 2.5.1 | 10000 | | വി.ആർ.രത്നമയീദേവി, സെക്രട്ടറി |
| 2.5.2 | 2950 | | ശ്രീ. എൻ. സന്തോഷ്കുമാർ, സെക്രട്ടറി |
| 2.5.2 | 2950 | | വി.ആർ.രത്നമയീദേവി, സെക്രട്ടറി |
| ആകെ | 25900 | 66500 | |
| | | | ഖണ്ഡിക ഇ.1.5 കൂടി കാണുക. |

***ബി (2) തടസ്സപ്പെടുത്തിയ തുകയുടെ വിവരങ്ങൾ***

| ഖണ്ഡിക നം. | തുക |
|---|---|
| 3.2.2 (എ) | 106875 |
| 3.2.2 (ബി) | 187500 |
| 3.2.3 | 100000 |
| 3.3.3 | 866300 |
| 3.3.6 | 88335 |
| 3.6.2 | 80000 |
| ആകെ | 1429010 |

***സി. കേന്ദ്ര സംസ്ഥാന സർക്കാരുകൾ/മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം***

ഇല്ല

***ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ***

ഇല്ല

***ഇ. റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ***

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എൻ. സന്തോഷ്കുമാർ, സെക്രട്ടറി | സെക്രട്ടറി, തൃക്കാക്കര മുനിസിപ്പാലിറ്റി | അടമ്പിൽ വീട്, സി.എം.സി. വാർഡ്-10, ചേർത്തല, ആലപ്പുഴ ജില്ല. പിൻ- 688524 |
| വി.ആർ.രത്നമയീദേവി, സെക്രട്ടറി | സെക്രട്ടറി, വൈക്കം നഗരസഭ | നെല്ലിപ്പള്ളിൽ നാരായണീയം, വഴിക്കുളങ്ങര, നോർത്ത് പറവൂർ, എറണാകുളം |

Local Fund Audit Department

**ഇ. 1) ധനവിനിയോഗത്തിലെ ഉത്തരവാദിത്തം : ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും**

1. ചെയർപേഴ്സണ് സർക്കാർ നിശ്ചയിക്കുന്ന പരിധിക്കുവിധേയമായി കണ്ടിജന്റ് ചെലവ് ചെയ്യാവുന്നതാണ്. (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 15 (3) സി പ്രകാരം)
2. പണം കൊടുക്കലും തിരികെ കൊടുക്കലും അധികൃതമാക്കുന്നത് ചെയർപേഴ്സണാണ്. (കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 10(1))
3. ധനവിനിയോഗത്തിന്റെ കാര്യത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, സെക്രട്ടറി, നിർവഹണോദ്യോഗസ്ഥർ, ഫണ്ട് സ്വീകരിക്കുകയും അനുവദിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർ/ ഏജൻസികൾ എന്നിവർക്ക് ഉത്തരവാദിത്തമുണ്ട്. (ജി.ഒ.(പി) 676/97/ഫിൻ/6.8.97 ഖണ്ഡിക 11, ജി.ഒ.(പി) 381/03/ഫിൻ/9.7.03 ഖണ്ഡിക 7, ജി.ഒ.(പി) 516/04/ഫിൻ/3.11.04 ഖണ്ഡിക 20, ജി.ഒ.(പി) 177/06/ ഫിൻ/12.4.06 ഖണ്ഡിക 25)
4. മുഖ്യകാര്യനിർവഹണോദ്യോഗസ്ഥ(ൻ) എന്ന നിലയിൽ സെക്രട്ടറിക്ക് ഉത്തരവാദിത്തമുണ്ട്. (വകുപ്പ് 48, 49, 50 പ്രകാരം)
5. ഓഫീസ് ഉത്തരവുകളുടെയും ഭരണസമിതി തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ ഏല്പിച്ച കൃത്യങ്ങളിൽ വീഴ്ചവരുത്തിയതുമൂലമുള്ള നഷ്ടം, പാഴ്ച്ചെലവ്, ദുർവിനിയോഗം എന്നിവയ്ക്ക് ഉത്തരവാദി ജോലി വിഭജനമനുസരിച്ചുള്ള ജീവനക്കാരായിരിക്കും. മേലുദ്യോഗസ്ഥർക്കും സെക്രട്ടറിക്കും മേൽനോട്ടപ്പിശകിനും ഉത്തരവാദിത്തമുണ്ട്. (1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 (4) പ്രകാരം )
6. ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റിക്ക് (കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 22 പ്രകാരം) ധനപരമായ കാര്യങ്ങളിൽ ഉത്തരവാദിത്തമുണ്ട്.
7. എൻജിനിയർമാർക്ക് (മരാമത്ത് ചെലവുകളിൽ) ഉത്തരവാദിത്തമുണ്ട്. (ജി.ഒ.(എം.എസ്.) 249/07/തസ്വഭവ/1.11.07 ഖണ്ഡിക 12.4, സർക്കുലർ നമ്പർ 19989/പി1/തസ്വഭവ/26.4.03 ഖണ്ഡിക 6, ജി.ഒ.(എം.എസ്.) 40/04/31.3.04 ഖണ്ഡിക 7.8.7 എന്നിവ കാണുക.)
8. ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന്റെ പ്രോജക്ട് പരിശോധന, പ്രോജക്ടുകളുടെ ഗുണമേന്മ ഉറപ്പുവരുത്താൻ പര്യാപ്തമായ രീതിയിൽ കരുതലോടെ ആയിരിക്കണം. ശരിയായ സൂക്ഷ്മപരിശോധന നടത്താതെ പ്രോജക്ടുകൾ ശുപാർശ ചെയ്യുന്ന ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് മെമ്പർമാർക്കെതിരെ ജില്ലാ കളക്ടർമാർ ഉചിതമായ നടപടിയെടുക്കേണ്ടതാണ്. (ജി.ഒ.(എം.എസ്.) 128/07/തസ്വഭവ/14.5.07 ഖണ്ഡിക 4.15.4 കാണുക.)

Local Fund Audit Department

## 4.8) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1979-80 | എൽ.എഫ്.കെ. (എം.എൽ) 1181/90/31.1.91 | 112 |
| 2 | സ്പെഷ്യൽ റിപ്പോർട്ട് | എൽ.എഫ്.കെ. (എം.എൽ)1183/90/31.1.91 | 40 |
| 3 | 1.4.78 - 31.12.80 | എൽ.എഫ്.കെ. (എം.എൽ)1181/90/27.9.90 | 33 |
| 4 | 1981-82 | എൽ.എഫ്.കെ. (എം.എൽ)1184/90/27.9.90 | 32 |
| 5 | 1982-83 | എൽ.എഫ്.കെ. (എം.എൽ)1135/90/27.9.90 | 26 |
| 6 | 1983-84 | എൽ.എഫ്.കെ. (എം.എൽ)1186/90/27.9.90 | 48 |
| 7 | 1984-85 | എൽ.എഫ്.കെ.(എം.എൽ)12344/എസ്.സി.എം.എൽ./93/8.6.93 | 4 |
| 8 | 1985-86 | എൽ.എഫ്.കെ. (എം.എൽ)1186/90/27.9.90 | 16 |
| 9 | 1986-87 | എൽ.എഫ്.കെ. (എം.എൽ)1103/91/21.3.92 | 21 |
| 10 | 1987-88 | എൽ.എഫ്.കെ. (എം.എൽ)882/93/12.7.94 | 19 |
| 11 | 1988-89 | എൽ.എഫ്.കെ. (എം.എൽ)856/92/12.7.93 | 21 |
| 12 | 1989-90 | എൽ.എഫ്.കെ. (എം.എൽ)273/94/19.12.94/6.5.95 | 31 |
| 13 | 1990-91 | എൽ.എഫ്.കെ. (എം.എൽ)529/95/19.11.95 | 29 |
| 14 | 1991-92 | എൽ.എഫ്.കെ. (എം.എൽ)620/97/15.3.98 | |
| 15 | 1996-97 | എൽ.എഫ്.കെ. (എം.എൽ)836/00/21.3.92 | 14 |
| 16 | 1997-98 | എൽ.എഫ്.കെ. (എം.എൽ)642/01/20.8.91 | 30 |
| 17 | 1998-99 | എൽ.എഫ്.കെ. (എം.എൽ)1286/01/2.11.02/1.1.03 | 62 |
| 18 | 1999-00, 00-01, 01-02 പ്ലാൻ | എൽ.എഫ്.കെ. (എം.എൽ)116/04/22.11.04 | 20 |
| 19 | 1999-00 പ്ലാൻ ഒഴികെ വരവ്-ചെലവ് | എൽ.എഫ്.കെ. (എം.എൽ)475/05/2.3.06/2.6.06 | |
| 20 | 2000-01 ഫുൾ | എൽ.എഫ്.കെ. (എം.എൽ)536/06/30.12.06/9.2.07 | |
| 21 | 2002-03 ചെലവ് | എൽ.എഫ്.കെ. (എം.എൽ)736/07/14.8.08/30.6.08 | 8 |
| 22 | 2003-04 ചെലവ് | എൽ.എഫ്.കെ. (എം.എൽ)737/07/14.8.08/9.7.08 | 13 |
| 23 | 2004-05 ചെലവ് | എൽ.എഫ്.കെ. (എം.എൽ)738/07/24.6.08/14.7.08 | 19 |
| 24 | 2005-06 ചെലവ് | എൽ.എഫ്.കെ. (എം.എൽ)738/07/30.7.08/6.9.08 | 24 |
| 25 | 06-07 | എൽ.എഫ്.കെ. (എം.എൽ)999/09/19.3.10/10.1.11 | |

Local Fund Audit Department

| | | | |
|---|---|---|---|
| 26 | 07-08 | എൽ.എഫ്.കെ. (എം.എൽ)1000/09/19.3.10/8.10.10 | |
| 27 | 02-03 (വരവ്) | എൽ.എഫ്.കെ.(എം.എൽ.) 995/09/30.12.09 | 8 |
| 28 | 03-04 (വരവ്) | എൽ.എഫ്.കെ.(എം.എൽ.) 996/09/30.12.09 | 6 |
| 29 | 04-05 (വരവ്) | എൽ.എഫ്.കെ.(എം.എൽ.) 997/09/1.1.10 | 6 |
| 30 | 05-06 (വരവ്) | എൽ.എഫ്.കെ.(എം.എൽ.) 998/09/3.12.09 | 6 |
| 31 | 08-09 | എൽ.എഫ്.കെ. (എം.എൽ)438/11/12.12.11 | 23 |
| 32 | 09-10 | എൽ.എഫ്.കെ. (എം.എൽ)439/11/12.12.11 | 21 |
| 33 | 10-11 | എൽ.എഫ്.കെ.(എം.എൽ.)493/12/16.6.12 | 24 |

Local Fund Audit Department

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ പ്രത്യേകഭരണസമിതി യോഗത്തിൽ ചർച്ച ചെയ്യണമെന്ന ചട്ടം പാലിക്കാതെ മറ്റ് അജണ്ടകളുടെ കൂടെ ചർച്ച ചെയ്യുന്നത് ചട്ടലംഘനമാണ്. 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം .... കാണുക.ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടികൾ കൈക്കൊള്ളാൻ പ്രത്യേക ഓഡിറ്റ് സെൽ രൂപീകരിക്കണമെന്ന സർക്കാർ നിർദേശം പാലിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**ലോക്കൽ ഫണ്ട് ഓഡിറ്റ്**
**കോട്ടയം ജില്ല.**

Local Fund Audit Department

# ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമത്തിന്റെ 295-ാം വകുപ്പ് എന്നിവ അനുസരിച്ചും, മുനിസിപ്പൽ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ വൈക്കം നഗരസഭയുടെ 2010-11 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിൽ വിശദീകരിച്ചിട്ടുളള അപാകതകൾ ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് നഗരസഭയുടെ 2010-11 ലെ വരവു ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമത്തിന്റെ 295-ാം വകുപ്പ് അനുസരിച്ചാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**ലോക്കൽ ഫണ്ട് ഓഡിറ്റ്**
**കോട്ടയം ജില്ല**

Local Fund Audit Department

# അനുബന്ധം - I
# വാർഡ്/സഭകളുടെ പ്രവർത്തനം
# (ഖണ്ഡിക 1.5 കാണുക)

തദ്ദേശസ്വയംഭരണ സ്ഥാപനം : **വൈക്കം നഗരസഭ** ആകെ വാർഡുകളുടെ എണ്ണം : **26** സാമ്പത്തിക വർഷം : **2010–11**

| ക്രമ. നം. | വാർഡ് നം./ വാർഡിന്റെ പേര് | വാർഡ് മെമ്പറുടെ പേരും സ്ഥിരം മേൽ വിലാസവും | വാർഡിലെ വോട്ടർമാരുടെ എണ്ണം | വാർഡ് സഭാ യോഗ തീയതി | യോഗത്തിൽ പങ്കെടുത്തവരുടെ എണ്ണം | കോറം (10%) തികഞ്ഞവ (✓) തികയാത്തവ (×) | അയോഗ്യത വരാവുന്നത് (✓) |
|---|---|---|---|---|---|---|---|
| 1 | I ഉദയനാപുരം വാർഡ് | ശ്രീ.ഷഡാനനൻ നായർ, ബാബുസദനം, ഉദയനാപുരം പി.ഒ., വൈക്കം | 774 | 10.07.10 | 147 | ✓ | ✓ |
| | | | | 13.01.11 | 105 | ✓ | ✓ |
| 2 | II കാരുവള്ളി | ശ്രീമതി സതിജയകുമാർ, വട്ടത്തറ, വടക്കേനട, വൈക്കം | 593 | 11.07.10 | 54 | × | ✓ |
| | | | | 13.01.11 | 101 | ✓ | ✓ |
| 3 | III പെരുഞ്ചില | ശ്രീ.ബി.ചന്ദ്രശേഖരൻ, തെക്കേവല്ലശേരിൽ, വടക്കേനട, വൈക്കം | 733 | 24.07.10 | 35 | × | – |
| | | | | 16.01.11 | 67 | × | – |
| 4 | IV ചാലപ്പറമ്പ് | ശ്രീമതി രാഗിണി മോഹൻ, കണ്ടത്തിപ്പറമ്പ്, വലിയകവല, വൈക്കം | 738 | 17.07.10 | 65 | × | – |
| | | | | 16.01.11 | 75 | ✓ | – |

Local Fund Audit Department

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | V ഇൻഡസ്ട്രിയൽ | ശ്രീമതി രേണുക രതീഷ്, വരിയപ്പള്ളിൽ, പുളിഞ്ചുവട്, വൈക്കം | 607 | 18.07.10 | 64 | ✓ | – |
| | | | | 09.01.11 | 64 | ✓ | – |
| 6 | VI ലിങ്ക് റോഡ് | ശ്രീമതി ഇന്ദിര ദേവി, ചെമ്പകപ്പറമ്പ്, വലിയകവല, വൈക്കം | 581 | 18.07.10 | 85 | ✓ | – |
| | | | | 14.01.11 | 92 | ✓ | – |
| 7 | VII ചീരംകുന്നുംപുറം | ശ്രീമതി അനിത ജി.നായർ, തേജസ്, കിഴക്കേനട, വൈക്കം | 687 | 15.07.10 | 43 | × | – |
| | | | | 13.01.11 | 76 | ✓ | – |
| 8 | VIII ചുളളിക്കത്തറ റോഡ് | ശ്രീ.എബ്രഹാം പഴയകടവൻ, മാടന്തറ, തെക്കേനട, വൈക്കം | 945 | 15.07.10 | 53 | × | ✓ |
| | | | | 15.01.11 | 142 | ✓ | – |
| 9 | IX പ്രായിക്കത്തറ | ശ്രീ.പി.റ്റി.സുഭാഷ്, പടിഞ്ഞാറെ പാലച്ചൂട്ടുമഠം, ആറാട്ടുകുളങ്ങര, വൈക്കം | 784 | 15.07.10 | 47 | × | – |
| | | | | 07.01.11 | 90 | × | – |
| 10 | X ആറാട്ടുകുളം | ശ്രീ. സമ്പത്ത്കുമാർ, തുണ്ടത്തിൽമഠം, തെക്കേനട | 772 | 9.8.10 | 46 | × | – |
| | | | | 16.1.11 | 65 | ✓ | – |
| 11 | XI പെരുമ്പള്ളിയാഴം | ശ്രീ.സുജിൻ എം, ശ്രീരാമവിലാസം, തെക്കേനട, വൈക്കം | 849 | 18.07.10 | 101 | ✓ | – |
| | | | | 09.01.11 | 147 | ✓ | |
| 12 | XII പുഴവായിക്കുളങ്ങര | ശ്രീ.ജോയി ചെത്തിയിൽ, ചെത്തിയിൽ വീട്, അയ്യർകുളങ്ങര, തെക്കേനട, വൈക്കം | 769 | 15.01.11 | 120 | ✓ | ✓ |

Local Fund Audit Department

| | | | | | | | |
|---|---|---|---|---|---|---|---|
| 13 | XIII<br>കോൺവെന്റ് റോഡ് | ശ്രീ.സി.പി.ലെനിൻ, ചെത്തിമറ്റം, തെക്കേനട, വൈക്കം | 805 | 16.01.11 | 92 | ✓ | ✓ |
| 14 | XIV<br>തുരുത്തിക്കര | ശ്രീ.അബ്ദുൾസലാം റാവുത്തർ,<br>കോട്ടിപ്പറമ്പിൽ, വൈക്കം | 800 | 19.07.10 | 39 | × | – |
| | | | | 14.01.11 | 166 | ✓ | – |
| 15 | XV<br>കായിപ്പുറം | ശ്രീ.ജയ്ജോൺ പേരയിൽ, പേരയിൽ, വൈക്കം | 827 | 19.07.10 | 44 | × | – |
| | | | | 06.01.11 | 81 | × | – |
| 16 | XVI<br>മുൻസിപ്പൽ ഓഫീസ് | ശ്രീമതി സുമ ശിവൻ, ഫിഷർമെൻ കോളനി, വൈക്കം | 648 | 27.07.10 | 53 | × | – |
| | | | | 06.01.11 | 63 | × | – |
| 17 | XVII<br>മൂകാംബികച്ചിറ | ശ്രീമതി ശ്രീലത ബാലചന്ദ്രൻ, പവിത്രം, തെക്കേനട, വൈക്കം | 646 | 20.04.10 | 44 | × | – |
| | | | | 11.01.11 | 82 | | ✓ |
| 18 | XVIII<br>ജവഹർ | ശ്രീമതി ലേഖ മനോജ്, കല്ലുപറമ്പിൽ, തെക്കേനട, വൈക്കം | 717 | 13.07.10 | 43 | × | – |
| | | | | 11.01.11 | 113 | ✓ | – |
| 19 | XIX<br>വി.കെ.വേലപ്പൻ | ശ്രീമതി ലേഖ ശ്രീകുമാർ, കോനാട്ട്, വടക്കേനട, വൈക്കം | 674 | 18.07.10 | 52 | × | – |
| | | | | 06.01.11 | 81 | ✓ | – |
| 20 | XX<br>മഹാദേവ ക്ഷേത്രം | ശ്രീമതി സന്ധ്യ രഞ്ജിത്ത്, കേശവ നിവാസ്, കാലാക്കൽ, വൈക്കം | 577 | 22.07.10 | 59 | ✓ | – |
| | | | | 15.01.11 | 42 | × | – |

Local Fund Audit Department

| | | | | | | | |
|---|---|---|---|---|---|---|---|
| 21 | XXI<br>എൽ.എഫ്. ചർച്ച് | ശ്രീമതി രജനി സതീശൻ, ഉത്രം വടക്കേടത്ത്, കോവിലകത്തുംകടവ്, വൈക്കം | 741 | 22.07.10 | 70 | × | – |
| | | | | 15.01.11 | 64 | × | – |
| 22 | XXII<br>ഇ.വി.ആർ. റോഡ് | ശ്രീ.സണ്ണി എബ്രഹാം, തോട്ടിച്ചിറയിൽ, പ്രിയദർശിനി, വൈക്കം | 777 | 06.01.11 | 71 | × | ✓ |
| 23 | XXIII<br>കാരയിൽ | ശ്രീമതി സുശീല എം.നായർ, ലക്ഷ്മി നിവാസ്, വൈക്കം | 524 | 11.07.10 | 71 | ✓ | – |
| | | | | 16.01.11 | 100 | ✓ | ✓ |
| 24 | XXIV<br>കോവിലകത്തുംകടവ് | ശ്രീ.പി.എൻ.കിഷോർ കുമാർ, കൊച്ചുവാടാക്കുഴിയിൽ, പോളശേരി, വൈക്കം | 875 | 09.01.11 | 120 | ✓ | ✓ |
| 25 | XXV<br>പോളശേരി | ശ്രീമതി ഭവാനി കാർത്തികേയൻ, മായിത്തറ, പോളശേരി, വൈക്കം | 700 | 14.01.11 | 112 | ✓ | ✓ |
| 26 | XXVI<br>ശ്രീനാരായണപുരം | ശ്രീ.ജി.ശ്രീകുമാരൻ നായർ, ലക്ഷ്മിനിവാസം, പടിഞ്ഞാറെ മുറി, വൈക്കം | 754 | 16.01.11 | 81 | ✓ | ✓ |

Local Fund Audit Department

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

<u>അനുബന്ധം -II</u>

**കന്നുകുട്ടി പരിപാലനം--ഗുണഭോക്താക്കൾ**

(ഖണ്ഡിക 3.2.2(ബി) കാണുക)

| Sl.No. | Name of Beneficiary | Tag No | Breed | Colour | Age |
|---|---|---|---|---|---|
| 1 | Mukundan, Mayapallichira | 86800 | CBBS | Tan | 6 m |
| 2 | Thulasi, Palinthara | 86297 | CBHF | Tan & White | 6 m |
| 3 | Vijayamma, Edandasheri | 86795 | CBJ | Brown | 6 m |
| 4 | Marykutty, Madayil | 86796 | CBBS | Brownish Black | 6 m |
| 5 | Thomas, Ayyarapallil | 79152 | CBHF | Tan & White | 6 m |
| 6 | Jayageetha, Ezhumallil | 86794 | CBJ | Brownish Black | 6 m |
| 7 | Latha Kattumana | 86793 | CBJ | Brown | 6 m |
| 8 | Javantheeshwaran, Kadungasheri | 86798 | CBHF | Tan & White | 6 m |
| 9 | Leela, Chettizath | 86791 | CBJ | Brownish Black | 6 m |
| 10 | Ponnamma, Chettizath | 86787 | CBHF | Tan & White | 6 m |
| 11 | Ramachandran, Palanthanath | 86785 | CBHF | Tan & White | 6 m |
| 12 | Rajashekharan, Chayilath | 86781 | CBBS | Tan | 6 m |
| 13 | Valsala Shanthibhavan | 86788 | CBHF | Tan & White | 6 m |
| 14 | Karthiyayini, Athapallil | 86784 | CBBS | Brown | 6 m |
| 15 | Venugopal, Kizhakechatankeri | 86786 | CBHF | Tan & White | 6 m |
| 16 | Babu, Orpadam | 86782 | CBI | Grey | 6 m |
| 17 | Sarasamma, Vallallil | 86799 | CBHF | Black & White | 6 m |
| 18 | Varghese, Valallil | 86783 | CBI | Brown | 6 m |
| 19 | Girishan, Mookamthara | 86790 | CBHF | Tan & White | 6 m |
| 20 | Prasanna, Puerumballithara | 86779 | CBJ | Red | 6 m |
| 21 | Geetha, Anjunivas | 86780 | CBHF | Tan & White | 6 m |
| 22 | Gayathri, Vaikathparamb | 86776 | CBHF | Tan & White | 6 m |
| 23 | Kunjamma, Thottuchira | 86777 | CBI | Red | 6 m |
| 24 | Ratheeshan, Variyappalli | 86773 | CBBS | Brown | 6 m |
| 25 | Radhamani, Reshmi Rekha | 86762 | CBBS | Brown | 6 m |
| 26 | Sheeba, Muttathvelichira | 86763 | CBHF | Tan & White | 6 m |
| 27 | Omana, Mutathmanakyaparamb | 86774 | CBHF | Black & White | 6 m |
| 28 | Lekshmikutty, Akshara | 86775 | CBJ | Red | 6 m |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| 29 | Sebastian, Puthantharayil | 86767 | CBJ | Brownish Black | 6 m |
| 30 | Vijayan, Embrammadom | 86761 | CBBS | Brown | 6 m |
| 31 | Sarojini, Kalathiparamb | 86772 | CBHF | Tan & White | 6 m |
| 32 | Babu, Kollezham | 86766 | CBHF | Tan & White | 6 m |
| 33 | Rajimol, Nambithanam | 86770 | CBJ | Red | 6 m |
| 34 | Harisudan, Thottuchira | 86750 | CBJ | Brownish Black | 6 m |
| 35 | Ramankutty, Uppammakitara | 86749 | CBJ | Brown | 6 m |
| 36 | Vijayamma, Aloorveedu | 86742 | CBHF | Tan & White | 6 m |
| 37 | AbdulRehman, Padikyaparambil | 86747 | CBBS | Brownish Black | 6 m |
| 38 | Ahmedkabir, Padikyaparamb | 86745 | CBBS | Brownish Black | 6 m |
| 39 | Purushan, Nedumchira | 86741 | CBBS | Brownish Black | 6 m |
| 40 | Xavier, Ithithara | 86748 | CBBS | Brownish Black | 6 m |
| 41 | Radhamani, Kalapurakyal | 86369 | CBBS | Brownish Black | 6 m |
| 42 | Balakrishnan, Mookambichira | 86361 | CBJ | Brown | 6 m |
| 43 | Joseph, Palathinkal | 86363 | CBJ | Red | 6 m |
| 44 | Rema, Chittezath | 79010 | CBHF | Tan & White | 6 m |
| 45 | Babu, Vendisherichira | 79006 | CBHF | Tan & White | 6 m |
| 46 | Raghuvan, Chembilparamb | 79001 | CBJ | Brownish Black | 6 m |
| 47 | Karambi, Pananthara | 79002 | CBJ | Brown | 6 m |
| 48 | Soman, Thekkevattaparambu | 78298 | CBHF | Tan & White | 6 m |
| 49 | Usha, Mundathara | 78296 | CBBS | Brown | 6 m |
| 50 | Daisy , Kondanattuthara | 78291 | CBBS | Brown | 6 m |

Local Fund Audit Department

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

# അനുബന്ധം - III

## അങ്കണവാടികളിലെ സൗകര്യങ്ങൾ

## (ഖണ്ഡിക 3.3.10 കാണുക)

| ക്രമ. നം. | അങ്കണവാടി യുടെ പേര് | നമ്പർ | വാർഡ് | സ്വന്ത മായി കെട്ടിടം/ സ്ഥലം | കുടി വെ ള്ളം | ബേബി ഫ്രണ്ട്ലി | ചുറ്റു മ തിൽ | കളി ക്കോപ്പ് | ഗ്യാസ് | പാച ക പ്പാത്രം | സംഭര ണ പ്പാത്രം | പോഷ കാഹാ രച്ചെ ലവ് | കൗമാര പ്രായ ക്കാ രുടെ ചെലവ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | ഉദയനാപുരം | 1 | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 13,00,000 | 2.5 ലക്ഷം |
| 2 | നന്ത്യാട് | 2 | 3 | ഉണ്ട് | ” | ഉണ്ട് | ഉണ്ട് | ” | ” | ” | ” | | |
| 3 | കാരയിൽ | 263 | 26 | ഇല്ല | ” | ഉണ്ട് | ഉണ്ട് | ” | ” | ” | ” | | |
| 4 | കായിക്കര | 264 | 25 | ഇല്ല | ” | ഉണ്ട് | ഉണ്ട് | ” | ” | ” | ” | | |
| 5 | പോളശേരി | 5 | 24 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ” | ” | ” | ” | | |
| 6 | മടിയത്തറ | 6 | 21 | ഇല്ല | ഇല്ല | ” | ” | ” | ” | ” | ” | | |
| 7 | കണ്ണംകേരിൽ | 7 | 22 | ഇല്ല | ” | ” | ” | ” | ” | ” | ” | | |
| 8 | പുത്തൻതറ | 8 | 16 | ഉണ്ട് | ” | ” | ” | ” | ” | ” | ” | | |
| 9 | ചെറുവള്ളി | 9 | | ഇല്ല | ” | ” | ” | ” | ” | ” | ” | | |
| 10 | ഇരുമുട്ടിത്തറ | 10 | 16 | ഉണ്ട് | ” | ” | ” | ” | ” | ” | ” | | |
| 11 | പട്ടശേരി | 11 | 13 | ഉണ്ട് | ” | ഉണ്ട് | ” | ” | ” | ” | ” | | |
| 12 | ചേരുംചുവട് | 12 | | ഇല്ല | ” | ഇല്ല | ” | ” | ” | ” | ” | | |
| 13 | ഉണ്ടംതുരുത്തിൽ | 13 | 14 | ഇല്ല | ” | ” | ” | ” | ” | ” | ” | | |
| 14 | തെക്കേനട | 14 | 18 | ഇല്ല | ” | ” | ” | ” | ” | ” | ” | | |
| 15 | ചെമ്പകപ്പറമ്പ് | 15 | 19 | ഇല്ല | ” | ” | ” | ” | ” | ” | ” | | |
| 16 | ചാലപ്പറമ്പ് | 16 | 7 | ഉണ്ട് | ” | ഉണ്ട് | ഉണ്ട് | ” | ” | ” | ” | | |
| 17 | ചാലപ്പറമ്പ് | 17 | 7 | ഉണ്ട് | ” | ഇല്ല | ” | ” | ” | ” | ” | | |
| 18 | കരിപ്പുറം | 18 | 8 | ഉണ്ട് | ” | ” | ” | ” | ” | ” | ” | | |
| 19 | ചീരംകുന്നുപുറം | 19 | 10 | ഇല്ല | ” | ” | ” | ” | ” | ” | ” | | |
| 20 | അയ്യർകുളങ്ങര | 20 | 11 | ” | ” | ” | ” | ” | ” | ” | ” | | |

Local Fund Audit Department

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 21 | അയ്യർകുളങ്ങര | 21 | 11 | ” | ” | ” | ” | ” | ” | ” | ” | | |
| 22 | മുരിയൻകുളങ്ങര | 125 | 6 | ” | ” | ” | ” | ” | ” | ” | ” | | |
| 23 | ആറാട്ടുകുളങ്ങര | 126 | 9 | ” | ” | ” | ” | ” | ” | ” | ” | | |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

Local Fund Audit Department

എൽ.എഫ്.എ/22.6.12